ജനകീയാസൂത്രണം - വികസന റിപ്പോർട്ട്

OFFICE OF THE VANDANMEDU GRAMA PANCHAYAT
685551

വണ്ടൻമേട് ഗ്രാമപഞ്ചായത്ത്

ખાલી નકશામાં જિલ્લાઓ દર્શાવો.

"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ
കണ്ടെത്തിയ മഹാത്മാവ്"

ഭരണസമിതി അംഗങ്ങൾ



കെ.സി. മാത്യു
പ്രസിഡൻറ്



കുട്ടിയച്ചൻ കുറുവന്താനം
(വൈ. പ്രസിഡന്റ്)



രാജാ മാട്ടുക്കാരൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ

ബിന്ദു അപ്പുക്കുട്ടൻപിള്ള



കൊച്ചറ മോഹനൻനായർ



മാല രാമദാസ്

സമ്പത്തുകുമാരി ഗോപാൽ



വി. കൃഷ്ണമൂർത്തി

ത്രേസ്യാമ്മ ജോസഫ്

പി. സേതുനാഥ്





അഡ്വ. ജയിംസ് ജേക്കബ്



T.D. രവീന്ദ്രനാഥൻ
(സെക്രട്ടറി)

ജനകീയാസൂത്രണം - വികസന നിലപാടുകൾ



വണ്ടൻമേട് ഗ്രാമപഞ്ചായത്ത്

താളുകൾ മറിക്കുമ്പോൾ

1. ആമുഖം.....5

2. പഞ്ചായത്ത് - പൊതുവിവരണം.....6

3. സാമൂഹ്യസാംസ്കാരിക ചരിത്രം.....7

4. ഭൂപ്രകൃതി.....10

5. വികസന മേഖലകൾ.....

1. കൃഷിയും ജലസേചനവും.....12

2. മൃഗസംരക്ഷണവും.....20

3. വ്യവസായം.....25

4. വിദ്യാഭ്യാസം.....27

5. കുടിവെള്ളം - പൊതുജനാരോഗ്യം.....31

6. ഗതാഗതം.....34

7. പാർപ്പിടവും സാമൂഹ്യക്ഷേമവും.....40

8. സംസ്കാരം.....43

9. വനിതാക്ഷേമം.....44

10. സഹകരണം.....45

11. പട്ടികജാതി / പട്ടികവർഗ്ഗക്ഷേമം.....47

12. വിഭവ സമാഹരണം.....49

6. ഉപസംഹാരം.....53

അനുബന്ധം.....54

കവർ ഡിസൈൻ

എം. പുഷ്പാംഗദൻ

63-3

1 ആമുഖം

നീണ്ടകാലത്തെ കൊളോണിയൽ ഭരണവാഴ്ചയ്ക്കു ശേഷം നമ്മുടെ രാജ്യം 1947 ഓഗസ്റ്റ് മാസം 14-ാം തീയതിയുടേയും 15-ാം തീയതിയുടെയും സന്ധിവേളയിൽ സ്വതന്ത്രയായി. നാൽപത്തിയൊൻപതു വർഷങ്ങൾ കടന്നുപോയി കൊളോണിയൽ ഭരണം കാഴ്ചവച്ച കേന്ദ്രീകൃത ഭരണ ശൈലിയുടെ പിടിമുറുക്കം ഭാരതത്തിലെമ്പാടും സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും നിഴലിച്ചുനിന്നു. രാഷ്ട്രപിതാവിന്റെ സ്വപ്നമായിരുന്ന ഗ്രാമ സ്വരാജ് സ്ഥാപിക്കുന്നതിനാവശ്യമായ ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുവാൻ ഭരണഘടനയിൽ ഉണ്ടായിരുന്ന നിർദ്ദേശക തത്ത്വം പോലും നാൽപത്തിയേഴാം വർഷം മാത്രമാണ് നടപ്പാക്കാനായത്. ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനാധിപത്യ സർക്കാർ എന്ന ജനാധിപത്യ സ്വപ്നം പൂർണ്ണമായ അർത്ഥത്തിൽ സാക്ഷാത്ക്കരിക്കാൻ [illegible] വരെയും സാധിച്ചിട്ടില്ല.

അധികാരവും അസൂത്രണ[illegible] മുകളിൽനിന്ന് താഴോട്ട് ഒഴുകി. അതോടൊപ്പം കുത്തിയൊലിച്ചത് ജനകീയാവശ്യങ്ങളായിരുന്നു. അതുവഴി തീരുമാനമെടുക്കാനും, നടപ്പാക്കുന്നതിൽ പങ്കുവഹിക്കാനും സാധാരണക്കാരന് അവസരം നിഷേധിക്കപ്പെട്ടു. അടിത്തട്ടിൽ നിന്നും മേൽത്തട്ടിലേയ്ക്ക് ദിശമാറ്റം നൽകപ്പെട്ട ആസൂത്രണ തന്ത്രമാണ് ഇപ്പോൾ കേരളം ഉറ്റു നോക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനം. ആസൂത്രണത്തിലും വികസന പ്രവർത്തനങ്ങളിലും ജാതി മതാദി ഭിന്നതകൾക്കതീതമായി ജന പങ്കാളിത്തം ഉറപ്പുവരുത്താൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്നത് ഉറപ്പാണ്. ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത് കേരള വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. അധികാരത്തോടൊപ്പം നാൽപതു ശതമാനം പദ്ധതി വിഹിതവും പഞ്ചായത്തുകൾക്ക് നൽകുമെന്നതിനാൽ ജന താൽപര്യം സംരക്ഷിക്കാനാവും എന്ന സ്ഥിതി വിശേഷം വളർന്നു വരുന്നുണ്ട്. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം [40%] കേരള സർക്കാരിന്റെ 60%ത്തിൽപ്പെട്ട ചില കേന്ദ്ര സർക്കാർ ഫണ്ട്, സ്കീമുകൾ ബാഹ്യ വികസന ഏജൻസികളിൽ നിന്ന് സന്നദ്ധ സംഘടനകൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതി വരുമാനം, എല്ലാത്തിനും പുറമേ ജനകീയ സംഭാവനകൾ, [പണം, വിഭവങ്ങൾ, അദ്ധ്വാനം] തുടങ്ങി വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്ത്രോതസ്സുകൾ പലതാണ്. കേരളവും ഗ്രാമ പഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് തൃപ്തികരമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണ തന്ത്രത്തിന് കഴിയും. ബഹുജന പങ്കാളിത്തം ഫലപ്രദമാകുമ്പോൾ സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടേയും ഏറ്റെടുക്കാൻ പോകുന്ന പ്രവർത്തനങ്ങളുടേയും നടത്തിപ്പ് കാര്യക്ഷമവും, ശീഘ്രവും, തൃപ്തികരവും ആയി നടപ്പാക്കാൻ കഴിയുമെന്നു മാത്രമല്ല അഴിമതികളുടെ എല്ലാ കൈവഴികളും നിയന്ത്രിക്കാൻ കഴിയുകയും ചെയ്യും.

കേരള സർക്കാർ ജനകീയ ആസൂത്രണ പദ്ധതി പ്രഖ്യാപിച്ച നാൾ മുതൽ വണ്ടൻമേട് ഗ്രാമ പഞ്ചായത്തിൽ പ്രഖ്യാപനം ഏറ്റെടുത്തുകൊണ്ട് പ്രവർത്തനം ആരംഭിച്ചു. ഒന്നാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി, കൂടിയ ഗ്രാമ സഭകൾ ജനപങ്കാളിത്തത്തോടെ വിജയകരമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

പഞ്ചായത്തു തലത്തിൽ ഏതു വികസന പ്രവർത്തനവും ഏറ്റെടുക്കുവാൻ കഴിവുള്ള ഒരു വാളണ്ടിയർ സേന രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിലൂടെ ജനകീയാസൂത്രണ പ്രസ്ഥാനം ഏറെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും എന്നു തന്നെയാണ് പ്രതീക്ഷ. വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ ബഹുജന രാഷ്ട്രീയ ബോധത്തിന്റേയും സന്നദ്ധ സേവന തൃഷ്ണയുടേയും അടിത്തറയിൽ മുൻകാല സേവകരുടെ ഉത്തമ പാരമ്പര്യ സംഭാവനകളിൽ നിന്ന് ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ട് ജനകീയാസൂത്രണവും നിർവഹണവും യാഥാർഥ്യമാക്കാൻ ചരിത്രത്തിന്റെ ദശാസന്ധി നമ്മെ വെല്ലുവിളിക്കുകയാണ്. ഈ വെല്ലുവിളി നേരിടാനുള്ള അവസരം കൈവന്നതിലുള്ള ആഹ്ളാദത്തോടെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ വികസന രേഖ നാളയുടെ ചരിത്ര യാഥാർഥ്യമാക്കാനുള്ള മഹായത്നത്തിൽ നമുക്കേവർക്കും പങ്കുചേരാമെന്ന് ദൃഢനിശ്ചയത്തോടെ പ്രതിജ്ഞയെടുക്കാം.

2 ഗ്രാമ പഞ്ചായത്ത് പൊതുവിവരം

പഞ്ചായത്തിന്റെ പേര്	:	വണ്ടൻമേട് ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	അണക്കര, വണ്ടൻമേട്, ആനവിലാസം, ചക്കുപള്ളം.
ബ്ളോക്ക് പഞ്ചായത്ത്	:	കട്ടപ്പന
ജില്ലാ പഞ്ചായത്ത്	:	ഇടുക്കി
താലൂക്ക്	:	ഉടുമ്പൻചോല
അസംബ്ളി മണ്ഡലം	:	ഉടുമ്പൻചോല
വിസ്തീർണ്ണം	:	91.85 ചതുരശ്ര കിലോമീറ്റർ
അതിരുകൾ	:	വടക്ക്- കരുണാപുരം ഗ്രാമപഞ്ചായത്ത്. കിഴക്ക്- തമിഴ്നാട് സംസ്ഥാന അതിർത്തി, തെക്ക്- ചക്കു പള്ളം ഗ്രാമപഞ്ചായത്ത്, പടിഞ്ഞാറ്- കട്ടപ്പന അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തുകൾ.
ജനസംഖ്യ	:	26,629
പുരുഷൻമാർ	:	13,424
സ്ത്രീകൾ	:	13,205
ജനസാന്ദ്രത	:	290
അക്ഷരാഭ്യാസമുള്ളവർ	:	21921
പുരുഷൻമാർ	:	11696
സ്ത്രീകൾ	:	10215
വാർഡുകൾ	:	പതിനൊന്ന്
പ്രസിഡൻറ്	:	ശ്രീ. K.C. മാത്യു
വൈസ് പ്രസിഡൻറ്	:	ശ്രീ കുട്ടിയച്ചൻ കുറവന്താനം
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	:	ശ്രീ. രാജാമാട്ടുക്കാരൻ

3 സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

പച്ചപ്പട്ടു വിരിച്ച സഹ്യസാനുക്കളുടെ നിറുകയിൽ നാണ്യവിളകളുടേയും, സുഗന്ധവിളകളുടേയും റാണിയായി വിരാചിക്കുന്ന വണ്ടൻമേട് ഗ്രാമ പഞ്ചായത്തിന്റെ ആദ്യകാല ചരിത്ര പശ്ചാത്തലത്തെക്കുറിച്ച് നാനാവിധമായ ഐതിഹ്യങ്ങൾ നിലവിലുണ്ട്. എങ്കിൽപോലും അവയ്ക്കൊന്നും രാഷ്ട്രീയമായ അടിത്തറ ഇല്ലാത്തതിനാൽ യഥാർത്ഥ ചരിത്രം ഇന്നും അജ്ഞാതമാണ്. നൂറ്റാണ്ടുകൾക്കു മുമ്പ് ആദിവാസികളായ കാട്ടു ജാതിക്കാർ ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ജീവിച്ചു വന്നിരുന്നു എന്ന് ഇന്ന് നിലവിലുള്ള ആദിവാസി കുടിലുകളിലെ പിൻമുറക്കാർ വിശ്വസിച്ചു പോരുന്നു. അന്യാർ തൊളുവിൽ ഇപ്പോൾ നിലവിലുള്ള ആദിവാസിക്കുടിയിൽ [പാച്ചുപിള്ള കുടി] ഇന്നും, ഏലം വർഷവും മെയ്മാസത്തിലെ പൗർണ്ണമി ദിവസം രാത്രിയിൽ തങ്ങളുടെ ദേവനായ കാട്ടുദേവനെ പ്രീതിപ്പെടുത്തുന്നതിന് ആടിനെ ബലിയർപ്പിക്കുന്നതായും പരമ്പരാഗത ആചാരമായ കൂത്ത് നടത്തിവരുന്നതായും കാണാൻ സാധിക്കും. ഏതാണ്ട് നൂറ്റി അൻപതോളം വർഷങ്ങൾക്കു മുമ്പ് തമിഴ്നാട്ടിൽനിന്നും ആളുകൾ കുടിയേറി എല്ലാ വ്യപകമായി കൃഷി ചെയ്തു വന്നിരുന്നുവെങ്കിലും അവർ ഈ പ്രദേശത്തെ സ്ഥിര താമസക്കാരായിരുന്നില്ല. ഏതാണ്ട് ഈ കാലഘട്ടത്തിൽതന്നെ ഈ പഞ്ചയത്തിന്റെ ഭാഗമായിരുന്ന പാമ്പാടും പാറയിൽ വിദേശീയർ വന്നിരുന്നു എന്നതിനും വനാന്തരങ്ങളിൽ ഉണ്ടായിരുന്ന 'കാട്ടേലത്തെ' അവർ ശാസ്ത്രീയമായി കൃഷി ചെയ്യാൻ ആരംഭിച്ചിരുന്നു എന്നതിനും തെളിവുകൾ ഏറെയാണ്. എന്നാൽ 1948 മുതൽ GMF പദ്ധതിയനുസരിച്ച് മദ്ധ്യ തിരുവിതാകൂറിൽനിന്ന് ആൾക്കാർ ഈ പ്രദേശത്ത് ധാരാളമായി കുടിയേറി തുടങ്ങി. അവർ കോരിച്ചൊരിയുന്ന മഴയേയും, മരം കോച്ചുന്ന തണുപ്പിനേയും അവഗണിച്ച്, കാടുകൾ വെട്ടിത്തെളിച്ച് കഠിനാദ്ധ്വാനം ചെയ്ത് ഇവിടെ സ്ഥിരതാമസമാക്കി എന്നതിനും, അവരുടെ പിൻമുറക്കാരാണ് ഇപ്പോഴത്തെ തദ്ദേശവാസികൾ എന്നതിനും ശാസ്ത്രീയമായ തെളിവുകൾ ലഭ്യമാണ്.

പ്രതികൂല കാലാവസ്ഥയേയും മഹാരോഗങ്ങളേയും, കാട്ടുമൃഗങ്ങളെയും തൃണവൽഗണിച്ച് ഈ ഹൈറേഞ്ചിൽ കനകം വിളയിച്ച കർഷകരിൽ ഭൂരിപക്ഷത്തിനും, തങ്ങളുടെ രക്തം വിയർപ്പു തുള്ളികളായി ഒഴുകി വീണ മണ്ണ് ഇനിയും തങ്ങളുടെ സ്വന്തമല്ല എന്ന അന്യഥാ ബോധം കൊണ്ടുള്ള നൈരാശ്യം നിലനിൽക്കുന്നു എന്നുള്ള യാഥാർഥ്യം പ്രത്യേകം സ്മരണീയമാണ്. വണ്ടൻമേട് പഞ്ചായത്ത് നിലവിൽ വരുന്നതിനു മുൻപുതന്നെ പോലീസ് ഔട്ട്പോസ്റ്റ്, ഫോറസ്റ്റ് ഓഫീസ്, വില്ലേജ് ഓഫീസ്,ഇ.സി. പോസ്റ്റോഫീസ് എന്നീ സ്ഥാപനങ്ങൾ ഇവിടെ നിലവിലുണ്ടായിരുന്നു. ആദ്യമായി ഹൈറേഞ്ചിലെ മലമടക്കുകൾ താണ്ടി ഇവിടെയെത്തിയ ബസ്സിന്റെ പേര് 'ദേശബന്ധു' എന്നായിരുന്നു.

1951-ൽ വണ്ടൻമേട് പഞ്ചായത്ത് നോട്ടിഫിക്കേഷൻ വന്നുവെങ്കിലും പഞ്ചായത്ത് രൂപീകൃതമായത് 1953 ആഗസ്റ്റ് മാസം 15-ാം തീയതിയാണ്. അന്ന് പഞ്ചായത്തിന്റെ വിസ്തീർണ്ണം 119 sq. മൈലും ജനസംഖ്യ 14,000-വും ആയിരുന്നു. ശ്രീ. വി. ഡി. ജോസഫ് വെമ്പൂരാട്ട് അവർകൾ വക കെട്ടിടത്തിൽ P.W.D. വാടക രസീത് പ്രകാരം 13 രൂപ 50 പൈസ വാടക കൊടുത്തായിരുന്നു. അന്നത്തെ ഓഫീസ് പ്രവർത്തിച്ചിരുന്നത്. സർക്കാർ നാമനിർദ്ദേശം ചെയ്ത എട്ട് അംഗ ഭരണ സമിതി ആണ് ഈ പഞ്ചായത്ത് ഭരണം ആരംഭിച്ചത്. ആദ്യ പ്രസിഡൻറായ ശ്രീ. ആർ. വി. രങ്കസ്വാമി വ്യക്തിപരമായ കാരണങ്ങളാൽ രാജി വയ്ക്കുകയും വൈസ് പ്രസിഡൻറായിരുന്ന ശ്രീ. കൃഷ്ണഅയ്യർ ആക്ടിംഗ് പ്രസിഡൻറായി തുടരുകയും ചെയ്തു. പ്രസിഡൻറിന്റെ ആവശ്യ പ്രകാരം വന്നിരുന്ന വണ്ടൻമേട് ഇ. ഡി. പോസ്റ്റുമാസ്റ്റർ ആയിരുന്നു ആദ്യത്തെ പാർട്ട് ടൈം അൺ ഒഫീഷ്യൽ ക്ളാർക്ക്. അന്ന് ക്ളാർക്ക് തസ്തിക അറിയപ്പെട്ടിരുന്നത് 'അമിനാദാർ ക്ളാർക്ക്' എന്നായിരുന്നു. ആദ്യത്തെ ഔദ്യോഗിക പാർട്ട് ടൈം 'അമിനാദാർ ക്ളാർക്ക്' കല്ല്യാണ സുന്ദരയ്യരും ഫുൾടൈം അമിനാദാർ ക്ളാർക്ക് ശ്രീമതി സരസ്വതിയമ്മയും ആയിരുന്നു. 1956-ൽ അമിനാദാർ ക്ളാർക്ക് തസ്തിക നിർത്തലാക്കുകയും പഞ്ചായത്ത് അസിറ്റൻറ് പോസ്റ്റ് നിലവിൽ വരികയും ആദ്യ പഞ്ചായത്ത് അസിസ്റ്റൻറ് ആയി ശ്രീ. ജെ. ജെയിക്കബ് പുത്തൻപറമ്പിൽ അവർകൾ നിയമിതനാവുകയും ചെയ്തു. ഈ പഞ്ചായത്തിലെ ആദ്യ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. കെ.കെ. ജോണും, ആദ്യ പാർട്ട് ടൈം പ്യൂൺ ശ്രീ റ്റി.പി. ദേവസ്യയും പെർമനെൻറ് പ്യൂൺ ശ്രീ. കൃഷ്ണനും ആദ്യ ബിൽ കളക്ടർ ശ്രീ.

K.O. ഉമ്മനും ആദ്യ ക്ളാസ് ഫോർ ജീവനക്കാരൻ ശ്രീ വിശ്വനാഥപിള്ളയുമായിരുന്നു.

1953 ജൂലൈ 30-ാം തീയതി അഭിവന്ദ്യ ശൗര്യാ രച്ചൻ [cmc] അവർകളുടെ നിരന്തരമായ ശ്രമങ്ങൾ കൊണ്ട് നിലവിൽ വന്ന സെൻറ് ആൻറണീസ് തമിഴ്- മലയാളം L.P.S ആണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. ആദ്യത്തെ അദ്ധ്യാപകൻ ശ്രീ. ജെ. ജെയിക്കബ് പുത്തൻ പറമ്പിൽ അവർകളും ആദ്യ അദ്ധ്യാപിക ശ്രീമതി അച്ചാമ്മ ജെയിക്കബ് അവർകളും ആദ്യ ഹെഡ്മാസ്റ്റർ ശ്രീ. P.V. ജോൺ അവർകളും ആണ്. 1964 ൽ ആരംഭിച്ച 'ലീലാവതി ടാക്കീസ്' ആണ് പഞ്ചായത്തിലെ ആദ്യത്തെ സിനിമാതീയെറ്റർ.

22-12-1954 ൽ ശ്രീ. കെ.കെ കോര, പഞ്ചായത്തിൻെറ ആദ്യ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറായി സ്ഥാനമേറ്റു. 1-1-1964 ൽ ശ്രീ ശ്രീധരൻ വൈദ്യൻ ഈ പഞ്ചായത്തിൻെറ നാലാം പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു. 18-1-1964 ൽ പഞ്ചായത്തംഗങ്ങളുടെ ആവശ്യപ്രകാരം കൊച്ചറ വാഴവേലിൽ ശ്രീമതി. V.P. സാറാമ്മ അവർകളെ ആദ്യ വനിതാ മെമ്പറായി പ്രസീഡണ്ട് നാമനിർദ്ദേശം ചെയ്തു.

1962 ൽ ഈ പഞ്ചായത്തിൻെറ തെക്കു പടിഞ്ഞാറ് ഭാഗങ്ങൾ ചേർന്ന് അയ്യപ്പൻ കോവിൽ പഞ്ചായത്തും, വടക്ക് പടിഞ്ഞാറൻ ഭാഗങ്ങൾ ചേർന്ന് കട്ടപ്പന പഞ്ചായത്തും വടക്കുകിഴക്കു ഭാഗങ്ങൾ ചേർന്ന് പാമ്പാടും പാറ പഞ്ചായത്തും രൂപീകൃതമായി. 17-6-1977ൽ തെക്കു ഭാഗത്തുള്ള ചില പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ചക്കുപള്ളം പഞ്ചായത്തും നിലവിൽ വന്നു. ഡി-ലിമിറ്റേഷനു ശേഷം വണ്ടൻമേട് ഗ്രാമപഞ്ചായത്തിൻെറ ഇപ്പോഴുള്ള വിസ്തീർണ്ണം 35 സ്കയർ മൈലും ജനസംഖ്യ 26629 ഉം ആണ്. 1960-65 കാലഘട്ടത്തിൽ പഞ്ചായത്തിൽ ടൗൺ വാട്ടർ സപ്ളൈ സ്കീം, ഇലക്ട്രിസിറ്റി സപ്ളൈ എന്നിവ നടപ്പിലായി. 1966-ൽ പുറ്റടിയിൽ പഞ്ചായത്തിൻെറ ചെലവിലും മേൽനോട്ടത്തിലും, പഞ്ചായത്ത് മാനേജ്മെൻറിൽ നെഹൃ സ്മാരക ജ്ഞാനോദയ ഹൈസ്കൂൾ സ്ഥാപിതമായി. ശ്രീ. നാരായണൻകുട്ടിനായർ ഈ സ്കൂളിലെ ആദ്യ ഹെഡ്മാസ്റ്ററും ശ്രീമതി പി.എ.ലീല ഇപ്പോഴത്തെ ഹെഡ്മിസ്ട്രസും ആണ്. 1967ൽ പഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് ആയി ഉയർത്തുകയും ആദ്യത്തെ സ്പെഷ്യൽ ഗ്രേഡ് ഓഫീസറായി ശ്രീ കെ.കെ. നാരായണപണിക്കർ നിയമിതനാവുകയും ചെയ്തു. 1977 ലും 1979ലും ശ്രീ K.V. ജോർജ്ജ് കരിമറ്റം, 1988ൽ ശ്രീ. E.M.S. മണി എന്നിവർ ഈ പഞ്ചായത്തിൻെറ പ്രസിഡൻറുമാരായി സേവനമനുഷ്ഠിച്ചിട്ടുള്ള പ്രമുഖരാണ്.

ആദ്യകാലത്ത് റവന്യൂ ഡിപ്പാർട്ടുമെൻറ് വക ഒരു മാർക്കറ്റ് ഇവിടെ നിലനിന്നിരുന്നു. പിന്നീട് അത് പഞ്ചായത്തിന് കൈമാറുകയുണ്ടായി. പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ഈ മാർക്കറ്റ് വർഷങ്ങളോളം കാര്യക്ഷമമായി പ്രവർത്തിച്ചു പോന്നു. ഈ കാലയളവിൽ കട്ടപ്പന കുമളി, തുടങ്ങി ഹൈറേഞ്ചിൻെറ വിവിധ മേഖലകളിൽനിന്നും വാഴക്കുലകളും കപ്പയും പച്ചക്കറി ഇനങ്ങളും ഈ മാർക്കറ്റിൽ ധാരാളമായി വിറ്റഴിക്കപ്പെട്ടിരുന്നു. എന്നാൽ കട്ടപ്പനയിൽ ഒരു സ്വകാര്യ മാർക്കറ്റിന് വണ്ടൻമേട് പഞ്ചായത്ത് ലൈസൻസ് നൽകിയതോടുകൂടി, കട്ടപ്പനയിലെ മാർക്കറ്റ് അഭിവൃദ്ധിപ്പെടുകയും വണ്ടൻമേട്ടിലെ മാർക്കറ്റ് കാലക്രമേണ നിന്നു പോവുകയുമാണുണ്ടായത്.

അവകാശ സമരങ്ങൾ

അവകാശ സമരങ്ങളുടെ തീച്ചൂളയിൽ രക്തപുഷ്പങ്ങൾ അർപ്പിച്ച 1971-ലെ തോട്ടം തൊഴിലാളികളുടെ അവകാശ സമരം ഈ നാടിനെ അക്ഷരാർത്ഥത്തിൽ തന്നെ പിടിച്ചുകുലുക്കിയ ഒരു ചരിത്ര സംഭവം ആയിരുന്നു. 1971 വരെ വൻ ഭൂ ഉടമകൾ തമിഴ്നാട്ടിൽനിന്നും തൊഴിലാളികളെ അടിമകളെപ്പോലെ ഇവിടെക്കൊണ്ടുവന്ന് കുറഞ്ഞ കൂലിയ്ക്ക് ജോലി ചെയ്യിച്ചതിനു ശേഷം തിരികെ കൊണ്ടു വിടുന്ന പതിവ് നിലനിന്നിരുന്നു. എന്നാൽ വിവിധ തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ തോട്ടം തൊഴിലാളികൾ സംഘടിച്ച് എസ്റ്റേറ്റ് ഉടമകളുടെ മർദ്ദനത്തേയും എതിർപ്പിനേയും ധീരമായി നേരിട്ടുകൊണ്ട് മർദ്ദനമേറ്റും, പട്ടിണികിടന്നും നടത്തിയ മാസങ്ങളോളം നീണ്ടു നിന്ന ഐതിഹാസികമായ തൊഴിൽ സമരത്തിൻെറ ബാക്കി പത്രമാണ് ഇന്ന് തോട്ടം മേഖലയിൽ നിലനിൽക്കുന്ന ആകർഷകമായ സേവന വേതന വ്യവസ്ഥകൾ.

1961-62 കാലയളവിൽ ഇടുക്കി ജലവൈദ്യുത പദ്ധതിക്കുവേണ്ടി അയ്യപ്പൻകോവിൽ പ്രദേശത്തുനിന്നും കുടിയിറക്കപ്പെട്ട കർഷകത്തൊഴിലാളികളെ പുനരധിവസിപ്പിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടു നടന്ന പ്രസിദ്ധമായ അമരാവതി കർഷക സമരത്തിന്, എ.കെ.ജി,ബി.

വെല്ലിംഗ്ടൺ , ഫാദർ വടക്കൻ മുതലായവർ നേതൃത്വം നൽകിയത് ഈ പഞ്ചായത്തിൽ താമസിച്ചുകൊണ്ടായിരുന്നു, എന്ന യാഥാർഥ്യം ഇവിടുത്തെ കർഷകർ ഇന്നും പുളകത്തോടെ സ്മരിക്കുന്നു.

1995 സെപ്റ്റംബർ മാസം 3-ാം തീയതിയാണ് ഇപ്പോഴത്തെ ഭരണസമിതി ഈ പഞ്ചായത്തിന്റെ ഭരണ സാരഥ്യം ഏറ്റെടുക്കുന്നത്. പ്രസിഡൻറ് ശ്രീ. K.C മാത്യു, വൈസ് പ്രസിഡൻറ് ശ്രീ. കുട്ടിയച്ചൻ കുറവന്താനം, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. രാജാമാട്ടുക്കാരൻ, അഡ്വ. ശ്രീ. ജെയിംസ് ജേക്കബ്, ശ്രീ കൊച്ചറ മോഹൻനായർ, ശ്രീമതി ത്രേസ്യാമ്മ ജോസഫ്, ശ്രീ സേതുനാഥ് പത്മനാഭൻ, ശ്രീമതി സമ്പത്തം കുമാരി ഗോപാൽ, ശ്രീ. വി.കൃഷ്ണമൂർത്തി, ശ്രീമതി മാലാ രാംദാസ്, കുമാരി ബിന്ദു അപ്പുക്കുട്ടൻപിള്ള എന്നിവർ അടങ്ങുന്നതാണ് ഇപ്പോഴത്തെ ഭരണസമിതി.

ഇപ്പോഴത്തെ സ്റ്റാഫ് അംഗങ്ങൾ

സെക്രട്ടറി - ശ്രീ.T.D.രവീന്ദ്രൻനായർ

ജൂനിയർ സൂപ്രണ്ട് - ഒഴിവ്

യു.ഡി. ക്ളാർക്കുമാർ പ്യൂൺ

ശ്രീ. A.M. ശശിധരൻ ശ്രീമതി C.K. നന്ദിനി

ശ്രീ. M.D. ശശികുമാർ ശ്രീമതി T.K. സുമതി

ശ്രീ. M.D.ബോബൻ

ശ്രീ. എം. പുഷ്പാംഗദൻ

എൽ. ഡി. ക്ളാർക്കുമാർ സ്വീപ്പേഴ്സ്

ശ്രീ. K.A.ജോസഫ് ശ്രീ N.K. കുട്ടപ്പായി

ശ്രി. K.M.കുഞ്ഞുമോൻ ശ്രീ. P.P. കുഞ്ഞച്ചൻ

ശ്രീ. G. രാമസ്വാമി ശ്രീമതി K.K. വത്സ

ശ്രീമതി K.J.സൂസമ്മ ശ്രീമതി M.T. അമ്മിണി

ഡെയ്ലി വേജസ് സ്റ്റാഫ്

ശ്രീ ശിവപ്രസാദ്

ഓവർസിയർ

V.S. സോമൻ

4 ഭൂപ്രകൃതി

പശ്ചിമഘട്ടത്തിന്റെ കിഴക്കുഭാഗത്ത് തമിഴ്നാടിനോടു ചേർന്നുകിടക്കുന്നതും സമുദ്രനിരപ്പിൽനിന്നും 3954 അടി ഉയരത്തിൽ കിടക്കുന്ന സസ്യ ശ്യാമളമായ മലം പ്രദേശമാണ് ഈ പഞ്ചായത്ത്. കിഴക്ക് ഭാഗത്ത് തമിഴ്നാടും വടക്ക് കരുണാപുരം പഞ്ചായത്തും പടിഞ്ഞാറ് അയ്യപ്പൻകോവിൽ, കട്ടപ്പന പഞ്ചായത്തുകളും തെക്ക് ചക്കുപള്ളം പഞ്ചായത്തും ആണ്.

ഈ പഞ്ചായത്തിനെ ഭൂപ്രകൃതി അനുസരിച്ച് മൂന്നായി തരംതിരിക്കാം.

1 താഴ്വരകൾ- നെൽകൃഷിക്ക് താഴ്വരകൾ ഉപയുക്തമാണ്.

2 **മിതമായ ചരിവുള്ള പ്രദേശങ്ങൾ:-** ഇവിടെ കാർഷിക വിളയായ ഏലം, തേയില, കാപ്പി, കുരുമുളക് എന്നിവയും ഭക്ഷ്യവിളകളായ മരച്ചീനി, വാഴ, പച്ചക്കറികൾ എന്നിവയും കൃഷിചെയ്യുന്നു.

3 ഉയർന്ന പ്രദേശം :- ഉയർന്ന പ്രദേശങ്ങളിൽ നാണ്യവിളകളായ ഏലവും കാപ്പിയും കൃഷി ചെയ്യുന്നു.

ഭൂപ്രകൃതി പട്ടിക

താഴ്വരകൾ	- 140 ഹെക്ടർ
മിതമായ ചരിവ് പ്രദേശം	- 6364 ഹെക്ടർ
ഉയർന്ന പ്രദേശം	- 234 ഹെക്ടർ
ആകെ	6738

ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം വണ്ടൻമേട് പഞ്ചായത്തിലെ ജനസംഖ്യ 26629 ആണ്. ഇതിൽ പുരുഷൻമാർ 13424 ഉം സ്ത്രീകൾ 13205ഉം ആണ്. സ്ത്രീകളെ അപേക്ഷിച്ച് പുരുഷൻമാർ 219 പേർ കൂടുതലാണ്. ജന സാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 290 ആണ്. ഇതിൽ അക്ഷരാഭ്യാസമുള്ളവർ 17892 ആണ്. സ്ത്രീകൾ8696ഉം പുരുഷൻമാർ 8696 ഉം ആണ്. പട്ടികജാതിക്കാരായ 5712 പേരും ആദിവാസികളായ പളിയ വർഗ്ഗത്തിൽപെട്ട 561 പേരും ഈ പഞ്ചായത്തിലുണ്ട്. വണ്ടൻമേട് പഞ്ചായത്തിലെ സാക്ഷരതാനിരക്ക് 82.32% ആണ്.

തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങളിൽ 39.8% തമിഴരും ബാക്കി മലയാളികളുമാണ്. തമിഴ് ജനതയിൽ ഭൂരിപക്ഷം തോട്ടം തൊഴിലാളികൾ ആണ്. ഇവരുടെയിടയിൽ സാക്ഷരതാശതമാനം 70% ത്തിൽ താഴെയാണ്. ഈ പഞ്ചായത്തിന്റെ ഇന്നു കാണുന്ന പുരോഗതിയുടെ ഒരു നിർണ്ണായകഘടകം ഇവിടുത്തെ തമിഴ് ജനതയാണ്. വിദ്യാഭ്യാസരംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ പഞ്ചായത്ത് വക ഒരു ഹൈസ്ക്കൂളും സ്വകാര്യമേഖലയിൽ ഒരു ഗേൾസ് ഹൈസ്ക്കൂളും ഉണ്ട്. രണ്ട് U.P.-സ്കൂളുകളും 3 L.P. സ്കൂളുകളും 2 ട്രൈബൽ L.P. സ്കൂളുകളും ഉണ്ട്. ഈ പഞ്ചായത്തിൽനിന്നും 25 കി.മി. അകലെയാണ് ഒരു കോളേജ് ഉള്ളത്. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ ഇവിടുത്തെ പ്രധാനപ്രശ്നം ആണ്. കാർഷിക മേഖലയിലെ പ്രധാന ഉൽപ്പന്നങ്ങളായ കുരുമുളക്, ഏലം, എന്നിവയുടെ രോഗവും വിലയിടിവും ജനങ്ങളെ സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിയ്ക്കുന്നുണ്ട്.

ചെറുകിയ കർഷകരിൽ ഭൂരിപക്ഷവും കാലിവളർത്തൽ ഉപതൊഴിലായി സ്വീകരിച്ചു വരുന്നു. പാലിന്റെ വിലക്കുറവും, കാലിത്തീറ്റയുടെ അമിതമായവിലയും,ഈ രംഗത്തു നിന്നും കർഷകരെ പിൻതിരിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നു. ഭൂരിപക്ഷം കർഷകരും സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലാണ്. ഇവരെ ഉദ്ധരിക്കുന്നതിനുള്ളയാതൊരു നടപടിയും ഗവ.ൽ നിന്നും ഉണ്ടായിട്ടില്ല.

ജലപ്രകൃതി

വർഷത്തിൽ ശരാശരി 225.21 cm മഴ ലഭിക്കുന്നു. ജൂൺ, ജൂലായ് മാസങ്ങളിൽ ആണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഈ പഞ്ചായത്തിൽ തോടുകളുടെ എണ്ണം വളരെക്കുറവാണ്. ആകെയുള്ള തോടുകളുടെ നീളം 28.88 k.m. വരും. ഈ തോടുകൾ വേനൽക്കാലത്ത് വറ്റിപ്പോകാറുണ്ട്. പ്രധാന തോടുകളിൽ ബണ്ടു കെട്ടിയാണ് നെൽകൃഷിക്ക് ജലസേചന

സൗകര്യം ഉണ്ടാക്കുന്നത്. ജല ദൗർലഭ്യം മൂലം നെൽപ്പാടങ്ങളിൽ ഒരു കൃഷിമാത്രമേ നടത്തുവാൻ കഴിയുന്നുള്ളൂ. ആവശ്യമായ കുളങ്ങൾ നിർമ്മിച്ചു ജലസേചന സൗകര്യം ഉണ്ടാക്കിയാൽ പഞ്ചായത്തിലെ നെല്ലുല്പാദനം മൂന്നിരട്ടിയായി വർദ്ധിപ്പിക്കാൻ കഴിയും.

മലയാളികളായ കൃഷിക്കാർ വണ്ടൻമേട് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിയേറിപ്പാർക്കുന്നതിന് വളരെ മുമ്പ് തന്നെ തമിഴ്നാട്ടുകാരായ ആളുകൾ ഈ പ്രദേശങ്ങളിലെ വനസമ്പത്ത്, ജലം എന്നിവ തമിഴ് നാട്ടിലേയ്ക്ക് കടത്തിക്കൊണ്ടു പോയിരുന്നു. നമ്മുടെ വനങ്ങളിലെ തടി കടത്തിക്കൊണ്ടു പോകുന്നതിനുവേണ്ടി ചെറിയ റോഡുകളും ചപ്പാത്തുകളും നിർമ്മിച്ചിരുന്നു. അങ്ങനെയുണ്ടാക്കിയ റോഡാണ് ''വണ്ടൻമേട് കമ്പം പാത''. ഈ റോഡ് ഇന്ന് അറിയപ്പെടുന്നത് വണ്ടൻമേട്-കമ്പംമെട്ട് റോഡ് എന്നാണ്. പഴയകൊച്ചറയിൽ കല്ലുകൊണ്ട് നിർമ്മിച്ച ഒരു ചപ്പാത്തും ഉണ്ടായിരുന്നു. എന്നാൽ ശക്തമായവെള്ളപ്പാച്ചിലിൽ ഈ ചപ്പാത്തിന്റെ ഒരു ഭാഗം ഒലിച്ചുപോയി. ഇന്ന് ആ പാലത്തിന്റെ സ്ഥാനത്ത് ഒരു പുതിയ പാലം നിർമ്മിച്ചിട്ടുണ്ട്.

അതുപോലെ കൊച്ചറതോട്ടിലെ വെള്ളം തമിഴ്നാട്ടിൽ എത്തിക്കുന്നതിനുവേണ്ടി പഴയകൊച്ചറ, പുത്തൻപാലം എന്നിവിടങ്ങളിൽ മണ്ണുപയോഗിച്ച് വലിയ ചിറകൾ നിർമ്മിച്ചിരുന്നു. ഇത് കൃത്യമായി ഏതുകാലത്താണ് നിർമ്മിച്ചത് എന്നു പറയുവാൻ ഉള്ള വിവരങ്ങൾ ലഭ്യമല്ല. എന്നാൽ ഇന്ന് മല വെട്ടിമുറിച്ച് വെള്ളം ഇറക്കികൊട്ടുപോയ വെട്ടുമടയുടേയും തകർന്ന ചിറകളുടേയും അവശിഷ്ടങ്ങൾ കാണാം.

പഞ്ചായത്തിലെ പ്രധാന തോടുകൾ

1 മാലി തോട്

2 കൊച്ചറ തോട്

3 വണ്ടൻമേട് തോട്

4 രാജാക്കണ്ടം തോട്

ഈ പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. വണ്ടൻമേട്, പുറ്റടി, പുളിയൻമല എന്നീ പ്രദേശങ്ങളിൽ മൂന്ന് വാട്ടർ സപ്ലൈ സ്കീമുകളുണ്ട്. ഇതുവഴി ലഭിക്കുന്ന ശുദ്ധജലം ജനങ്ങളിൽ 20%ത്തിനു പോലും തികയുന്നില്ല. വേനൽകാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ ഈ പഞ്ചായത്തിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കേണ്ടതുണ്ട്.

സമരങ്ങൾ

കൊച്ചറയിലെ കുടിയേറ്റ കർഷകരുടെ ഭൂമി തമിഴ്നാട്ടുകാരായ പളളിക്കൂടം പിള്ളമാരിൽ നിന്നും സംരക്ഷിക്കുന്നതിന് കേരള കർഷക സംഘത്തിന്റെ നെതൃത്വത്തിൽ കർഷകർ സംഘടിച്ചിരുന്നു. 1958 ഏപ്രിൽ 14ന് പളളിക്കൂടം പിളള തമിഴ്നാട്ടിലെ ഗൂഡല്ലൂരിൽനിന്നും 50ൽപരം ഗുണ്ടകളുമായി വന്ന് കൃഷിക്കാരുടെ ഭൂമിയിൽ കാളകളെ ഉപയോഗിച്ച് നിലം ഉഴുതുമറിക്കാൻ ശ്രമിക്കുകയും എതിർക്കുവാൻ ശ്രമിച്ച കൈവശ കൃഷിക്കാരെ ഭീകരമായി മർദ്ദിക്കുകയും ചെയ്തു. അവസാനം ഗുണ്ടാക്രമണത്തിൽ നിന്നും രക്ഷപ്പെടുന്നതിനായി കൃഷിക്കാർ ഗുണ്ടകളുടെ നേരെ വെടിവെച്ചതിന്റെ ഫലമായി തമിഴ്നാട്ടുകാരായ രണ്ട് ഗുണ്ടകൾ മരിക്കുകയും മലയാളിയായ ലൂക്കോസ് എന്നയാൾ അബദ്ധത്തിൽ വെടിയേറ്റു മരിക്കുകയും ചെയ്തു. ഈ സംഭവവുമായി ബദ്ധപ്പെട്ട് പിന്നീട് നിരവധി കൃഷിക്കാരെ കേസിൽ പ്രതിയാക്കുകയും ഭീകരമായ മർദ്ദനം ഏൽക്കേണ്ടിവരികയും ചെയ്തിട്ടുണ്ട്.

5–1 കൃഷിയും ജലസേചനവും

വണ്ടന്മേട് തികച്ചും ഒരു കാർഷിക പഞ്ചായത്താണ്,. മലകളും, താഴ്വരകളും, നെൽപ്പാടങ്ങളും അടങ്ങിയതാണ് ഇവിടുത്തെ ഭൂപ്രദേശം. ഭൂപ്രദേശത്തെ കൃഷിയുടെ അടിസ്ഥാനത്തിൽ തോട്ടവിളകൃഷി മേഖല, കാർഷികമേഖല എന്നിങ്ങനെ രണ്ടായി തരം തിരിക്കാം. ഏലം ആണ് പ്രധാനപ്പെട്ട തോട്ടവിള. നെല്ല്, കുരുമുളക്, കാപ്പി, ഇഞ്ചി, തേയില, കൊക്കോ, പച്ചക്കറികൾ എന്നിവയും കാർഷികമേഖലയിൽ കൃഷി ചെയ്തു വരുന്നു. പഴയകാലത്തും ഇന്നും കൃഷിയും കൃഷിപ്പണിയുമാണ് ജനങ്ങളുടെ പ്രധാന ജീവിതോപാധി.

സമുദ്ര നിരപ്പിൽനിന്നും 3200 അടി ഉയരത്തിലാണ് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. സമുദ്ര നിരപ്പിൽനിന്നും ഏറ്റവും ഉയരം കൂടിയ പ്രദേശം ഏതാണ്ട് 3651 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പുളിയന്മല ആണ്.

ഭൂരിഭാഗം ഭൂ ഉടമസ്ഥരും ഒരു ഏക്കറിനുമുകളിൽ ഭൂമി കൈവശമുള്ളവരാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക- 1

നമ്പർ	നമ്പർ	കുടുംബങ്ങളുടെ എണ്ണം
1	1സെൻറു മുതൽ 10 സെൻറുവരെ	239
2	10 സെൻറു മുതൽ 25 സെൻറു വരെ	588
3	25 സെൻറു മുതൽ 50 സെൻറു വരെ	814
4	50 സെൻറു മുതൽ 100 സെൻറു വരെ	1358
5	1 ഏക്കർ മുതൽ 2 ഏക്കർ വരെ	1618
6	2 ഏക്കർ മുതൽ 5 ഏക്കർ വരെ	3342
7	5 ഏക്കറിനു മുകളിൽ	306

[അവലംബം : വിഭവ ഭൂപടങ്ങൾ, സെറ്റിൽ മെൻറ് രജിസ്റ്റർ, കൃഷി ഭവൻ രേഖകൾ നാട്ടറിവ്, സാമൂഹിക സാമ്പത്തിക സർവ്വെ]

പട്ടിക II

നമ്പർ	ഭൂപ്രകൃതി	വിസ്തൃതി ഹെക്ടർ	ശതമാനം
1	താഴ്വരകൾ	138	2.05
2.	ഉയർന്ന പ്രദേശം	234	3.48
3.	മിതമായ ചരിവ്	6301	93.51
4	തോട്	65	0.96
		ആകെ 6738	100

പട്ടിക III ഭൂവിനിയോഗം

നമ്പർ	വിനിയോഗം	വിസ്തൃതി (hect)	ശതമാനം
1	മിശ്രിത വിളകൾ	380	4.01
2.	ഏലം	4430	46.71
3.	നെല്ല്	274	2.88
4.	തേയില	1347	14.20
5.	കുരുമുളക്	2608	27.5
6.	കൃഷിയോഗ്യ തരിശ്	446	4.7
	ആകെ	9485	

പട്ടിക IV കൃഷി ഭവൻ രേഖ
നെൽകൃഷി, വിളവിസ്തീർണ്ണം

നമ്പർ	വിള	വിസ്തീർണ്ണം
1	നെല്ല് ഒന്നാം വിള	234
2.	നെല്ല് രണ്ടാം വിള	40
	ആകെ	274

ആളോഹരികൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടർ ആണെങ്കിൽ പഞ്ചായത്തിന്റേത് 2.77 ആണ്. കുടിയേറ്റ പ്രദേശമായ ഇവിടെ ആദ്യകാലത്ത് ഏലം കൃഷി ചെയ്യുന്നതിലാണ് ജനങ്ങൾ ശ്രദ്ധിച്ചിരുന്നത്. മഞ്ഞുമൂടിക്കിടക്കുന്ന അന്തരീക്ഷവും, കൊടുംതണുപ്പും ഏലകൃഷിക്ക് അനുയോജ്യമായിരിക്കുന്നു. പഞ്ചായത്തിലെ കൃഷിഭൂമി മുഴുവൻ സർക്കാർ കൈവശമായിരുന്നു. പിന്നീട് സർക്കാരിൽനിന്നും കുത്തകപ്പാട്ട വ്യവസ്ഥയിൽ ഭൂമി സ്വീകരിച്ചാണ് തമിഴ് നാട്ടിൽ നിന്നുമുള്ള കർഷകർ കൃഷി ചെയ്തിരുന്നത്. 1948 മുതൽ ആണ് Grow more Food പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ ആളുകൾ കുടിയേ ഏറിയത. പ്രധാനമായും പാല, പാമ്പാടി, പുതുപ്പള്ളി, എന്നീ സ്ഥലങ്ങളിൽ നിന്നാണ് കർഷകർ കുടിയേറിയത്. ആകെ ഭൂമിയുടെ 47 ശതമാനത്തോളം ഏലത്തോട്ടങ്ങൾ ആണ്. പല സവിശേഷതകളും അടങ്ങിയ നാടൻ ഇനങ്ങളിൽപെട്ട ഏലചെടികൾ ആണ് കൃഷി ചെയ്തിരുന്നത്. ശാസ്ത്രീയമായ കൃഷി രീതികൾ ഒന്നും നിലവിലില്ലായിരുന്നു. 1965-70 കാലഘട്ടത്തോടു കൂടി കാർഡമം ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചതോടെയാണ് ശാസ്ത്രീയമായ കൃഷിരീതികൾ ആവലംബിച്ചു തുടങ്ങിയത്.

അതുപോലെ തന്നെ കാർഷിക മേഖലയിലെ മറ്റൊരു തോട്ടവിള കൃഷിയാണ് തേയില. ഏകദേശം 16.26 ശതമാനം സ്ഥലത്ത് തേയില കൃഷി ചെയ്തിരിക്കുന്നു. 1950-കളിൽ തന്നെ തേയിലക്കൃഷി ആരംഭിച്ചിരുന്നു. ചീന തേയിലയും, വെള്ള തേയിലയും ആണ് ആദ്യ കാലഘട്ടങ്ങളിൽ കൃഷി ചെയ്തിരുന്നത്. തേയില സംസ്കരണത്തിന് ആവശ്യമായ സഹകാര്യ സ്ഥാപനങ്ങൾ 1960 കളിൽ രൂപം കൊണ്ടതോടെ തേയില വ്യാപകമായി കൃഷി ചെയ്യുവാൻ ആരംഭിച്ചു. ഇപ്പോൾ ആസ്സാം തേയില, മഞ്ഞുമല തേയില എന്നിവ കൂടാതെ ടിഷ്യൂകൾച്ചർ വഴി വികസിപ്പിച്ചെടുത്ത മുന്തിയ ഇനം തേയിലകളും കൃഷി ചെയ്തു വരുന്നു.

പഞ്ചായത്തിന്റെ 27.62 ശതമാനത്തോളം സ്ഥലത്ത് കൃഷി ചെയ്തുവരുന്ന കുരുമുളക് മറ്റൊരു പ്രധാന കാർഷിക വിളയാണ്. ഒ1950-കളിൽ ആണ് കുരുമുളക് കൃഷിക്ക് തുടക്കം കുറിക്കുന്നത്. വെള്ളമുണ്ടി, നീലമുണ്ടി കരിമുണ്ടി തുടങ്ങിയ ഇനങ്ങൾ ആയിരുന്നു ഈ കാലയളവിൽ പ്രധാനമായും കൃഷിചെയ്തിരുന്നത്. കാർഷിക മേഖലയിൽ കുരുമുളക് ചെടികൾ ക്കൊപ്പം മറ്റ് ഹ്രസ്വകാല കൃഷികളും ചെയ്തു വന്നിരുന്നു. 70തുകളുടെ ആരംഭം മുതൽ കുരുമുളക് ചെടിക്ക് വിവിധതരം രോഗങ്ങൾ ബാധിക്കുവാൻ തുടങ്ങി. ഫലപ്രദമായ രീതിയിൽ ഈ രോഗങ്ങളിൽനിന്ന് കുരുമുളക് ചെടിയെ രക്ഷിക്കുവാൻ നമ്മുടെ ശാസ്ത്ര പുരോഗതിക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല.

കുന്നുകളുടെ താഴ്വരകളിലെ ചതുപ്പുകൾ നെൽപ്പാടങ്ങൾ ആക്കിമാറ്റികർഷകർ കൃഷിക്കു പയോഗിക്കുവാൻ തുടങ്ങി. 1950തുകളിൽ കർഷകർ ഉയർന്ന കുന്നിൻ ചരിവുകളിൽ കരകവിതയായി നെൽകൃഷി ചെയ്തിരുന്നു. ആദ്യകാല കാലാവസ്ഥ യ്ക്ക് കരവിതക്ക്ഏറെ അനുയോജ്യമായിരുന്നു. കൊച്ചുവിത്ത്, വെള്ളപ്പെരുവാഴ എന്നീ ഇനങ്ങളിൽ പെട്ട നെൽവിത്തുകൾ ആണ് ആദ്യകാലങ്ങളിൽ കൃഷി ചെയ്തിരുന്നത്. പിന്നീട് പാൽത്തോണി, മരത്തോണി, ടൊൻറി എന്നീ കൃഷി വിത്തുകൾ ഉപയോഗിച്ചു തുടങ്ങി. എന്നാൽ വ്യാപകമായി പുതിയ തരം വിത്തുകൾ പരീക്ഷിക്കുവാൻ കർഷകർ തയ്യാറായിരുന്നില്ല. നെൽകൃഷിക്ക് ഭൂരിപക്ഷം കർഷകരും പരമ്പരാഗത രീതികൾ ആണ് ഉപയോഗിച്ചുവരുന്നത്. 'ഒരുപ്പൂ' ആയിട്ടാണ് കൃഷിയിടങ്ങളിൽ കൃഷിചെയ്തുവരുന്നത്. നെടുങ്കണ്ടം പാലാക്കണ്ടം, അണക്കരപാടം, ആനക്കണ്ടം, പതിവുകണ്ടം, രാജാക്കണ്ടം എന്നീ പാടശേഖരങ്ങളിൽ ജലസേചന സൗകര്യം ശരിയായി രൂപകല്പനയോടെ ചെയ്താൽ ഇരുപ്പൂനിലങ്ങൾ ആയി മാറ്റാൻ സാധിക്കും. ഇതിലൂടെ ഇന്നുള്ളതിന്റെ ഇരട്ടിയിൽ അധികമായി ഉല്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. നെൽകൃഷി ഇന്ന് പൊതുവേ ആദായകരമല്ല. അതിനാൽ കർഷകർക്ക് ഇതിനോടുള്ള താല്പര്യം കുറഞ്ഞു വരികയാണ്.

കൃഷി ജോലികൾക്ക് ആളുകളെ കിട്ടുവാൻ പ്രയാസമാണ്. തോട്ടം മേഖലയിലെ തൊഴിലാളികൾക്കു കിട്ടുന്ന ആകർഷകമായ വേതനവും മറ്റ് ആനുകൂല്യങ്ങളുമാണ് ഇതിനു കാരണം.

കുടിയേറ്റ കാലഘട്ടം മുതൽക്കുതന്നെ കൃഷിചെയ്തുവരുന്ന മറ്റൊരു കൃഷിയാണ് കാപ്പി. ഇവിടുത്തെ ജനങ്ങളുടെ ഉപയോഗത്തിനുവേണ്ടി പ്രധാനമായും കാപ്പിതന്നെയാണ് ഉപയോഗിച്ചിരുന്നത്. മേട്ടുകാപ്പി, റോബസ്റ്റ (നാടൻ) അറബിക്കാപ്പി എന്നിവയായിരുന്നു ആദ്യകാല കാപ്പി ഇനങ്ങൾ. കുന്നിൻ പുറങ്ങളിൽ സമൃദ്ധിയായി ഇവ കൃഷി ചെയ്തു വരുന്നു. ഇപ്പോൾ തോട്ടങ്ങളിൽ ഇടവിളയായി കാപ്പികൃഷി വ്യാപകമായി ചെയ്തു വരുന്നു. സാട്രോമാൻ കാവേരി എന്നീ ഇനങ്ങൾക്ക് അത്യുല്പാദന ശേഷി ഉണ്ടെന്ന് കോഫീ ബോർഡ് അവകാശപ്പെടുന്നുണ്ടെങ്കിലും ഇപ്പോൾ ഇത് പരാജയപ്പെടുന്നതായിട്ടാണ് കണ്ടു വരുന്നത്.

പ്രാരംഭകാലം മുതൽ ഇവിടുത്തെ ജനങ്ങൾ ഇഞ്ചികൃഷിയിൽ തല്പരരാണ്. ഇഞ്ചി ഇടവിളയായി കൃഷി ചെയ്തു വരുന്നു. നാടൻ ഇനത്തിൽപെട്ട ഇഞ്ചി വിത്തായിരുന്നു അന്നത്തെ കൃഷിയിനം. ഇപ്പോൾ പുതിയയിനം വിത്തുകൾ ഉപയോഗിച്ച് നല്ലയിനം ഇഞ്ചി വ്യാപകമായി കൃഷി ചെയ്തു വരുന്നുണ്ട്.

നെല്ലുല്പാദനം കഴിഞ്ഞ കുറെ വർഷങ്ങളായി കുറഞ്ഞു കൊണ്ടിരിക്കുകയാണ്. ഭക്ഷ്യ ഉത്പാദനരംഗത്ത് ഇതുമൂലം കാര്യമായ കുറവുണ്ടായിട്ടുണ്ട്. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ കർഷകർ നിലം കുഴിച്ച് മണ്ണെടുത്ത് ഇഷ്ടിക നിർമ്മിച്ച് വില്പന നടത്തുകയാണ്. ഇതിന്റെ ഫലമായി മണ്ണിന്റെ ഫല പുഷ്ടി നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിൽ നിലവിലുള്ള തോടുകളോ, കുളങ്ങളോ ശരിയായി സംരക്ഷിക്കപ്പെടുന്നില്ല. അതുകാരണം നിലവിലുള്ള ജലസ്രോതസുകൾ കൃഷിക്കുവേണ്ടി ഉപയോഗിക്കുവാൻ സാദ്ധ്യമാകുന്നില്ല.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 6738 ഹെക്ടർ ആണ്. ഇത് ഉയർന്ന പ്രദേശം താഴ്വര, ചരിവുഭൂമി, തോട് എന്നിങ്ങനെയാണ് കാണപ്പെടുന്നത്. പഞ്ചായത്തിന്റെ താഴ്വര പ്രദേശങ്ങളിൽ എക്കൽ കലർന്ന കറുത്തമണ്ണും, ഉയർന്ന സ്ഥലങ്ങളിൽ പശയുള്ള ചെമന്ന മണ്ണും, ചരിവ് പ്രദേശങ്ങളിൽ വളക്കൂറുള്ള ചെമ്മണ്ണും ആണ് ഉള്ളത്. ആകെ വിസ്തൃതിയുടെ പകുതിയോളം പ്രദേശത്തും ഏലം ആണ് കൃഷി ചെയ്യുന്നത്. താഴ്ന്ന പ്രദേശങ്ങളിൽ നെൽകൃഷിയും ഏലകൃഷി ചെയ്യാത്ത കാർഷിക മേഖലയിലെ ചരിവുകളിലും ഉയർന്ന പ്രദേശത്തും തേയില, കുരുമുളക്, കാപ്പി, മുതലായ സ്ഥിരം കൃഷികളും, വാഴ, മരച്ചീനി, കൊക്കോ, ഇഞ്ചി,മഞ്ഞൾ തുടങ്ങിയ ഇടവിളകളും കൃഷി ചെയ്തുവരുന്നു.

താഴ്ന്ന പ്രദേശങ്ങളിൽ പച്ചക്കറികളും കൃഷി ചെയ്തു വരുന്നു . പഞ്ചായത്തിലെ കാർഷിക മേഖലയിൽ 70-തുകളിലും 80-തുകളിലും കരിമ്പു കൃഷി വ്യാപകമായി ഉണ്ടായിരുന്നു. ഉത്പാദന ചെലവ് കൂടുതലും അതിനനുസരിച്ച് ഉത്പന്നത്തിന് വില ലഭിക്കാത്തതിനാലും ആണ് കരിമ്പു കൃഷിയോട് കർഷകർക്ക് ആഭിമുഖ്യം കുറഞ്ഞു വന്നത്. ഇന്ന് കരിമ്പു കൃഷി ഏറെക്കുറെ പൂർണ്ണമായി ഇല്ലാതിരിക്കുകയാണ്.

എന്നാൽ കുരുവിക്കാട്ടുപാറ, കടുക്കാസിറ്റി, മണിയംപെട്ടി തുടങ്ങിയ പ്രദേശങ്ങളിൽ നാമമാത്രമായി കരിമ്പ് കൃഷി ചെയ്യുന്നുണ്ട്.

ഔഷധസസ്യങ്ങൾ നെറ്റിത്തൊഴുവിൽ അഞ്ജലി ഹോസ്പിറ്റലിനോടു ചേർന്ന് കൃഷി ചെയ്തു വരുന്നു.

നെൽകൃഷി

നെൽകൃഷിയുടെ ഉത്പാദനം നാടൻ വിത്തിനങ്ങൾക്ക് ഹെക്ടറിന് 2500-2700 കിലോഗ്രാം വിളലഭിക്കുന്നുണ്ട്. വളരെ പരിമിതമായി ചെയ്യുന്ന രണ്ടാം കൃഷിക്ക് ഹെക്ടറിന് 1800-2000 കിലോഗ്രാം തോതിൽ വിളവ് ലഭിക്കും. സങ്കരയിനം നെൽവിത്തുകൾ കൃഷി ചെയ്താൽ പരാജയപ്പെടുന്നതായിട്ടാണ് അനുഭവം. കൃഷിഭവനിൽനിന്നും നാളിതുവരെ പുതിയ നെൽവിത്തിനങ്ങൾ വിതരണം നടത്തിയിട്ടില്ല. ഒരു കൃഷി ചെയ്തു വരുന്ന പാടശേഖരങ്ങൾ കൃഷിക്കുശേഷം സാധാരണ തരിശിടുകയാണ് പതിവ്. ഇത് മണ്ണിന്റെ ഗുണമേന്മ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. മുഖ്യ ഇട വിളകളുടെ വിസ്തീർണ്ണം താഴെ ചേർക്കുന്നു.

പട്ടിക v

ഇടവിളകൾ- വിസ്തീർണ്ണം

നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടറിൽ)
1	പച്ചക്കറി	20
2	വാഴ	15
3	മരച്ചീനി	80
4	കുരുമുളക്	1608
5.	കാപ്പി	100
6.	ഇഞ്ചി	40
7.	ഏലം	4205
8.	കരിമ്പ്	5
9.	തേയില	457
	ആകെ	6530

മുഖ്യ ഇടവിളയായ ഏലത്തിന്റെ വാർഷിക ഉത്പാദന ക്ഷമത ഒരു ഹെക്ടറിന് 180 കി. ഗ്രാം ആണ്. വൃക്ഷങ്ങളുടെ തണലുള്ള കാടുകളിൽ ആണ് ഏലം കൃഷി ചെയ്തു വരുന്നത്. മിതമായ-ചരിവ് ഉള്ള പ്രദേശങ്ങളിലും താഴ്വരകളിലും ആണ് ഏലം സമൃദ്ധിയായി വളരുന്നത്. ഇപ്പോൾ ശാസ്ത്രീയമായ കൃഷിരീതികൾ ഉപയോഗിച്ച് കൃഷി ചെയ്യാൻ കർഷകർ ആരംഭിച്ചിരിക്കുന്നു. സ്പൈസസ് ബോർഡ് ആവശ്യമായ സഹായങ്ങൾ ചെയ്തു വരുന്നു. ഏലത്തിന്റെ വിളവെടുപ്പ് ഓഗസ്റ്റ് മുതൽ ഫെബ്രുവരി വരെയുള്ള കാലയളവിൽ ആണ്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ഏലയ്ക്കാ ഉത്പാദിപ്പിക്കുന്ന പഞ്ചായത്ത് വണ്ടൻമേട് ഗ്രാമപഞ്ചായത്ത് ആണ്.

വളം

സഹകരണമേഖലയിൽ രണ്ടും, സ്വകാര്യ മേഖലയിൽ മൂന്നും ഉൾപ്പെടെ അഞ്ച് വളം വില്പനകേന്ദ്രങ്ങൾ ആണ് പഞ്ചായത്തിൽ ഉള്ളത്. കൃഷിക്ക് ഉപയോഗിക്കുന്ന രാസവളങ്ങൾ ശാസ്ത്രീയമായ രീതിയിൽ അല്ല ഉപയോഗിച്ച് വരുന്നത്. അതുകൊണ്ട് കൃഷി ചെലവിന്റെ അനാവശ്യമായ വർദ്ധനവും മണ്ണിന്റെ ഗുണമേന്മ നശിക്കലും ആണ് ഫലം. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തിയിട്ടില്ല. ജൈവവളങ്ങൾ വിരളമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ജൈവവളം ആവശ്യമായ അളവിൽ കിട്ടാത്തതാണ് ഇതിനു കാരണം. പുളിയൻമലയിൽ ഒരു വേപ്പിൻ പിണ്ണാക്ക് നിർമ്മാണശാല സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു വരുന്നു.

കീടനാശിനികൾ

ഏലം, തേയില, കുരുമുളക് എന്നീ വിളകൾക്ക് ആണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിച്ചു വരുന്നത്. കീടനാശിനികൾ തളിയ്ക്കുമ്പോൾ സ്വീകരിയ്ക്കേണ്ട മുൻകരുതലുകളോ, ശാസ്ത്രീയമായ രീതിയോ പരിഗണിച്ച് കാണാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു കാരണമാണ്.

കാർഷികോപകരണങ്ങൾ

പാലക്കണ്ടം പാടശേഖര സമിതിക്ക് പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിപ്രകാരം ഒരു പവ്വർ ട്രില്ലർ ലഭിച്ചിട്ടുണ്ട്. 584 റോക്ക് സ്പെയറുകൾ, 765 നാപ്സ്റ്റക്ക് സ്പെയർ, ഒരു മെതിയന്ത്രം, 28 ജോഡി ഉഴവുകാളകൾ എന്നിവ പഞ്ചായത്തിലുണ്ട്.

പാടശേഖരസമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ സംഘടിപ്പിച്ച് രൂപീകരിക്കപ്പെട്ട ഒൻപത് പാട

ശേഖര സമിതികൾ ഇപ്പോൾ നിലവിൽ ഉണ്ട്. പലതും വേണ്ടത്ര ഫലപ്രദമായ രീതിയിൽ അല്ല പ്രവർത്തിക്കുന്നത്. പാടശേഖര സമിതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക VI

നമ്പർ	പാടശേഖരത്തിന്റെ പേര്	ഒന്നാം വിള	രണ്ടാംവിള
1	പുറ്റടി- അണക്കര	നെല്ല്	നെല്ല്
2.	പാലക്കണ്ടം	നെല്ല്	നെല്ല് പയർ
3.	രാജാക്കണ്ടം	നെല്ല്	നെല്ല്, പയർ
4.	പഴയകൊച്ചറ	നെല്ല്	നെല്ല് പയർ
5.	കൊച്ചറപാലം	നെല്ല്	നെല്ല് പയർ
6.	കൊച്ചറ	നെല്ല്	നെല്ല് പയർ
7.	കടുക്കാസിറ്റി	നെല്ല്	നെല്ല്പയർ പച്ചക്കറി
8.	ചെല്ലൻകോവിൽ	നെല്ല്	നെല്ല് പയർ
9.	ചേറ്റുകുഴി	നെല്ല്	നെല്ല്, പയർ

കൂലിനിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ, കൃഷിയോടുള്ള ആഭിമുഖ്യക്കുറവ് തോട്ടം തൊഴിലാളികൾക്ക് ലഭിക്കുന്ന ആകർഷകമായ സേവനവേതന വ്യവസ്ഥകൾ എന്നിവ ഇതിന്റെ കാരണങ്ങളിൽപെടുന്നു. പഞ്ചായത്തിൽ 6970 നാമമാത്ര കർഷകരും 34210 ചെറുകിട കർഷകരും 642 വൻകിട കർഷകരും ഉണ്ട്.

കാർഷിക വായ്പ

ഒരു സഹകരണബാങ്കും, മൂന്ന് മറ്റു ബാങ്കുകളും ആണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. ഇതു കൂടാതെ നെടുങ്കണ്ടം കാർഷിക വികസനബാങ്കിന്റെ കുമളി ശാഖയിൽനിന്നും കാർഷിക വായ്പകളുള്ളൾ നൽകാറുണ്ട്. കൃഷിക്കുവേണ്ടി അനുവദിയ്ക്കുന്ന വായ്പകൾ പലപ്പോഴും മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നു എന്നതാണ് സത്യം.

നമ്പർ	ബാങ്ക്	93	94	95	96
1	വണ്ടനമേട് സർവ്വീസ് സഹകരണ ബാങ്ക് നെറ്റിത്തൊഴു	7,49,000	700000	2650,000	42,000000
2.	ഫെഡറൽ ബാങ്കു പുറ്റടി	6512000	9572000	15400000	15786000
3	യൂണിയൻ ബാങ്ക്	6600000	7725000	18296000	22737000

ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തിവരുന്നത്. രണ്ട് ഘട്ടങ്ങളിലായി മഴ ലഭിക്കുന്നു. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും (തെക്ക് -പടിഞ്ഞാറൻ മൺസൂൺ) സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷവും (വടക്ക്-കിഴക്ക് മൺസൂൺ) ശരാശരി വർഷത്തിൽ 224.13 മഴ ലഭിക്കുന്നു. കഴിഞ്ഞ അഞ്ചു വർഷത്തിൽ ലഭിച്ച മഴയുടെ വവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക VII മഴയുടെ അളവ്

നമ്പർ	വർഷം	മഴയുടെ അളവ് (cm)
1	1990	215
2	1991	119.33
3	1992	264.35
4.	1993	188.4
5.	1994	249.78
6.	1995	229.65
7.	1996	229.9
	ശരാശരി	225.21

പഞ്ചായത്തിൽ ആകെയുള്ള തോടുകളുടെ നീളം 25.88 km വരും. ഒൻപത് സ്ഥലങ്ങളിൽ തോടുകളിൽ ബണ്ടുകെട്ടി കൃഷിക്ക് ജലം കൊണ്ടുപോകുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. എന്നാൽ ബണ്ടിന്റെയും കനാലിന്റെയും സംരക്ഷണം ഭംഗിയായി നടക്കാത്തതിനാൽ ജലസേചന സൗകര്യം ഭാഗികമായേ ലഭിക്കുന്നുള്ളൂ.

കുളങ്ങൾ

വലുതും ചെറുതും ആയി പഞ്ചായത്തിൽ 746 കുളങ്ങൾ ഉണ്ട്. കുളങ്ങളിൽ പലതും യഥാവിധി സംരക്ഷിക്കപ്പെടുകയോ കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയോ ചെയ്യുന്നില്ല. ഉള്ള കുളങ്ങളിൽ നിന്നും കൃഷിക്കായി ജലസേചനത്തിനുള്ള സൗകര്യങ്ങൾ നിലവിലില്ല.

നേഴ്സറികൾ

സ്പൈസസ് ബോർഡിന്റേയും കൃഷി ഭവന്റേയും കീഴിൽ ഗുണമേന്മയുള്ള കുരുമുളക് വള്ളികളും ഏലത്തൈകളും വിതരണം ചെയ്യുന്നതിനുവേണ്ടി പതിനഞ്ചോളം ചെറുകിട നേഴ്സറികൾ പ്രവർത്തിച്ചു വരുന്നു. എന്നാൽ പഞ്ചായത്തിലെ കർഷകർക്ക് നടീൽ വസ്തുക്കൾ കൃത്യസമയത്ത് എത്തിക്കുന്നതിൽ താത്പര്യം കാണിക്കുന്നില്ല.

കൃഷിഭവൻ

1987-സെപ്റ്റംബർ ഒന്നാംതീയതിയിലാണ് കൃഷിഭവൻ നിലവിൽ വന്നത്. പുറ്റടിയിൽ ആണ് വണ്ടന്മേട് പഞ്ചായത്തിന്റെ കൃഷിഭവൻ സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിന്റെ കാർഷിക മേഖലകളിൽ പ്രതീക്ഷയോടുകൂടി ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം ഇനിയും എത്തേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

ഏലകൃഷി രണ്ടായി തരംതിരിക്കാം. ചെറുകിട ഏലകൃഷിയും വൻകിട ഏലകൃഷിയും. ഏലം മാത്രം കൃഷിചെയ്യുന്ന തോട്ടങ്ങൾ ആണ് പഞ്ചായത്തിലെ 8,9,10,11 വാർഡുകളിൽ ആയി വ്യാപിച്ചു കിടക്കുന്നത്. ഉത്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ ഉല്പ്പനത്തിന് വില ലഭിക്കാത്തതുമൂലം ഏലം കർഷകർ പൊതുവേ നഷ്ടത്തിലാണ്. തോട്ടം മേഖലകളിൽ എസ്റ്റേറ്റ് ഉടമസ്ഥർ ജലസേചന സൗകര്യം ഉണ്ടാക്കുന്നതിന് കുറെ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കാർഷിക മേഖലയിലെ ചെറുകിട ഏലം കൃഷിക്കാർ ശാസ്ത്രീയമായി കൃഷി നടത്തുവാൻ ഉള്ള സഹായം ലഭിക്കാതെ വിഷമിക്കുകയാണ്.

മറ്റൊരു പ്രധാന കാർഷിക നാണ്യവിളയായ കുരുമുളക് മറ്റ് കൃഷികളോടൊപ്പം ആണ് കൃഷി ചെയ്തുവരുന്നത്. മണ്ണിന്റെ ഘടനയ്ക്ക് അനുസൃതമായ കുരുമുളകു വള്ളികൾ ഏതെന്ന് ശാസ്ത്രീയമായി ഇനിയും കണ്ടെത്തിയിട്ടില്ല. കർഷകർ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കുരുമുളക് വള്ളികൾ നട്ടുപിടിപ്പിക്കുകയാണ് പതിവ്. വേനൽകാലത്ത് ശക്തമായ ഉണക്കു ബാധിച്ച് കുരുമുളകുചെടി വൻനാശം നേരിടുന്നുണ്ട്. ശാസ്ത്രീയമായ ഏകീകൃതസ്വഭാവമുള്ള കൃഷിരീതി നടപ്പായിട്ടില്ല.

മറ്റൊരു പ്രധാന കൃഷിയായ തേയില, ശാസ്ത്രീയ അടിസ്ഥാനത്തിൽ അല്ല കൃഷി ചെയ്തുവരുന്നത്. മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ ഒന്നും തന്നെ കുറേകാലങ്ങളായി ഇവിടെ നടക്കുന്നില്ല. അതിനാൽ വ്യാപകമായ തോതിൽ മണ്ണൊലിപ്പ് ഉണ്ടാകുന്നുണ്ട്. കഠിനമായ രാസ്വള പ്രയോഗം നിമിത്തം മണ്ണിന്റെ അമ്ളാംശം സാരമായി വർദ്ധിച്ചിട്ടുണ്ട്. പലപ്പോഴും മണ്ണു പരിശോധനയ്ക്കായി സാമ്പിളുകൾ ശേഖരിക്കാറുണ്ടെങ്കിലും അവയുടെ റിപ്പോർട്ട് കർഷകർക്ക് ഇതുവരെ ലഭിച്ചിട്ടില്ല.

നെൽ പാടങ്ങളിലും മറ്റ് കൃഷി സ്ഥലങ്ങളിലും ഇടവിളയായി കൃഷിചെയ്തിരുന്ന പച്ചക്കറികൾ, കപ്പ, ചേമ്പ് എന്നിവയും കുറഞ്ഞുവരികയാണ്. ശരിയായ രീതിയിൽ ജലസേചന സൗകര്യം ലഭിക്കാത്തതും ജൈവവളങ്ങളുടെ അപര്യാപ്തതയും ഉത്പന്നങ്ങൾക്ക് വില ലഭിക്കാത്തതും ഈ ഉത്പാദനക്കുറവിന് കാരണമാകുന്നു.

വാഴകൃഷികൾക്ക് വ്യാപകമായി ഉണ്ടാകുന്ന രോഗങ്ങളും, അപ്രതീക്ഷിതമായി ഉണ്ടാകുന്ന കാറ്റും മഴയും വൻനാശങ്ങൾ വരുത്തുന്നു. പ്രധാനമായും ഏലകൃഷിക്കു കണ്ടുവരുന്ന രോഗങ്ങൾ അഴുകൽ, തണ്ടുമറിയിൽ, കുമ്പുചീയൽ, തണ്ടു തുരപ്പൻപുഴുവിന്റെ ആക്രമണം, വേർപുഴുവിന്റെ ആക്രമണം, വെള്ള ഈച്ച ശല്യം എന്നിവയാണ്. കുരുമുളകിന് ദ്രുതവാട്ടം ആണ് പൊതുവേ കാണുന്നത്.

ആധുനിക കൃഷി ഉപകരണങ്ങൾ വ്യാപകമായ തോതിൽ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ട്രാക്ടർ, ട്രില്ലർ മുതലായ ഉഴവുപകരണങ്ങൾ പ്രയോജനകരമായി ഉപയോഗിക്കത്തക്ക

വിധത്തിൽ അല്ല കൃഷിഭൂമികളുടെ കിടപ്പ്. എന്നാൽ കർഷകരുടെ കൂട്ടായ പ്രയത്നത്തിലൂടെ കുറേ അധികം സ്ഥലത്ത് ട്രില്ലർ ഉപയോഗിച്ച് ഉഴവു നടത്താവുന്നതാണ്.

പഞ്ചായത്തിലെ കൃഷിഭവന്റെ പ്രവർത്തനങ്ങളും ഒരു പോരായ്മയായി നിലനിൽക്കുന്നു. പഞ്ചായത്തിലെ എല്ലാ കർഷകർക്കും, എല്ലാ പ്രദേശങ്ങൾക്കും കൃഷിഭവന്റെ നിർദ്ദേശങ്ങളോ സഹായങ്ങളോ ലഭിക്കുന്നില്ല.

ആവശ്യമായ സന്ദർഭങ്ങളിൽ സങ്കരയിനം വിത്തുകൾ ലഭിക്കാതിരിക്കുക, വിദഗ്ദ്ധ ഉപദേശങ്ങൾ ലഭിക്കാതിരിക്കുക, സർക്കാരിൽ നിന്നുള്ള സഹായങ്ങളെ സംബന്ധിച്ചുള്ള അജ്ഞത തുടങ്ങിയവയെല്ലാം പലപ്പോഴും കൃഷിയുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗത്തെ പറ്റി ജനങ്ങൾക്ക് ധാരണ നൽകാൻ സാധിക്കണം.

2. ഏലത്തോട്ടം മേഖലയിലും ചെറുകിട ഏലം കൃഷിചെയ്യുന്ന പ്രദേശങ്ങളിലും ജലസേചന സൗകര്യം ഉറപ്പാക്കുന്നതിനുവേണ്ടി, ജലസ്രോതസ്സുകളിൽ തടയണ, ബണ്ടുകൾ എന്നിവ നിർമ്മിക്കുക. ബണ്ടുകളിൽ നിന്നും തടയണകളിൽ നിന്നും കനാലുകൾ തീർത്ത് കൃഷിയിടങ്ങളിൽ ജലം എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക, കനാലുകളിൽ വെള്ളം എത്തിക്കാൻ സാധിക്കാത്ത പ്രദേശങ്ങളിൽ പമ്പുകൾ ഉപയോഗിച്ച് വെള്ളമെത്തിക്കുക, മുതലായ പ്രവർത്തനങ്ങൾ കർഷക പങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്. നിലവിലുള്ള തോടുകൾ സംരക്ഷിക്കുകയും വേണം.

3. ചെറുകിട ഏലകർഷകരേയും തേയില, നെല്ല് ഏലം മുതലായവ കൃഷി ചെയ്യുന്നവരേയും ഉൾപ്പെടുത്തി ഗ്രൂപ്പ് ഫാമിംഗ് വ്യാപകമാക്കണം.

നിലവിലുള്ള കർഷകസമിതികളെ പുനഃസംഘടിപ്പിക്കുകയും, അവയുടെ നേതൃത്വത്തിൽ ഗ്രൂപ്പ് ഫാമിംഗ് നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

വേനൽക്കാല പച്ചക്കറി കൃഷി സഹകരണ അടിസ്ഥാനത്തിൽ നടത്തുക. യഥാസമയം അതിന് മാർഗ്ഗനിർദ്ദേശം നൽകാൻ കൃഷിഭവന്റെ നേതൃത്വത്തിൽ സംവിധാനം ഉണ്ടാകണം. അവശേഷിക്കുന്ന നെൽപാടങ്ങൾ മറ്റുകൃഷികൾക്കായി ഉപയോഗിക്കാതെ സംരക്ഷിക്കേണ്ടതുണ്ട്.

വിത്തിനങ്ങൾ

ഉത്പാദന ശേഷിയുള്ള വിത്തിനങ്ങൾ മണ്ണിന്റെയും കാലാവസ്ഥയുടേയും സ്വഭാവത്തിന്റേയും അടിസ്ഥാനത്തിൽ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. പ്രാദേശികമായി വിത്തുല്പാദിപ്പിക്കുന്നതിന് പാടശേഖരസമതികളേയും, കൃഷി സമിതികളേയും, കർഷക സമിതികളേയും ഉപയോഗപ്പെടുത്താവുന്നതാണ്. ഇവയുടെ ആഭിമുഖ്യത്തിൽ നേഴ്സറികളുടെ പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്.

പച്ചക്കറി ഉത്പാദനം

ഗുണമേന്മയുള്ള വിത്തിനങ്ങൾ ശേഖരിച്ച് ജൈവവളത്തിന് മുൻതൂക്കം നൽകി സഹകരണ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വാർഡുകളിൽ വ്യാപിപ്പിക്കാൻ സാധിക്കും. അടുത്തടുത്ത പത്തുവീടുകൾ കേന്ദ്രീകരിച്ച് അടുക്കളത്തോട്ടം എല്ലാ വീടുകളിലും നിർമ്മിക്കുന്നതിന് സമിതി ഉണ്ടാക്കി പ്രവർത്തിക്കുക. പഞ്ചായത്തിൽ നിലവിലുള്ള രണ്ട് ഹൈസ്കൂളുകളിലും പച്ചക്കറി കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുക.

കീടനാശിനി

ശരിയായ സുരക്ഷാ സംവിധാനങ്ങളോടുകൂടിയോ, ശരിയായ അളവിലോ അല്ല ഇന്ന് കീടനാശിനികൾ ഉപയോഗിക്കുന്നത്. ഈ അവസ്ഥ മാറേണ്ടിയിരിക്കുന്നു. സാധാരണക്കാരായ കർഷകർക്ക് ബോധവൽക്കരണ ക്ളാസ്സുകൾ നൽകുകയും ജൈവീക കീടനാശിനി പ്രയോഗം വ്യാപിപ്പിക്കുകയും വേണം.

വളങ്ങൾ

രാസവള വിതരണ കേന്ദ്രങ്ങൾ തോട്ടം മേഖലയുമായി ബന്ധപ്പെട്ട് ഇപ്പോൾ ഉണ്ട്. കാർഷിക മേഖലയിൽ സഹകരണ ബാങ്കുവഴി കർഷകർക്ക് ആവശ്യമായ വളങ്ങൾ വിതരണം ചെയ്യണം. പച്ചിലവളത്തിന്റെ കുറവു നികത്തുന്നതിന് ശീമകൊന്ന വൻതോതിൽ കർഷകർക്ക് നട്ടുപിടിപ്പിക്കാവുന്നതാണ്. ജൈവവളം നിർമ്മിക്കുന്നതിന് കർഷക സഹകരണ സംഘങ്ങൾ ഉണ്ടാക്കി അവയുടെ നേതൃത്വത്തിൽ ജൈവവള ഫാക്ടറി ഉണ്ടാക്കേണ്ടതാണ്. കന്നു കാലികൾക്ക് ആവശ്യമായ തീറ്റപുൽ വച്ചു പിടിപ്പിക്കുന്നതിന് കർഷകരെ സഹായിക്കേണ്ടതാണ്. മണ്ണിര കമ്പോസ്റ്റു

രീതി കർഷകർക്ക് പരിചയപ്പെടുത്തി വ്യാപകമാക്കേണ്ടതാണ്.

ജലസേചനം

നിലവിലുള്ള കുളങ്ങളും കിണറുകളും സംരക്ഷിക്കുന്നതിന് സാധിക്കണം. തോടുകളിലെ ബണ്ടുകളുടെ അറ്റകുറ്റ പണികൾ നടത്തി കനാലുകൾ ഉള്ള സ്ഥലങ്ങളിൽ അവയിലൂടെ കൃഷിക്കാവശ്യമായ ജലം എത്തിക്കണം. കനാലുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ അവ ഉണ്ടാക്കി ജലസൗകര്യം എത്തിക്കേണ്ടതുണ്ട്. തോടും മേഖലകളിൽ തടയണകൾ നിർമ്മിച്ച് ജലം പരമാവധി ഉപയോഗിക്കാൻ സാധിക്കാത്ത വിധത്തിൽ പദ്ധതികൾ തയ്യാറാക്കണം. ഡ്രിപ്പ്-ഇറിഗേഷൻ സ്പ്രിംഗ്ളർ ഇറിഗേഷൻ എന്നിവയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം. ഇവയ്ക്ക് തുടക്കം മുതൽ തന്നെ മുതൽ മുടക്ക് ആവശ്യമായതിനാൽ ലോണുകളും സബ്സിഡികളും നൽകണം.

ഇൻഷുറൻസ്

കൃഷി സംരക്ഷണത്തിനും കർഷകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും എല്ലാ കാർഷിക വിളകൾക്കും തോട്ടം വിളകൾക്കും ഗ്രൂപ്പ്-ഇൻഷുറൻസ് സംവിധാനം ഏർപ്പെടുത്തണം. കർഷകർക്ക് കൃഷി ആവശ്യങ്ങൾക്ക് മതിയാകുന്ന തോതിൽ കാർഷിക വായ്പ നൽകുകയും, അതുപോലെ തന്നെ വിളകളുടെ ആടിൽ മുൻകൂർ വായ്പ നൽകുകയും ചെയ്യേണ്ടതാണ്. വൈദ്യുതി കുറഞ്ഞ നിരക്കിലും അപേക്ഷിച്ചാൽ ഉടൻ കിട്ടത്തക്ക വിധവും സംവിധാനം ഉണ്ടാക്കണം.

പൊതുവിപണി

പ്രധാന ഉത്പന്നമായ ഏലത്തിന്റെ നിലവിലുള്ള വിപണന സംവിധാനം മാറേണ്ടിയിരിക്കുന്നു. അന്തർദ്ദേശീയ മാർക്കറ്റിലെ വിലക്ക് അനുസൃതമായി കർഷകർക്കും വില ലഭിക്കുന്നതിനു വേണ്ടി, കർഷകരുടെ സഹകരണ സംഘം ഏലയ്ക്കാ വിപണനം ഏറ്റെടുക്കണം. അതുപോലെ തന്നെ കുരുമുളക് കർഷകരേയും സഹായിക്കാൻ സഹകരണ മേഖലയിൽ ഉള്ള വിപണന കേന്ദ്രത്തിനു കഴിയും. മറ്റെല്ലാ കാർഷിക ഉത്പന്നങ്ങൾക്കും സഹകരണ മേഖലയിൽ വിപണന സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

നേഴ്സറികൾ

ധാരാളം വിപണന സാദ്ധ്യതയുള്ള ഫ്ളോറികൾച്ചർ, ഓർക്കിഡ്, ആന്തൂറിയം എന്നിവയുടെ കൃഷി നാളിതുവരെ പഞ്ചായത്തിൽ പ്രചരിച്ചിട്ടില്ല. ഈ വിധ കൃഷികൾക്ക് പ്രചാരം നൽകുകയും ധാരാളം തൊഴിൽ സാദ്ധ്യതയുള്ള ഇത്തരം കൃഷികൾ നടത്തുന്നതിന് യുവതീ യുവാക്കളെ പരിശീലിപ്പിക്കുകയും വേണം. വളരെ ചെലവു കുറഞ്ഞതും ലാഭകരമായി, കുറഞ്ഞ സമയ പരിധിക്കുള്ളിൽ വിളവെടുക്കാവുന്നതുമായ കൂൺകൃഷിക്കും പഞ്ചായത്തിൽ സാദ്ധ്യതകൾ ഉണ്ട്. കപ്പകൃഷി ഇന്ന് ഏറെക്കുറെ നശിച്ചുകൊണ്ടിരിക്കുകയാണ്. എലിശല്യമാണ് ഇതിനു പ്രധാന കാരണം. എലിനശീകരണത്തിനുള്ള നൂതന മാർഗ്ഗങ്ങൾ കർഷകരെ പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു.

വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ കൃഷിഭൂമി, തോട്ടം മേഖലയെന്നും കാർഷിക മേഖലയെന്നും രണ്ടായി തരം തിരിഞ്ഞു കിടക്കുകയാണ്. അതിനാൽ ഏകീകൃതമായ ഒരു കാർഷിക പദ്ധതി നടപ്പാക്കുക ബുദ്ധിമുട്ടാണ്. എന്നാൽ തോട്ടം മേഖലയിലും കാർഷിക മേഖലയിലും കർഷകർക്ക് പരമാവധി സഹായം എത്തിക്കുവാൻ തയ്യാറാവേണ്ടതുണ്ട്. ആയതിനു വേണ്ടി പഞ്ചായത്തു തലത്തിൽ രണ്ടു മേഖലയിലും ഉള്ള കർഷകർക്ക് അവരെ അംഗീകരിക്കത്തക്ക വിധത്തിൽ അവാർഡുകൾ ഏർപ്പെടുത്തേണ്ടതാണ്. തോട്ടം മേഖലയുമായും കാർഷിക മേഖലയുമായും ബന്ധപ്പെട്ട് ഏകീകൃത കൂലി സംവിധാനം ഉണ്ടാകേണ്ടതുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതിന് ഒരു മോനിട്ടറിംഗ് സമിതി ഉണ്ടാകേണ്ടതുണ്ട്.

കൃഷി ഭവന്റെ പ്രവർത്തനം എല്ലാ കൃഷിക്കാർക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പുന:സംഘടിപ്പിക്കേണ്ടതുണ്ട്. നിലവിലുള്ള പാടശേഖര, കുരുമുളക് സംരക്ഷണ സമിതികൾ പുന:സംഘടിപ്പിക്കുകയും പ്രവർത്തനം സുതാര്യമാക്കുകയും വേണം. ആഗ്രോ ക്ളിനിക്കുകളും, കാർഷിക പരിശീലന കേന്ദ്രങ്ങളും പഞ്ചായത്തിൽ സ്ഥാപിക്കണം.

വണ്ടന്മേടിന്റെ കാർഷിക പുരോഗതിയിൽ ഗുണപരമായ പരിവർത്തനം ഉണ്ടാക്കുവാൻ കഴിയുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. ജനകീയ പങ്കാളിത്തത്തോടെ വണ്ടന്മേട്ടിലെ കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഉതകും വിധം പുത്തൻ വികസന സംസ്കാരം ഉൾക്കൊള്ളാൻ നാം തയ്യാറാകേണ്ടതുണ്ട്.

5.2 മൃഗസംരക്ഷണം

ആമുഖം:

വണ്ടൻമേട് പഞ്ചായത്തിലെ കാർഷിക മേഖലയിലെ പ്രധാന ജീവിതോപാധിയായി കന്നുകാലി വളർത്തൽ മാറിയിരിക്കുകയാണ്. കാർഷിക മേഖലയിലെ കാർഷിക വിളകളുടെ ഉത്പാദനക്കുറവും ഉല്പന്നങ്ങളുടെ വിലയിടിവും തളർത്തിയ കർഷകർ അവരുടെ പ്രധാന ജീവിത മാർഗ്ഗമായി തെരഞ്ഞെടുത്തത് കാലിവളർത്തലാണ്. എന്നാൽ ശാസ്ത്രീയമായ കാലിവളർത്തൽ രീതി സ്വീകരിക്കുന്നതിനോ, അനുബന്ധ തൊഴിലുകൾ വികസിപ്പിച്ചെടുക്കുന്നതിനോ ഇന്നുവരെ സാധിച്ചിട്ടില്ല.

കന്നുകാലി വളർത്തൽ, ആട്, കോഴി, പന്നി, മുയൽ, താറാവ് എന്നിവയുടെ വളർത്തലും നടത്തുന്നത് ചെറുകിട നാമമാത്ര കർഷകരാണ്. അതിനാൽ ഈ മേഖലയിലെ വികസനം ഗ്രാമീണ സമ്പദ്വ്യവസ്ഥയെ ശക്തമാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മാത്രമല്ല ഈ മേഖലയിൽ 80% അധ്വാനവും സ്ത്രീകൾ നിർവഹിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. ഈ മേഖലയിലെ വികസനത്തോടെ ബയോഗ്യാസ് നിർമ്മിച്ച് ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനും ജൈവവളം ഉണ്ടാക്കുന്നതിനും, മൃഗശക്തി ഉപയോഗിച്ച് നിലമൊരുക്കുന്നതിനും ഭാരം വലിക്കുന്നതിനും കഴിയുന്നതാണ്. മാത്രമല്ല മാംസ പരിശോധനയിലൂടെ ശുദ്ധമായ മാംസോൽപാദനം ഉണ്ടാക്കുന്നതിലൂടെ പൊതുജനാരോഗ്യം സംരക്ഷിക്കുവാൻ കഴിയും. പഞ്ചായത്തിലെ ഏക മൃഗാശുപത്രിയായ പുറ്റടിയിലെ വെറ്ററിനറി സർജന്റെ നേതൃത്വത്തിൽ നടത്തിയ പഠനങ്ങളുടെ മൃഗസംരക്ഷണ വെളിച്ചത്തിൽ മേഖലയുമായി ബന്ധപ്പെട്ട വികസന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ചരിത്രം:

വണ്ടൻമേട് പഞ്ചായത്തിൽ ജനങ്ങൾ കുടിയേറുന്നതിന് മുമ്പ് തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും കന്നുകാലികളെ മേയ്ക്കാൻ കൊണ്ടു വന്നിരുന്നു. 1948-ൽ കുടിയേറ്റം ആരംഭിച്ചതോടുകൂടി സ്വകാര്യ ആവശ്യങ്ങൾക്കായി കന്നുകാലികളെ വളർത്താൻ ആരംഭിച്ചു. നാടൻ പശുക്കളെയാണ് അന്ന് വളർത്തിയിരുന്നത്. അന്ന് വയലേലകളിൽ കാളപൂട്ട് കുറച്ചു മാത്രമെ സാദ്ധ്യമായിരുന്നുള്ളൂ. ഭാരം വലിക്കുന്നതിന് കാളവണ്ടികൾ ഉണ്ടായിരുന്നു. വണ്ടികൾ വലിക്കുന്നതിനായി കർഷകർ കാളകളെ ഉപയോഗിച്ചിരുന്നു. കാല ക്രമേണ അവയെ നിലം ഉഴുന്നതിനും ഉപയോഗപ്പെടുത്താൻതുടങ്ങി.

കുളമ്പ് രോഗം, കുരുടപ്പൻ എന്നീ രോഗങ്ങൾ ആദ്യകാലത്തുണ്ടായിട്ടുണ്ട്. ഈ രോഗങ്ങൾ മൂലം അന്നൊക്ക വളരെയധികം നഷ്ടങ്ങൾ കർഷകർക്കുണ്ടായിട്ടുണ്ട്. ആദ്യ കാലത്ത് ആധുനീക ചികിത്സാ സൗകര്യങ്ങൾ പഞ്ചായത്തിലുണ്ടായിരുന്നില്ല. ചില നാട്ടു ചികിത്സാ രീതികളാണ് അന്നുപയോഗിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ പഞ്ചായത്തിൽ ബീജ സങ്കലന കേന്ദ്രങ്ങളും ഒരു മൃഗാശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. അത്യുല്പാദന ശേഷിയുള്ള പശുക്കളെ ഉണ്ടാക്കിയെടുക്കാനുള്ള ശ്രമങ്ങൾ ഇതുവഴി നടക്കുന്നുണ്ട്. കോഴി വളർത്തൽ വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്ന കേന്ദ്രങ്ങൾ പഞ്ചായത്തിലില്ല. അടുക്കള മുറ്റത്ത് കോഴി വളർത്തൽ ഉണ്ട്. മേല്ത്തരം കോഴി ഇനങ്ങളുടെ അപര്യാപ്തത ഉണ്ട്. പന്നി വളർത്തൽ വ്യാപകമായി ഇല്ല. നല്ലയിനം ആടു വളർത്തൽ വ്യാപകമായി ഇല്ല. ആധുനീക ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

പഞ്ചായത്തിൽ 63 നാടൻ പശുക്കളും 2720 സങ്കരയിനം പശുക്കളും 147 എരുമകളും 3 പോത്തും 5750 ആടും 7250 പട്ടികളും 28 സങ്കരയിനം കാളകളും 3 വിത്തുകാളകളും 11 നാടൻ കാളകളുമുണ്ട്.

പഞ്ചായത്തിൽ 7120 പൂവൻ കോഴികളും 30291 പിടകോഴികളും 12 താറാവുമുണ്ട്. വണ്ടൻമേട് പഞ്ചായത്തിൽ സർക്കാർ മൃഗാശുപത്രി ആരംഭിച്ചത് 1989 മാർച്ചിലാണ്. അതിന് മുമ്പ് നെറ്റിത്തൊഴുവിൽ ഒരു മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് പ്രവർത്തിച്ചു വന്നിരുന്നു. മൃഗാശുപത്രിയിൽ ആവശ്യമായ ജീവനക്കാർ ഇല്ലാത്തതു കാരണം ആശുപത്രിയുടെ പ്രവർത്തനം തൃപ്തികരമായി കൊണ്ടുപോകുന്നതിന് സാധിക്കുന്നില്ല. പുറ്റടി ആപ്കോസിന്റെ കെട്ടിടത്തിലാണ് ഇപ്പോൾ മൃഗാശുപത്രി പ്രവർത്തിക്കുന്നത്. പ്രാഥമിക സൗകര്യങ്ങൾ തീരെ കുറവാണ്.

ആശുപത്രിയിൽ ലബോറട്ടറി സൗകര്യങ്ങളോ കാർഷിക പരിശീലന ഹാൾ, റെഫ്രിജറേറ്റർ,

സ്റ്റെറിലൈസർ, മൈക്രോസ്കോപ്പ്, ഫോൺ തുടങ്ങിയ സൗകര്യങ്ങളോ ഇല്ല. വാഹനം ഇല്ല. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മന്തിപ്പാറയിലും ചേറ്റുകുഴിയിലും ഓരോ ഗോസംവർദ്ധക ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നെറ്റിത്തൊഴുവിൽ ആപ്കോസ് സൊസൈറ്റിയുടെ കീഴിൽ ഒരു കൃത്രിമ ബീജ സങ്കലനകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. അണക്കരയിൽ ഒരു സ്വകാര്യ കൃത്രിമ ബിജസങ്കലന കേന്ദ്രവും ഉണ്ട്.

വെറ്റിനറി പോളിക്ളിനിക്കിന്റെ പ്രയോജനം പഞ്ചായത്തിൽ വ്യാപകമായി ലഭിക്കുന്നില്ല. നിലവിലുള്ള പദ്ധതികാലത്ത് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, പേ വിഷ നിയന്ത്രണ പദ്ധതി, ഗോ രക്ഷാക്യാമ്പുകൾ, SCP സ്ക്കീം, MLPP സ്ക്കീം, കുളമ്പു രോഗത്തിനെതിരെ വാക്സിനേഷൻ ക്യാമ്പുകൾ എന്നിവ നടത്തിയിട്ടുണ്ട്.

ആവശ്യകതയനുസരിച്ച് പഞ്ചായത്തിലെ കർഷകർക്ക് പദ്ധതികളുടെ പ്രയോജനം ലഭിച്ചിട്ടില്ല.

പഞ്ചായത്തിൽ നാല് ആപ്കോസ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. മലനാട് ഡെവലപ്മെൻറ് സൊസൈറ്റി സംഭരണ കേന്ദ്രങ്ങളിൽ നിന്നും പാൽ ശേഖരിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ നിന്ന് പ്രതിവർഷം 2040022.8 ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. പ്രാദേശിക വിതരണത്തിന് 161270 ലിറ്റർ പാൽ ചിലവാകുന്നുണ്ട്. ബാക്കി 1878752.8 ലിറ്റർ പാൽ ഇവിടെ നിന്നും കയറ്റി അയക്കുന്നു. ഈ പഞ്ചായത്തിൽ നിന്നും 48000 ലിറ്റർ പാൽ മറ്റു പഞ്ചായത്ത് അതിർത്തിയിലുള്ള സംഘങ്ങളിൽ അളക്കുന്നുണ്ട്. ഉത്പാദകർ അടുത്ത വീടുകളിലും ഹോട്ടലുകളിലും വില്ക്കുന്ന പാൽ ഏകദേശം 64000 ലിറ്റർ വരും. വീടുകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന പാൽ ഏകദേശം 22000 ത്തോളം ലിറ്റർ വരും.

പഞ്ചായത്തിൽ അറവുശാലകൾ ഇല്ല. എന്നാൽ അനധികൃതമായി അറവ് നടത്തുന്നുണ്ട്. പ്രതിവർഷം 250 ഓളം ആടുകളേയും പശു, പോത്ത്, എരുമ എന്നിവയായി ഏകദേശം 3200 ഓളം എണ്ണത്തേയും 1200 മൂരിക്കുട്ടികളേയും 60 പന്നികളേയും അറക്കുന്നുണ്ട്. 22 ഇടങ്ങളിൽ അറവ് നടത്തുണ്ട്. ഉദ്ദേശം 387350 കിലോ ഇറച്ചി പഞ്ചായത്തിൽ ആകെ ചെലവാകുന്നുണ്ട്. എന്നാൽ ഇവിടെ വിറ്റഴിയുന്ന മാംസം 60% വും മറ്റു പ്രദേശങ്ങളിൽനിന്നും കൊണ്ടുവരുന്നതാണ്. ഈ പഞ്ചായത്തിൽ മാംസോൽപ്പാദനത്തിന് ആവശ്യമായ അറവു, മാടുകളെ ലഭ്യമാക്കേണ്ടതുണ്ട്. ആയതിന് ജനങ്ങളെ സംഘടിപ്പിച്ച് ഒരു മാംസോത്പാദക സഹകരണ സംഘം ഉണ്ടാക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ ആടുവളർത്തൽ ഫാം ഒന്നും തന്നെ നിലവിൽ ഇല്ല. എന്നാൽ ജനങ്ങൾ ആടുവളർത്താറുണ്ട്. ഇത് ശാസ്ത്രീയമായ രീതീയിലല്ല ചെയ്യുന്നത് എന്നു മാത്രം. അഴിച്ചുവിട്ട് ആടിനെ വളർത്തുന്ന രീതി ഈ പഞ്ചായത്തിൽ പ്രായോഗികമല്ല. വിര മരുന്ന് കൊടുക്കുന്ന പതിവില്ല. നല്ലയിനം ആട്ടിൻകുട്ടിയെ വിതരണം ചെയ്യാൻ ഇവിടെ കഴിയുന്നില്ല. എന്നാൽ ആടുവളർത്തലിൽ താൽപ്പര്യമുള്ള ധാരാളം ആളുകൾ ഇവിടെയുണ്ട്. ആടിന് ആവശ്യമായ തീറ്റ ഇവിടെ ധാരാളം ലഭ്യമാണ്.

നിരവധി ഹോട്ടൽ വെയ്സ്റ്റും അറവുശാല വെയ്സ്റ്റും ഉള്ള പ്രദേശമാണിത്. എന്നാൽ നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ ഇവിടെ ലഭിക്കുന്നില്ല. പന്നിവളർത്തലിന് പറ്റിയ സാഹചര്യങ്ങളും ഇതിൽ തത്പരരായ ജനങ്ങളും ഇവിടെയുണ്ട്. ആവശ്യമായ പരിശീലനം നല്കി പന്നിവളർത്തൽ സുഗമമായി പഞ്ചായത്തിൽ നടത്താവുന്നതാണ്.

പഞ്ചായത്തിൽ ഉണ്ടാകുന്ന മൂരിക്കുട്ടികൾ ചെറുപ്പത്തിൽ തന്നെ വിറ്റു പോകുകയാണ്. മാംസോത്പാദനത്തിനു വേണ്ടി മൂരിക്കുട്ടികളേയും പോത്തിൻ കുട്ടികളേയും വളർത്തുന്നതിൽ തത്പരരായ യുവാക്കൾ ഇവിടെ ധാരാളമുണ്ട്.

ബ്രോയിലർ കോഴിവളർത്തൽ കേന്ദ്രം പഞ്ചായത്തിൽ ഒന്നും തന്നെയില്ല. പഞ്ചായത്തിൽ ഉപയോഗിക്കുന്ന കോഴിമാംസത്തിന്റെ കൃത്യമായ അളവ് ലഭ്യമല്ല. പ്രതിവർഷം പഞ്ചായത്തിൽ ഏകദേശം 34,00,000 ത്തോളം മുട്ട ഉത്പാദിപ്പിക്കപ്പെടുന്നു. ആകെ ആവശ്യമുള്ളത് ഏകദേശം ഒരു കോടിയോളം മുട്ടയാണ്.

പഞ്ചായത്തിൽ വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും ആവശ്യമായ തീറ്റ ലഭ്യമല്ല. കർഷകരെ ബോധവാൻമാരാക്കി തീറ്റ പുൽകൃഷി വ്യാപിപ്പിച്ച് പ്രശ്നത്തിന് ഒരളവുവരെ പരിഹാരം കാണാനാകും.

ഈ പഞ്ചായത്തിൽ ഏകദേശം 3200 എണ്ണത്തോളം കാള, പശു, എരുമ, പോത്ത് എന്നിവയേയും 250 എണ്ണത്തോളം ആടുകളേയും 1200 മൂരിക്കുട്ടൻമാരേയും പ്രതിവർഷം അറവു നടത്തുന്നുണ്ട്. ഏകദേശം 20 ലക്ഷത്തോളം രൂപയുടെ തുകൽ പ്രതിവർഷം ഈ

പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്നുണ്ട്. ആകയാൽ തുകൽ സംസ്ക്കരണത്തിന് ഈ പഞ്ചായത്തിൽ വളരെയധികം സാധ്യതകളുണ്ട്. കൂടാതെ അറവു ശാലയുടെ ഉപോല്പന്നങ്ങളുടെ സംസ്ക്കരണത്തിനും വളരെയധികം സാധ്യതകൾ ഈ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിൽ ഏകദേശം 8721 കന്നുകാലികൾ ഉണ്ട്. അതുമൂലം 85000 കി.ഗ്രാം ജൈവവളം ഇവിടെ പ്രതിദിനം ഉത്പാദിപ്പിക്കുന്നുണ്ട്. ഈ ജൈവവളം പ്രധാനമായും ഇവിടുത്തെ നാണ്യവിളകൾക്കുവേണ്ടി ഉപയോഗിക്കുകയാണ്.

പഞ്ചായത്തിൽ നിലവിൽ 52 ബയോഗ്യാസ് പ്ളാൻറുകൾ ഉണ്ട്. പ്രതിദിനം 85000 കി.ഗ്രാം ചാണകം ഉത്പാദിപ്പിക്കുന്നു. ആയിരത്തിലധികം ബയോഗ്യാസ് പ്ളാൻറുകൾ തുടങ്ങാൻ ആവശ്യമായ ചാണകം നമ്മുടെ പഞ്ചായത്തിൽ തന്നെ ഉത്പാദിപ്പിക്കപ്പെടുന്നു.

മൃഗസംരക്ഷണ മേഖലയിൽ കർഷക പരിശീലന സംവിധാനം തീരെയില്ല. തന്മൂലം ശാസ്ത്രീയമായ മൃഗ പരിപാലനം ഇവിടെ സാദ്ധ്യമാകുന്നില്ല.

കറവ പശുക്കളുടെ വന്ധ്യതാ വണ്ടൻമേട് പഞ്ചായത്തിൽ വ്യാപകമായി കാണുന്നില്ല. എന്നാൽ ബ്ളോക്കടിസ്ഥാനത്തിൽ വന്ധ്യതാ നിവാരണത്തിനായി ഒരു പദ്ധതി ഉണ്ടാകുന്നത് നല്ലതാണ്.

പഞ്ചായത്തിൽ ധാരാളം മനുഷ്യർക്കും മൃഗങ്ങൾക്കും പേ വിഷ ബാധ ഏല്ക്കുന്നുണ്ട്. പേ വിഷ പ്രതിരോധത്തിനുള്ള മരുന്നിൻെറ അമിതമായ വിലമൂലം വാക്സിനേഷൻ ശരിയായ രീതിയിൽ നടക്കുന്നില്ല. ലൈസൻസ് സമ്പ്രദായം പഞ്ചായത്തിൽ കർശനമായി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ട്. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം വളരെയുണ്ട്.

ഭീകരമായ രോഗമായതിനാൽ പേ വിഷബാധ നിർമ്മാർജ്ജനം നടത്തേണ്ടത് ആവശ്യമാണ്.

ആകസ്മികമായി കന്നുകാലികൾ മരിക്കുന്നതുമൂലം കർഷകർ കടുത്ത നഷ്ടം അനുഭവിക്കുന്നുണ്ട്. സമഗ്ര കന്നുകാലി ഇഷ്വറൻസ് പദ്ധതി പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ടതുണ്ട്. മൃഗ സംരക്ഷണ മേഖലയിൽ കർഷകർക്കുവേണ്ട പ്രോത്സാഹനവും ആംഗീകാരവും നല്കുന്നതിനുവേണ്ടി പഞ്ചായത്തു തലത്തിൽ അവാർഡുകൾ ഏർപ്പെടുത്തേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ :

1 പഞ്ചായത്തിലുള്ള മൃഗാശുപത്രിക്ക് സ്വന്തമായിസ്ഥലമുണ്ട്. അവിടെ ആശുപത്രിക്കാവശ്യമായ കെട്ടിടവും ജീവനക്കാർക്ക് ആവശ്യമായ ക്വാർട്ടേഴ്സും പണിയുക. ആശുപത്രിയോടനുബന്ധിച്ച് ലബോറട്ടറിയും കർഷക പരിശീലനഹാൾ, റെഫ്രിജറേറ്റർ, സ്റ്റെറിലൈസർ, മൈക്രോസ്ക്കോപ്പ്, ഫോൺ എന്നിവയും ഉണ്ടായിരിക്കേണ്ടതാണ്. ആശുപത്രിക്ക് സ്വന്തമായി ഒരു വാഹനം ഉണ്ടായിരിക്കണം. ഉപ കേന്ദ്രങ്ങളിൽ ജീവനക്കാരുടെ കുറവ് നികത്തണം.

2 കഴിഞ്ഞ പദ്ധതിക്കാലത്ത് നടപ്പിലാക്കിയ മൃഗസംരക്ഷണ വകുപ്പിലെ പദ്ധതികൾ കർഷകർക്ക് ഫലപ്രദമായി ഉപകരിക്കാൻ കഴിഞ്ഞില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ജനകീയപങ്കാളിത്തം ഉറപ്പാക്കണം.

3 മേല്ത്തരം കന്നു കാലികളുടെ ബീജങ്ങൾ പഞ്ചായത്തിൽ വിതരണം ചെയ്യുന്നതിന് ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

4 പഞ്ചായത്തിൽ ഒരു അറവുശാല സ്ഥാപിക്കുക.

5 മാംസ പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമേ മാംസം വില്ക്കുവാൻ പാടുള്ളുവെന്ന നിയമം കർശനമാക്കണം.

6 പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യത്തിന് മാംസം ലഭിക്കുവാനുള്ള മൃഗങ്ങളെ ഈ പഞ്ചായത്തിൽ തന്നെ വളർത്തേണ്ടതുണ്ട്. അതുവഴി നിരവധിയാളുകൾക്ക് തൊഴിൽ ലഭിക്കും എന്നത് ഒരു വസ്തുതയാണ്. ഈ കർത്തവ്യം നിറവേറ്റാൻ തയ്യാറാകുന്ന യുവതീയുവാക്കളെ സഹായിക്കുന്ന നടപടികൾ സ്വീകരിക്കണം.

7 അറവു ശാലയുമായി ബന്ധപ്പെട്ട് ജൈവവളനിർമ്മാണ ശാലയും തുകൽ സംസ്ക്കരണ കേന്ദ്രവും പന്നിവളർത്തൽ കേന്ദ്രവും ഉണ്ടാക്കണം.

8 മൃഗ സംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് താല്പര്യമുള്ള പഞ്ചായത്തിലെ യുവതീ യുവാക്കൾക്ക് സമഗ്രമായ പരിശീലനം നല്കുന്നതിന് പദ്ധതിയുണ്ടാക്കണം.

9 ഏറെ സാധ്യതയുള്ള ആടുവളർത്തൽ വ്യപകമാക്കുന്നതിനു വേണ്ടി നല്ലയിനം ആട്ടിൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യണം.

10 ശാസ്ത്രീയമായി ആടുകളെ വളർത്തുന്നതിനുള്ള പരിശീലനം നല്കണം.

11 പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ആവശ്യമുള്ളത്രയും പന്നിക്കുഞ്ഞുങ്ങളെ പഞ്ചായത്തിൽ വിതരണം ചെയ്യണം.

12 സഹകരണ മേഖലയിൽ രണ്ട് ബ്രോയിലർ ഫാം പഞ്ചായത്തിൽ ആരംഭിക്കണം.

13 മുട്ടയുല്പാദനം വർദ്ധിപ്പിക്കുന്നതിന് നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം.

14 പഞ്ചായത്തിലെ ആവശ്യത്തിനുള്ള കാലിത്തീറ്റ ഉണ്ടാക്കുന്നതിനുവേണ്ടി കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് തുടങ്ങണം.

15 പഞ്ചായത്തിലെ ജൈവ വള ആവശ്യം പരിഹരിക്കുന്നതിന് ഒരു ജൈവവള നിർമ്മാണശാല സ്ഥാപിക്കണം.

16 ഊർജ്ജ പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കാൻ ബയോഗ്യാസ് പ്ലാൻറ് നിർമ്മാണം മൂലം സാധിക്കുന്നതാണ്.

17 പഞ്ചായത്തിലെ വളർത്തു മൃഗങ്ങൾക്ക് സമഗ്ര കന്നുകാലി ഇൻഷ്വറൻസ് ഏർപ്പെടുത്തണം.

18 കറവ പശുക്കളുടെ വന്ധ്യത പരിഹരിക്കുന്നതിന് ബ്ലോക്ക് തലത്തിൽ ചികിത്സാ സമ്പ്രദായം നിലവിൽ വരണം.

19 നായ്ക്കൾക്ക് വാക്സിനേഷൻ നടപ്പാക്കുകയും ലൈസൻസ് സമ്പ്രദായം കർശ്ശനമായി നടപ്പിലാക്കുകയും ചെയ്യുക. അലഞ്ഞു തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കുവാൻ കഴിയണം. പേ വിഷ ബാധയ്ക്കെതിരെ ചെകിത്സിക്കുവാനുള്ള വാക്സിൻ സൗജന്യ നിരക്കിൽ കിട്ടണം.

20 മൃഗ സംരക്ഷണ മേഖലയിൽ കർഷകരെ ആദരിക്കുവാൻ പ്രത്യേക അവാർഡ് ഏർപ്പെടുത്തണം.

മത്സ്യ മേഖല

മത്സ്യം വളർത്തലും, മത്സ്യ ബന്ധനവും തീരെ പ്രചരിച്ചിട്ടില്ലാത്ത പഞ്ചായത്താണ് വണ്ടൻമേട്. എന്നാൽ ധാരാളം കുളങ്ങൾ പഞ്ചായത്തിലുണ്ട്. സ്പൈസസ് ബോർഡിൻെറ സബ് സിഡിയോടുകൂടി ആകെ 350 കുളങ്ങളും കൃഷി വകുപ്പിൻേറയും മറ്റ് ഏജൻസികളുടേയും സഹായത്തോടെ 170 കുളങ്ങളും പഞ്ചായത്തിലുണ്ട്. മത്സ്യം വളർത്തൽ പ്രചരിപ്പിക്കുകയും പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യത്തിന് മത്സ്യം ഉത്പ്പാദിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

സാദ്ധ്യതകൾ

1 പഞ്ചായത്തിൽ സ്വന്തം സ്ഥലത്ത് കുളമുള്ള കർഷകർക്ക് മത്സ്യം വളർത്തുന്നതിന് പരിശീലനം നല്കുക.

2 കുളങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി മത്സ്യം വളർത്തുന്നതിന് യോജ്യമാക്കുന്നതിന് സഹായം നൽകുക.

3 മൽസ്യ വിപണനത്തിന് സഹകരണ മേഖലയിൽ സംവിധാനമുണ്ടാക്കുക.

4 കാലാവസ്ഥക്കനുയോജ്യമായ മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുക.

"എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടേയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലതാനും."
ഗാന്ധിജി

ഒരേ മനസ്സും ലക്ഷ്യവുമായി നാം
ഒന്നായ് നീങ്ങീടേണം
നമ്മുടെ നാടിന് വളരാനുള്ളൊരു വഴി നാം തേടേണം
നന്മകൾ വിളയും നല്ലൊരു നാട്
നമ്മൾ തേടേണം
ഞാനും നീയും തന്നാൽ കഴിവതു നാടിനു നൽകേണം

വളർത്തുമൃഗങ്ങളും പക്ഷികളും

വാർഡ്	കാള	നാടൻ	കാള	സങ്കരം	പശു	നാടൻ	പശു	സങ്കരം	എരുമ					
	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	പോത്ത്	ആട്	പട്ടി	ആന
I	-	1	-	4	10	5	375	100	10	1	-	250	500	-
II	-	1	-	3	4	1	170	80	14	5	-	350	300	-
III	-	2	1	5	1	1	250	125	12	-	2	300	700	-
IV	-	1	-	1	2	1	95	10	10	5	-	100	300	
V	-	1	-	2	5	2	240	85	14	2	-	1000	900	-
VI	-	1	2	2	4	2	270	175	16	3	-	1000	1200	-
VII	-	-	-	1	3	1	100	10	20	5	-	700	850	-
VIII	-	1	-	2	6	1	40	5	2	1	-	500	600	-
IX	--	-	-	1	5	1	110	20	10	2	1	450	600	-
X	-	-	-	4	4	1	200	15	5	2	-	500	600	-
XI	-	1	-	3	2	1	185	60	4	2	-	600	700	-
To-tal	-	9	3	28	46	17	235	685	117	28	3	5750	7250	-

പുവൻ കോഴി	പിടക്കോഴി		താറാവ്	
	മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ
7200	22094	24 8197	2	10

5.3 വ്യവസായം

വണ്ടന്മേട് പഞ്ചായത്തിൽ പൊതുമേഖലയിലോ സഹകാര്യമേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഇല്ല. നെറ്റിത്തൊഴുവിൽ ഖാദിബോർഡിന്റെ കീഴിൽ രൂപീകരിച്ച വനിതാ സഹകരണ യൂണിറ്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന കറി പൗഡർ യൂണിറ്റും ചേറ്റുകുഴി, പുറ്റടി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന തേയില നിർമ്മാണ ഫാക്ടറികളും പുറ്റടിയിലുള്ള ഇഷ്ടിക നിർമ്മാണശാലയും അണക്കരയിൽ പ്രവർത്തിക്കുന്ന വാഷിംഗ് പൗഡർ നിർമ്മാണ യൂണിറ്റും പുളിയൻമലയിൽ പ്രവർത്തിക്കുന്ന വേപ്പിൻപിണ്ണാക്ക് ശാലയും ആണ് പഞ്ചായത്തിലെ സഹകാര്യമേഖലയിലെ ചെറുകിട യൂണിറ്റുകൾ.

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് വണ്ടന്മേട്. വ്യാവസായികമായി വികസിക്കുവാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങളിൽ പ്രധാനപ്പെട്ട അസംസ്കൃത വസ്തുക്കൾ, യാത്രാ സൗകര്യം, തൊഴിലാളികളുടെ ലഭ്യത, വൈദ്യുതി സൗകര്യങ്ങൾ അതെല്ലാം ഇവിടെയുണ്ട്. എങ്കിലും വ്യാവസായികമായി വളർച്ച പ്രാപിക്കുന്നില്ല. തൊഴിലില്ലാത്ത യുവതീ യുവാക്കളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിലെ പ്രധാന നാണ്യവിളകൾ ആയ കുരുമുളക്, ഏലം എന്നിവ വ്യാവസായികമായ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്ന കാർഷിക അസംസ്കൃത വസ്തുക്കളാണ്. അതുപോലെ തന്നെ സുലഭമായി കൃഷിചെയ്യുവാൻ കഴിയുന്ന ഇഞ്ചി, മഞ്ഞൾ, മരച്ചീനി എന്നിവയും അസംസ്കൃത വസ്തുക്കളാണ്.

വളർത്തുമരങ്ങൾ ഉപയോഗിച്ച് ഫർണിച്ചർ നിർമ്മിക്കുന്ന ചെറുകിട വ്യവസായങ്ങൾക്ക് പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്.

സ്വയം തൊഴിൽ ചെയ്ത് ഉപജീവനമാർഗ്ഗം കണ്ടെത്താൻ വിദ്യാസമ്പന്നരായ യുവതീ യുവാക്കൾ തല്പരല്ല. അതിനു കാരണം തൊഴിൽ സംരംഭങ്ങൾ തുടങ്ങാനുള്ള സർക്കാർ നടപടികളുടെ ബാഹുല്യമാണ്. മാത്രമല്ല വിവിധ വകുപ്പുകളുടെ സഹായം ആവശ്യമായി വരുന്ന ചെറുകിട വ്യവസായയൂണിറ്റുകൾക്ക് ആവശ്യമായ പ്രോത്സാഹനമോ, സഹായമോ ചെയ്യാൻ അവർ തയ്യാറല്ല. മറ്റൊരു പ്രധാന പ്രശ്നം ചെറുകിട വ്യവസായ രംഗത്ത് ലഭിക്കുന്ന പരിമിതമായ കൂലി നിരക്കാണ്.

നിർദ്ദേശങ്ങൾ

1. വ്യവസായം തുടങ്ങുന്നതിന് താല്പര്യം ഉള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുകയും അതിൽനിന്ന് അഭ്യസ്തവിദ്യരായ യുവതീ യുവാക്കളെ തെരഞ്ഞെടുത്ത് വിദഗ്ധപരിശീലനം നല്കുന്നതിന് താഴെപറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു പരിശീലനകേന്ദ്രം ജില്ലാ തലത്തിൽ തുടങ്ങുകയും വേണം.
   a. ജില്ലാ ഇൻഡസ്ട്രീസ് സെന്റർ
   b. സേമാൾ ഇൻഡസ്ട്രീസ് സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്, തൃശൂർ
   c. നാഷണൽ സേമാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, തൃശൂർ
   d. കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ആന്റ് ടെക്നോളജി കൺസൾട്ടൻസി ഓർഗനൈസേഷൻ, എറണാകുളം
   e. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ആന്റ് സ്മോൾ ബിസിനസ് ഡവലപ്മെന്റ്, ന്യൂഡൽഹി
   f എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യാ, അഹമ്മദാബാദ്
2. കരകൗശല രംഗത്ത് വിദഗ്ധമായ പരിശീലനം നല്കുന്നതിന് ഡപ്യൂട്ടി കമ്മീഷണർ, മിനിസ്ട്രി ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈയിൽസ്, തൃശൂരുമായി ബന്ധപ്പെട്ട് ഒരു ക്രാഫ്റ്റ് ഡവലപ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
3. റെഡിമെയ്ഡ് വസ്ത്രവ്യവസായം തുടങ്ങുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീനരീതികളെപ്പറ്റിയും അതിന്റെ വിപണനസാദ്ധ്യതകളെപ്പറ്റിയും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, മദ്രാസ് എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ധ പരിശീലനം

നല്കണം.

4. വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി പ്രത്യേക പരിഗണനയുടെ അടിസ്ഥാനത്തിൽ ഉടൻ ലഭിക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകണം.

5. വ്യവസായക സംരംഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും തുടങ്ങുന്ന വ്യവസായങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനും ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുകയും വേണം.

6. ഏലം, കുരുമുളക്, എന്നിവ സംസ്ക്കരിക്കുന്നതിന് ജില്ലാ തലത്തിൽ ഒരു വൻകിട ഫാക്ടറി സ്ഥാപിക്കണം.

7. തേയില സംസ്ക്കരണത്തിന് സഹകരണ മേഖലയിൽ ഒരു ഫാക്ടറി സ്ഥാപിക്കണം.

8. വീട്ടമ്മമാർക്ക് എംബ്രോയിഡറി വർക്സ്, പപ്പടനിർമ്മാണം, പ്ലാസ്റ്റിക് കൊണ്ടുള്ള ഉപകരണങ്ങൾ നിർമ്മാണം.

   അച്ചാർ നിർമ്മാണം, കറിപൗഡർ നിർമ്മാണം, തയ്യൽ, സോപ്പു നിർമ്മാണം തുടങ്ങിയ കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ പ്രോത്സാഹനങ്ങളും സഹായങ്ങളും നല്കുക.

9. പാൽ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു പാൽ ഉൽപന്ന നിർമ്മാണശാല സ്ഥാപിക്കുക.

10. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന കാപ്പിക്കുരു സംഭരിച്ച് കാപ്പിപ്പൊടിയാക്കി മാറ്റുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കുക.

11. പഞ്ചായത്തിനാവശ്യമായ വീട്ടുപകരണങ്ങൾ നിർമ്മിക്കുന്നതിന് സഹകരണമേഖലയിൽ ഒരു നിർമ്മാണകേന്ദ്രം ആരംഭിക്കുക.

12. "വ്യവസായ കേരളം" പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ നിശ്ചയിച്ചാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷത്തിനുള്ളിൽ ചെറുകിട വ്യവയായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും. നമുക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾക്കുവേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കി ഇവിടെ തന്നെ ഉത്പാദിപ്പിക്കാൻ കഴിയുന്ന സാഹചര്യമാണ് ഉണ്ടാകേണ്ടത്. ചെറുകിട വ്യവസായങ്ങളുടെ പുരോഗതിയിലൂടെ ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിലില്ലായ്മ പരിഹരിക്കുവാനും കഴിയും. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും നമ്മുടെ ആളോഹരി വരുമാനം വർദ്ധിക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ സാമ്പത്തിക - സാമൂഹിക - സാംസ്ക്കാരിക പുരോഗതിക്ക് ആക്കംകൂട്ടുകയും പുതിയ സാമൂഹ്യ നവോത്ഥാനത്തിലൂടെ സമൃദ്ധമായ ജീവിത പശ്ചാത്തലം പഞ്ചായത്തിലെ ജനങ്ങൾക്ക് സൃഷ്ടിക്കുവാൻ കഴിയും.

ഷോപ്പിംഗ് കോംപ്ലെക്സ്

വണ്ടന്മേട് പഞ്ചായത്ത് നിലനിൽക്കുന്ന സ്ഥലം ഉദ്ദേശം ഒരേക്കർ ഭൂമിയോളം വരും. ടി സ്ഥലത്തു സ്ഥിതി ചെയ്യുന്ന പഴയ മാർക്കറ്റ് ബിൽഡിംഗ് പൊളിച്ച് വൃത്താകൃതിയിൽ മൂന്നു നിലകളുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സും ഒരു മിനി ബസ്സ്റ്റാൻറും പണിയാവുന്നതാണ്. ഇങ്ങനെ പണിയുന്ന പക്ഷം താഴത്തെ നിലയിൽ 25-ഓളം മുറികൾ വരുന്നതും ആയത് വ്യാപാരസ്ഥാപനങ്ങൾക്ക് വാടകയ്ക്കു നൽകാവുന്നതുമാണ്. കൂടാതെ ഇപ്പോൾ സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഗവൺമെന്റ് സ്ഥാപനങ്ങൾ ഈ കോംപ്ലക്സിലേക്കു മാറ്റുകയും ചെയ്യാം. ഇപ്പോൾ സോഷ്യൽ ഫോറസ്റ്ററി വക ഉപയോഗശൂന്യമായി കിടക്കുന്ന പാർക്കിൽ നിലവിലുള്ള വൃക്ഷങ്ങൾ നശിപ്പിക്കാതെതന്നെ തട്ടുതട്ടുകളായി കെട്ടിടങ്ങൾ പണിയുകയും ഒരു പൊതു മാർക്കറ്റ് പണിയുകയും ചെയ്യാവുന്നതാണ്. കൂടാതെ പുറ്റടി പഞ്ചായത്ത് സ്ക്കൂളിന്റെ മുൻവശം പഞ്ചായത്തു വക സ്ഥലത്ത് പത്ത് ഷർട്ടറുകൾ ഉള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സും പണിയേണ്ടതാണ്.

"ഗ്രാമത്തിന്റെ തുടിപ്പുകളെല്ലാം നാമറിയുന്നൊരു നേരം നമ്മുടെ കാര്യം നമ്മുടെ കയ്യിൽ സുഭദ്രമാകുംകാലം."

5-4 വിദ്യാഭ്യാസം

കോട്ടയം ജില്ലയുടെ മലയോര പ്രദേശമായിരുന്ന ഹൈറേഞ്ചിന്റെ കേരള അതിർത്തി ഗ്രാമമായ വണ്ടന്മേട്ടിൽ കുടിയേറ്റം ആരംഭിച്ചതുതന്നെ 1948 കാലയളവിൽ ആണ്. അതിനും മുൻപ് കാടുകൾ വെട്ടിത്തെളിച്ച് ഏലം കൃഷിചെയ്യുന്നതിന് തമിഴ്നാട്ടിൽ നിന്നും ആളുകൾ എത്തിയിരുന്നു. കൃഷിചെയ്ത് ഉപജീവനമാർഗ്ഗം തേടുന്നതിനു വേണ്ടി കുടിയേറിപ്പാർത്ത കർഷകർക്ക് വിദ്യാഭ്യാസം ഒരാവശ്യമായി അക്കാലത്ത് തോന്നിയിരുന്നില്ല. അതിനുള്ള സൗകര്യങ്ങൾ അക്കാലത്ത് ലഭ്യമായിരുന്നില്ല താനും. ജന്മനാട്ടിൽ വിദ്യാഭ്യാസം പൂർത്തീകരിക്കാനാവാതെ കുടിയേറിയ കർഷകരുടെ മുതിർന്ന കുട്ടികൾ വണ്ടന്മേട്ടിൽ നിന്നും ഇരുപത് കിലോമീറ്ററിലധികം ദൂരത്തുള്ള മുരിക്കടി എന്ന സ്ഥലത്താണ് പഠിച്ചുകൊണ്ടിരുന്നത്. 1953-ൽ വണ്ടന്മേട്ടിലെ സെൻറ് ആന്റണീസ് ദേവാലയത്തിനു കീഴിൽ ഒരു തമിഴ് മലയാളം L.P.സ്ക്കൂൾ പ്രവർത്തനമാരംഭിച്ചു. ഇതായിരുന്നു പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. അപ്പോഴും ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി മുരിക്കടിയെ തന്നെ ആശ്രയിക്കേണ്ട അവസ്ഥയാണ് ഉണ്ടായിരുന്നത്.

1966-ൽ പുറ്റടിയിൽ വണ്ടന്മേടു പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നെഹ്റു സ്മാരക പഞ്ചായത്ത് ഹൈസ്ക്കൂൾ നിലവിൽ വന്നു. കാലക്രമേണ നെറ്റിത്തൊഴുവിൽ ഒരു L.P സ്ക്കൂൾ, പുളിയന്മലയിൽ കെ.ഇ.യു.പി. സ്ക്കൂൾ, ഗവ.ട്രൈബൽ സ്ക്കൂൾ, വണ്ടന്മേട് സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്ക്കൂൾ, ചെല്ലാർകോവിൽ N.S.S L.P സ്ക്കൂൾ, പുറ്റടി സെന്റ്മേരീസ് എൽ.പി. സ്ക്കൂൾ, അണക്കര ട്രൈബൽ സ്ക്കൂൾ എന്നിവ പ്രവർത്തനമാരംഭിച്ചു. പഞ്ചായത്തിൽ ഇതു കൂടാതെ ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂളും മൂന്ന് പാരലൽകോളേജുകളും വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

ചെറുതും വലുതും ആയ എട്ടു വിദ്യാലയങ്ങളിൽ ആയി 3425 വിദ്യാർഥികൾ അധ്യയനം നടത്തുന്നുണ്ട്. സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ വളരെ ചെറിയ ഒരു ശതമാനം (2:%) വിദ്യാർത്ഥികൾ ഇടയ്ക്ക് വച്ച് പഠനം നിർത്തിയവരുണ്ട്. 1995-96 വിദ്യാഭ്യാസ വർഷത്തിൽ കൊഴിഞ്ഞുപോയവരുടെ പട്ടിക താഴെ ചേർക്കുന്നു. (പട്ടിക 1)

പഞ്ചായത്തിനു വെളിയിലുള്ള കുമളി, കട്ടപ്പന, അണക്കര, എന്നിവിടങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പഠിക്കുവാനായി 80-ത്തോളം കുട്ടികൾ പോകുന്നുണ്ട്. ആംഗലേയ വിദ്യാഭ്യാസത്തിൽ ആകൃഷ്ടരായ നാട്ടിൻ പുറത്തെ ഇടത്തരക്കാരുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ, സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളോ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. ഇത്തരം വിദ്യാഭ്യാസത്തിനായി വിദൂര സ്ഥലങ്ങളെ ആശ്രയിക്കേണ്ടുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. പഞ്ചായത്തിൽ രണ്ട് ഹൈസ്ക്കൂളുകൾ മാത്രമാണ് നിലവിലുള്ളത്. 1995-96 ൽ വണ്ടന്മേട് സെന്റ് ആന്റണീസ് ഹൈസ്കൂളിലെ വിജയശതമാനം 79.45 ഉം പുറ്റടി N.S.P.H.S. ലേത് 42 ഉം ആയിരുന്നു. ജയിച്ചു വരുന്നവരിൽ തന്നെ ചെറിയ ഒരു ശതമാനത്തിനു മാത്രമേ അഫിലിയേറ്റഡ് കോളേജുകളിൽ അഡ്മിഷൻ ലഭിക്കുന്നുള്ളൂ. ബാക്കിയുള്ളവർ പാരലൽ കോളേജുകളെ ആശ്രയിക്കുകയാണ് പതിവ്. പഞ്ചായത്തിലെ നാല് ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളിൽ ആയി അൻപതിൽപരം വിദ്യാർത്ഥികൾ പരിശീലനം നടത്തുന്നുണ്ട്. എവിടെയും ഷോർട്ട് - ഹാൻഡ് പരിശീലനം ഗൗരവമായി നടക്കുന്നില്ല. Xerox - ന്റെ കടന്നു കയറ്റത്തോടെ ഈ സ്ഥാപനങ്ങളുടേയും അവിടെ പരിശീലനം തേടുന്ന വിദ്യാർത്ഥികളുടെയും പ്രതീക്ഷകൾക്ക് മങ്ങലേറ്റിരിക്കുകയാണ്.

നാല് ആശാൻ കളരികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മൂന്ന് വയസ്സിനും അഞ്ചുവയസ്സിനും ഇടയ്ക്ക് പ്രായമുള്ള കുട്ടികളിൽ അധികവും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ ആണ് പഠി

പട്ടിക-1

പഠനം നിർത്തിയവരുടെ കണക്ക്

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
12	8	20	31	16	47
				ആകെ	67

ക്കുന്നത്.

ബുദ്ധിമാന്ദ്യം ഉള്ള കുട്ടികൾ ചക്കുപള്ളം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പ്രത്യേക വിദ്യാഭ്യാസ കേന്ദ്രത്തെ ആശ്രയിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിന് വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് പഞ്ചായത്തിൽ ഉള്ളത്. ലോവർ പ്രൈമറി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾ വരെ വളരെയധികം യാത്ര ചെയ്ത് വിദ്യാലയത്തിൽ എത്തേണ്ട അവസ്ഥയാണുള്ളത്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

പുറ്റടിയിൽ പഞ്ചായത്തു സ്കൂളിനോടനുബന്ധിച്ച് എൽ.പി., യു.പി. സ്കൂളുകളും പ്ലസ് ടു സൗകര്യവും ഏർപ്പെടുത്തുക. കൂടാതെ ഇതിനോടനുബന്ധിച്ച് ഒരു തമിഴ് മീഡിയം ഹൈസ്കൂളും ആരംഭിക്കുക. പുറ്റടി നാലാം വാർഡിൽ പ്രവർത്തിക്കുന്ന സ്വകാര്യസ്കൂളിന് സർക്കാർ അംഗീകാരം നൽകുക. ശാസ്താനടയിലും മാലിയിലും പ്രവർത്തിക്കുന്ന താത്കാലിക തമിഴ്മീഡിയം സ്കൂളുകൾക്ക് അംഗീകാരം നൽകി പഞ്ചായത്തു മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന എൽ.പി. സ്കൂളുകൾ ആയി മാറ്റുക. ചെല്ലാർകോവിൽ സ്കൂൾ യു.പി. ആക്കുക, കുപ്പകൽമേട്ടിൽ ഒരു എൽ.പി. സ്കൂൾ ആരംഭിക്കുക, അണക്കര എൽ.പി. സ്കൂൾ യു.പി. ആക്കുക. വണ്ടന്മേട്ടിൽ ഒരു തമിഴ്മീഡിയം യു.പി. സ്കൂൾ ആരംഭിക്കുക. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി പഞ്ചായത്തു തലത്തിൽ അംഗൻവാടികളുടെ കോർഡിനേഷൻ കമ്മറ്റി രൂപീകരിക്കുക. കാശ്മീക്കടവിൽ ഒരു എൽ.പി. സ്കൂൾ ആരംഭിക്കുക.

സ്വന്തമായി സ്ഥലം ഇല്ലാത്ത അംഗൻവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ സഹകരണം ഉണ്ടാകണം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ലാത്ത ഈ പഞ്ചായത്തിൽ ഒരു ഗവൺമെന്റ് കോളേജും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും ആരംഭിക്കുക.

പഞ്ചായത്തുവക പുറ്റടി സ്കൂളിൽ നാല് ഒഴിവുകൾ ഉണ്ട്. ചെല്ലാർകോവിൽ N.S.S. ൽ ഒരു ഒഴിവുണ്ട്. ഇവ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. വൃത്തിയുള്ള ക്ലാസ്സ് മുറിയും ആവശ്യത്തിന് പഠനോപകരണങ്ങളും, ഫർണിച്ചറുകളും എല്ലാ സ്കൂളുകളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

പഞ്ചായത്തിലെ വിദ്യാഭ്യാസകാര്യങ്ങൾ പ്രതിമാസം അവലോകനം ചെയ്യുവാൻ ഒരു വിദ്യാഭ്യാസ അവലോകനസമിതി ഉണ്ടാക്കുക. നിരക്ഷരതാ നിർമ്മാർജ്ജനം S.S.L.C. വിജയശതമാനം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ഈ സമിതിയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുക.

എല്ലാ സ്കൂളുകളിലേയും ഏറ്റവും കൂടുതൽ മാർക്കുനേടുന്ന കുട്ടികൾക്ക് പഞ്ചായത്തിന്റെ വക അവാർഡുകൾ നൽകുന്നുണ്ട്. ഇത് പ്രൈമറി തലത്തിലും, ഹൈസ്കൂൾ തലത്തിലും നൽകപ്പെടുന്നു. ഗ്രാമസഭയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കൃഷിയുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ഊന്നൽ നൽകി ആരംഭിക്കണം. കാർഷിക മേഖലയിൽ നിന്നും ലഭിക്കുന്ന ഉത്പന്നങ്ങളുടെ സംസ്ക്കരണവുമായി ബന്ധപ്പെട്ട ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പരിശീലനം നൽകുന്ന കോഴ്സുകൾ നടത്തുന്നതിന് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.

ഏറെ ജോലിസാദ്ധ്യതയുള്ള അംഗീകൃത കമ്പ്യൂട്ടർ കോഴ്സുകൾ പരിശീലിപ്പിക്കുന്നതിനുള്ള സ്ഥാപനം ആരംഭിക്കുക. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ കുട, നോട്ടുബുക്ക് എന്നിവ നിർമ്മിക്കുന്നതിന് ഹൈസ്കൂൾ തലത്തിൽ കുട്ടികൾക്ക് പരിശീലനം നൽകുകയും മറ്റു തൊഴിലുകൾ പരിശീലിപ്പിക്കാനാവുമോ എന്ന് പരിശോധിക്കുകയും ചെയ്യുക.

പുറ്റടിയിൽ പ്രവർത്തിച്ചുവരുന്ന പഞ്ചായത്തുവക ഹൈസ്കൂളിന്റെ ഗ്രൗണ്ട് വിസ്തൃതി വർദ്ധിപ്പിച്ച് ആധുനിക രീതിയിൽ ഉള്ള കളിക്കളം ആക്കി മാറ്റുക. സ്കൂൾ പാർലമെന്റുകൾ സജീവമാക്കുക, സ്കാഡുകൾ, ക്ലബ്ബുകൾ, സാഹിത്യസമാജങ്ങൾ എന്നിവ സംഘടിപ്പിക്കുക, കൈയെഴുത്ത് ചിത്രമാസികകൾ ഉണ്ടാക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുക. പൂന്തോട്ടം പച്ചക്കറി തോട്ടങ്ങൾ നിർമ്മിക്കുവാൻ വിദ്യാർത്ഥികളെ ഉത്സാഹിപ്പിക്കുക, കായികപരിശീലനം, ദിനാചരണങ്ങൾ, പഠനവിനോദയാത്രകൾ തുടങ്ങിയവ സംഘടിപ്പിക്കുക, തുടങ്ങിയവയൊക്കെ കർമ്മോത്സുകതയോടുകൂടി സ്കൂളുകളിൽ നടപ്പാക്കേണ്ടതുണ്ട്. മാസാന്ത്യപരീക്ഷകളും, മാതൃസംഗമങ്ങളും, ക്ലാസ്സ് P.T.A. കളും എല്ലാം ഒത്തുചേർന്നാൽ വിദ്യാഭ്യാസമേഖലയിൽ ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ വണ്ടന്മേട് ഗ്രാമപഞ്ചായത്തിനു സാധിക്കും എന്ന കാര്യത്തിൽ സംശയമില്ല.

പട്ടിക - 2

L.P., U.P., H.S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	L.P.			U.P			H.S.		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
3223	821	703	46.12	359	526	59.44	337	477	58.60
								ആകെ	54.72

പട്ടിക - 3

പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

L.P.			U.P			H.S.		
ആകെ	SC/ST	%	ആകെ	SC / ST	%	ആകെ	SC / ST	%
1524	171	11.22	885	55	6.21	814	47	5.77
							ആകെ	7.73

പട്ടിക - 4

പഠനം നിർത്തിയവരുടെ കണക്ക്

SC / ST			മറ്റുള്ളവർ		ആകെ
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
12	8	20	31	16	47
				ആകെ	67

പട്ടിക 5
വിദ്യാർത്ഥികൾ, അദ്ധ്യാപകർ

നമ്പർ	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ
			ആൺ	പെൺ	ആകെ	ആകെ
1	St. Antony's Vandanmedu	എയ്ഡഡ്	449	814	1263	36
2.	K.E. U.P.S. Puliyanmala	"	154	133	287	10
3.	N.S.S. L.P. School Chellarcovil	"	85	67	152	3
4.	St. Joseph's L.P.S. Kochera	"	240	192	432	11
5.	Govt. Tribal L.P.S. Puliyanmala	Govt	116	94	210	7
6.	St. Mary's L.P.S. Puttady	അൺ എയ്ഡഡ്	136	116	252	5
7.	N.S. P.H.S. Puttady	പഞ്ചായത്ത്	337	174	511	26
		Total	1072	1590	3107	98

പട്ടിക 6
സ്ക്കൂൾ സൗകര്യം സംബന്ധിച്ച വിദ്യാർത്ഥികൾ, അദ്ധ്യാപകർ വിവരങ്ങൾ

No.	സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1.	കെ.ഇ. യു.പി. സ്കൂൾ പുളിയൻമല	287	10	3	2	ഉണ്ട്	ഉണ്ട്
2.	സെന്റ് മേരീസ് L.P. സ്കൂൾ	252	5	1	ഇല്ല	ഉണ്ട്	ഉണ്ട്
3.	St. ജോസഫ്സ് L.P.S. കൊച്ചറ	435	11	2	1	ഉണ്ട്	ഉണ്ട്
4.	N.S.S.L.P. സ്കൂൾ ചെല്ലാർകോവിൽ	152	3	ഇല്ല	ഇല്ല	ഇല്ല	ഇല്ല
5.	സെന്റ് ആന്റണീസ് G.H.S. വണ്ടന്മേട്	1263	36	1	1	ഉണ്ട്	ഇല്ല
6.	N.S.P.H.S. പുറ്റടി	511	26	2	2	ഉണ്ട്	ഉണ്ട്
7.	Govt. ട്രൈബൽ L.P.S. പുളിയൻമല	210	7	ഇല്ല	1	ഇല്ല	ഇല്ല
8.	I.M.S.L.P.S. Anakkara	122	3	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല.

5-5 കുടിവെള്ളവും പൊതുജനാരോഗ്യവും

ഒരു ജനതയുടെ പരമപ്രധാനമായ ആവശ്യമാണ് ശുദ്ധമായ ജലവും, ശുദ്ധമായ വായുവും ശുചിത്വമുള്ള പാർപ്പിടവും. കുടിക്കുവാനുള്ള ശുദ്ധജലത്തിനായി പഞ്ചായത്തിലെ 90% ജനങ്ങളും ആശ്രയിക്കുന്നത് കിണറുകളേയാണ്. നല്ല രീതിയിൽ പണിതീർത്തിരിക്കുന്ന കിണറുകളും വെറും കുഴികളും ശുദ്ധജല ഉപയോഗത്തിനായി ആളുകൾക്ക് സ്വന്തമായി ഉണ്ട്. 16 പഞ്ചായത്ത് കിണർ ഉണ്ട്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 40% രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ആണ്. കേരളാ വാട്ടർ അതോറിറ്റിയുടെ മൂന്നു ജലവിതരണ പദ്ധതികൾ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്നുണ്ട്. വളരെ ചെറിയ പ്രദേശത്ത് മാത്രം ഭാഗീകമായി ജലവിതരണം നടത്തുന്ന പദ്ധതികളാണുള്ളത്. പുറ്റടിയിൽ ഉള്ള പദ്ധതിയ്ക്ക് ആവശ്യത്തിനുള്ള വെള്ളംപുറ്റടിയിൽ നിന്നും തന്നെയെടുക്കുന്നു. വണ്ടൻമേട് പദ്ധതിയ്ക്കായി ആവശ്യത്തിനുള്ള ജലം മറ്റക്കണ്ടം എന്ന സ്ഥലത്തു നിന്നുമെടുക്കുന്നു. പുളിയൻമല പദ്ധതിക്കുവേണ്ടി ജലം ഹേമക്കടവിൽ നിന്നെടുക്കുന്നു.

പഞ്ചായത്തിൽ ഉടനീളം കുടിവെള്ളം എത്തിക്കുവാൻ കഴിയുന്ന ഒരു വൻകിട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിക്ക് ആവശ്യമായ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് കൊടുക്കുവാൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഉദ്ദേശം പത്തു കോടിയോളം രൂപ മുതൽമുടക്ക് വരുന്ന പ്രസ്തുത പദ്ധതി അടുത്ത ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ വേണ്ട നടപടികളുമായി മുന്നോട്ടു പോകുകയാണ്. എന്നാൽ കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായ പ്രദേശങ്ങളിൽ വേനൽക്കാലത്ത് ശുദ്ധജലമെത്തിക്കുവാൻ വേണ്ട താത്കാലിക പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. മന്തിപ്പാറ, നെറ്റിത്തൊഴു ഹരിജൻ കോളനി, മണിയംപെട്ടി, രാജാക്കണ്ടം ഹരിജൻകോളനി, കോങ്കല്ല് മേട്, പാലാക്കണ്ടം ജംഗ്ഷൻ, 40 ഏക്കർ, അമ്പലമേട്, വെയർഹൗസ് കോളനി പുതകിൽ ശാന്തിനഗർ, മപ്പാറ, നെരപ്പേൽസിറ്റി എന്നീ സ്ഥലങ്ങളിൽ താൽക്കാലികമായി വേനൽക്കാലത്ത് ശുദ്ധജലമെത്തിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം.

1. മന്തിപ്പാറ ജംഗ്ഷന് പടിഞ്ഞാറു ഭാഗത്തായി കുളം കുത്തി മോട്ടോർ പമ്പ് ഉപയോഗിച്ച് മന്തിപ്പാറയിൽ ജലവിതരണം നടത്താവുന്നതാണ്.
2. നെറ്റിത്തൊഴു ഹരിജൻ കോളനിയ്ക്ക് സമീപം അരക്കിലോമീറ്റർ അകലെയായി കുളം നിലവിലുണ്ട്. ആ കുളത്തിൽ നിന്നും വെള്ളം പമ്പ് ചെയ്ത് കോളനിയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ ജലം എത്തിക്കാവുന്നതാണ്.
3. മണിയംപെട്ടിയിൽ നിലവിൽ ഒരു കുളം ഉണ്ട്. ആ കുളത്തിൽ നിന്നും മണിയംപെട്ടി പ്രദേശത്തുള്ള എല്ലാ ആളുകൾക്കും വേണ്ടവെള്ളം എത്തിക്കാവുന്നതാണ്.
4. രാജാക്കണ്ടം ഹരിജൻ കോളനിയിൽ ജല ലഭ്യതയുള്ള പ്രദേശങ്ങളിൽ കിണറ് കുഴിച്ചാൽ അവിടത്തെ ശുദ്ധജല പ്രശ്നം പരിഹരിക്കാവുന്നതാണ്.
5. കോങ്കല്ല് മേടിന് താഴെ പാലാക്കണ്ടം ജംഗ്ഷന് സമീപം അമ്പാട്ട്വക സ്ഥലത്ത് ഒരു കുളം കുത്തുകയും അവിടെ നിന്ന് മോട്ടോർ പമ്പ് ഉപയോഗിച്ച് കോങ്കല്ല് മേട്, പാലാക്കണ്ടം ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കാവുന്നതാണ്.
6. നിരപ്പേൽസിറ്റി, പുതകിൽ, വെയർഹൗസ് കോളനി, ശാന്തിനഗർ എന്നീ സ്ഥലങ്ങളിൽ ഓരോ കുഴൽകിണർ കുത്തിയാൽ ആവശ്യത്തിന് ജലം ലഭിക്കുന്നതാണ്.
7. മേപ്പാറക്ക് മുകൾഭാഗത്ത് ഒരു തടയണകെട്ടി വെള്ളം ശേഖരിച്ചാൽ ആ ഭാഗത്തെ ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും. പഞ്ചായത്തിന്റെ പൊതുകിണറുകൾ സംബന്ധിച്ച വിവരം താഴെ പട്ടിക ചേർക്കുന്നു.

കിണറുകൾ		കുഴൽ കിണറുകൾ	മൊത്തം കിണറുകൾ
പൊതു കിണറുകൾ			
വെള്ളമുള്ളത്	വെള്ളമില്ലാത്തത്		
14	2	4	20

8. മിക്കവാറും എല്ലായ്പോഴും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കഞ്ഞിപ്പാറ കോളനി, അന്യർതൊളു, പുളിയൻമല എന്നീ പ്രദേശങ്ങളിലെ നിലവിലുള്ള ജലവിതരണം അപര്യാപ്തമായതിനാൽ, ഹേമക്കടവ് പമ്പ് ഹൗസിന്റെ ശേഷി വർദ്ധിപ്പിക്കുകയും, കൂടുതൽ ജലം സംഭരിക്കാൻ ശേഷിയുള്ള ഒരു ടാങ്ക് കഞ്ഞിപ്പാറയിൽ നിർമ്മിക്കുകയും ചെയ്യണം.

9. അന്യാർതൊളു B.T.R. നഗറിലുള്ള ചെറിയ കിണർ ആഴം കൂട്ടി കല്ലു കെട്ടുകയും BTR നഗറിനു സമീപമുള്ള തങ്കവേലു എന്നയാളിന്റെ ഏലത്തോട്ടത്തിൽ നീരുറവയുള്ള ഭാഗത്ത് കിണർ കുഴിച്ചാൽ BTR നഗർ, പാച്ചുപിള്ളക്കുടി എന്നിവിടങ്ങളിലെ ശുദ്ധ ജലദൗർലഭ്യം പൂർണ്ണമായി പരിഹരിക്കാവുന്നതാണ്.

10 ചേറ്റുകുഴി, നിരപ്പേസിറ്റി, ആമയാർ, മോഹൻ കട എന്നിവിടങ്ങളിൽ ഓരോ കുഴൽക്കിണർ കുഴിക്കുകയും, ഹേമക്കടവ് I.H.D.P. കോളനിയിലുള്ള പൈപ്പ് ലൈൻ മോഹൻ കടവരെ നീട്ടുകയും ചെയ്താൽ ടി സ്ഥലങ്ങളിലെ ശുദ്ധജലദൗർലഭ്യം പരിഹരിക്കാവുന്നതാണ്.

മറ്റ് നിർദ്ദേശങ്ങൾ

11 പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ നീർക്കുഴികൾ കുഴിച്ച് മഴക്കാലത്ത് വെള്ളം ശേഖരിച്ച് നിർത്തുകയും, നിലവിലുള്ള തോടുകളിൽ ബണ്ടുകൾ കെട്ടി വെള്ളം തടഞ്ഞു നിർത്തുകയും, ആയതിന് പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നടത്തുകയും ചെയ്യണം.

ആരോഗ്യം

ആദ്യകാലത്ത് പാരമ്പര്യ നാട്ടുവൈദ്യന്മാരാണ് അത്യാവശ്യ ചികിത്സകൾ നടത്തിപോന്നത്. അതിനു മുൻപ് അന്ധവിശ്വാസജഡിലമായ ചികിത്സാരീതികളാണ് നിലവിലിരുന്നത്. ആധുനിക ശാസ്ത്രവും, ചികിത്സാരീതികളും പുരോഗമിച്ച ഈ കാലഘട്ടത്തിലും ചുരുക്കം ചിലരെങ്കിലും ഇത്തരം പ്രാകൃത രീതികൾ അനുവർത്തിച്ച് വരുന്നുണ്ട്.

കുടിയേറ്റത്തിനുശേഷം 1960 കളിൽ ആണ് പഞ്ചായത്തിൽ സർക്കാർ തലത്തിൽ ഒരു ആരോഗ്യ പരിപാലനകേന്ദ്രം ആരംഭിച്ചത്. 1969 ഓഗസ്റ്റ് മാസത്തിലാണ് പുറ്റടി പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിച്ചത്. ഈ സ്ഥാപനമാണ് പഞ്ചായത്തിലെ പ്രഥമ ആരോഗ്യകേന്ദ്രം. സർക്കാർവക ഹോമിയോ ആശുപത്രികളോ, ആയുർവ്വേദ ആശുപത്രിയോ പഞ്ചായത്തിലില്ല. സ്വകാര്യമേഖലയിൽ നെറ്റിത്തൊഴുവിൽ ഒരു ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. ചേറ്റുകുഴി, താഴെ വണ്ടന്മേട് പുളിയന്മല എന്നിവിടങ്ങളിൽ സ്വകാര്യമേഖലയിൽ ഡിസ്പൻസറികൾ ഉണ്ട്. പുറ്റടിയിൽ സ്വകാര്യ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നു. (പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു. പട്ടിക II). വണ്ടൻമേട്ടിൽ ഒരു ജില്ല. T.B. സെന്റർ 1995 മുതൽ പ്രവർത്തിച്ചുവരുന്നു.

പുറ്റടി, നെറ്റിത്തൊഴു, വണ്ടന്മേട് എന്നിവിടങ്ങളിൽ ആയുർവ്വേദ ഔഷധ വിൽപ്പനസ്ഥാപനങ്ങൾ ഉണ്ട്. നെറ്റിത്തൊഴുവിൽ രണ്ട് പാരമ്പര്യ വൈദ്യന്മാർ ആയുർവ്വേദ ചികിത്സ നടത്തുന്നുണ്ട്.

1995 - 96 വർഷത്തിൽ പുറ്റടി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ 16468 ഔട്ട് പേഷ്യന്റും, 1433 ഇൻപേഷ്യന്റും ചികിത്സക്കെത്തി. അതിൽ 836 ത്വക്ക് രോഗികളും 1215 വാതരോഗികളും 1708 പകർച്ചവ്യാധി ബാധിതരും, 63 പേർ വിഷചികിത്സക്കായി എത്തിയവരുമായിരുന്നു.

(കഴിഞ്ഞ നാലുവർഷത്തെ വിശദമായ റിപ്പോർട്ട് താഴെ കൊടുക്കുന്നു. പട്ടിക III)

നിർദ്ദേശങ്ങൾ

12. പുറ്റടി പ്രാഥമിക ആരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് പുതിയതായി നിർമ്മിച്ചിട്ടുള്ള ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ സ്റ്റാഫിനേയും, ആശുപത്രി ഉപകരണങ്ങളും അനുവദിക്കുക. പുറ്റടി പ്രാഥമിക ആരോഗ്യകേന്ദ്രത്തോടനുബന്ധിച്ചുള്ള മോർച്ചറി ആധുനിക രീതിയിൽ പണികഴിപ്പിക്കുക. ആശുപത്രി കോമ്പൗണ്ടിലെ വഴികൾ ടാർ ചെയ്യുക. ആശുപത്രിക്കു വേണ്ടിയുള്ള വാട്ടർ സപ്ലൈ സംവിധാനം നവീകരിക്കുക, ആശുപത്രിയിലെ ഇലക്ട്രിഫിക്കേഷൻ നവീകരിക്കുക. ആശുപത്രിയിലെ മലമൂത്രവിസർജ്ജന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

13. രക്തദാനത്തിന്റെ മഹത്വവും ആവശ്യവും പ്രചരിപ്പിക്കുക. നേത്രദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക.

14. പുറ്റടി പ്രാഥമികാശുപത്രിയിൽ എക്സറേ, ഓപ്പറേഷൻ തീയറ്റർ, ലാബറട്ടറി സംവിധാനങ്ങൾ ഏർപ്പെടുത്തുക.

ആരോഗ്യ പരിപാലനരംഗത്ത് കാര്യമായ പുരോഗതി പ്രാപിച്ചിട്ടില്ലാത്ത പഞ്ചായത്തിലെ ഗ്രാമീണ ജനതയ്ക്ക് പൂർണ്ണമായില്ലെങ്കിൽ പോലും ആശ്വാസം പകരാൻ കഴിയുന്ന നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സന്നദ്ധ സേവന സംഘടനകളേയും അംഗൻവാടി പ്രവർത്തകരേയും സഹകരിപ്പിച്ച് ആരോഗ്യപരിപാലനരംഗത്ത് ഒരു പുതിയ തുടക്കം കുറിയ്ക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

പട്ടിക II
പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

ക്രമ നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1.	പ്രൈമറി ഹെൽത്ത്സെന്റർ	VI	1969	19
2.	ഗവ. ജില്ലാ T.B. സെന്റർ	XI	1995	12

പട്ടിക III
പുറ്റടി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ വിവരങ്ങൾ

വർഷം	ഇൻ പേഷ്യന്റ്	ഔട്ട് പേഷ്യന്റ്	രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം					
			ത്വക്ക് രോഗം	വാതരോഗം (എല്ലാ വിഭാഗം)	പകർച്ച വ്യാധികൾ	വിഷ ചികിത്സ	മറ്റുള്ളവ	ആകെ
92-93	1034	15718	637	907	1064	40	14134	16782
93-94	1326	16818	740	1005	1500	54	14845	18144
94-95	1235	13535	680	1300	1560	39	13191	16770
95-96	1433	16468	836	1215	1708	63	14179	17901
ആകെ	5058	64539	2893	4427	5832	196	56249	69597

5 - 6 ഗതാഗതം

ഒരു നാടിന്റെ അടിസ്ഥാനമായ വികസനത്തിന് ഗതാഗതയോഗ്യമായ റോഡുകൾ അത്യന്താപേക്ഷിതമാണ്. ഈ പഞ്ചായത്തിൽ ജനപങ്കാളിത്തത്തോടെ നിർമ്മിച്ച നിരവധി റോഡുകൾ ഉണ്ടെങ്കിലും അവയൊന്നും ഇപ്പോൾ ഗതാഗതയോഗ്യമല്ല. പ്രധാന റോഡുകൾ വിട്ടാൽ ബസ് ഗതാഗത സൗകര്യമുള്ള സ്ഥലങ്ങൾ നാമമാത്രമാണ്. 92 ചതുരശ്ര കി.മീ. വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ ഗതാഗതയോഗ്യമായ ആകെ റോഡുകളുടെ നീളം 40.2 കി.മീ ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ വളരെ പിന്നിലാണ്.

പൊതുപ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുക. ആവശ്യമായവ പുതിയതായി നിർമ്മിക്കുക. റോഡുകൾക്ക് ഓടകൾ നിർമ്മിച്ച് വശങ്ങൾ കെട്ടി ബലപ്പെടുത്തണം.
2. കലുങ്കുകളും, ചപ്പാത്തുകളും, നടപ്പാലങ്ങളും നിർമ്മിക്കണം.
3. വെയിറ്റിംഗ് ഷെഡ്, മൂത്രപ്പുരകൾ തുടങ്ങിയവ നിർമ്മിക്കണം.
4. ടാക്സി, ഓട്ടോ സ്റ്റാൻഡുകൾ നിർമ്മിക്കണം.

പ്രശ്നങ്ങളും പരിഹാരങ്ങളും.

വാർഡ് I

പ്രശ്നങ്ങൾ

1. തീർത്തും അവികസിതമായ ഈ വാർഡിൽ ഗതാഗതയോഗ്യമായ റോഡുകൾ തുലോം കുറവാണ്.

നിർദ്ദേശങ്ങൾ

ചേറ്റുകുഴി-ഹേമക്കടവ്, പുളിയന്മല റോഡ് EAS പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടു കി.മീ ടാർ ചെയ്തിട്ടുണ്ട്. ഈ റോഡ് തേക്കടി-കുമിളി സ്റ്റേറ്റ് ഹൈവേയുമായി ബന്ധിക്കുന്നതായതുകൊണ്ട് വളരെ പ്രാധാന്യമർഹിക്കുന്നതും എത്രയും വേഗം ബാക്കി ഭാഗം കൂടി ടാർ ചെയ്യേണ്ടതാണ്. IHDP കോളനിയുടെ ഭാഗമായ മൂന്നു കി.മീറ്ററോളം ദൈർഘ്യമുള്ള ഹേമക്കടവ്-കഞ്ഞിപ്പാറ-അഞ്ചൽ റോഡ് മെറ്റൽ ചെയ്ത് ഗതാഗതയോഗ്യമാക്കുക. നൂറോളം വീട്ടുകാർക്ക് ഏക ആശ്രയമായ മംഗലംപടി-ചുരുളിക്കോളനി റോഡ് 3 കി.മീറ്റർ മെറ്റൽ ചെയ്തും ആവശ്യമുള്ള സ്ഥലങ്ങളിൽ കലുങ്കുകൾ തീർത്ത് ഗതാഗതയോഗ്യമാക്കുക. ചുരുളിക്കോളനി മുതൽ ചള്ളയ്ക്കൽപടി വരെയുള്ള റോഡ് മെറ്റൽ ചെയ്യുകയും പുതുതായി രണ്ട് കലുങ്കുകൾ നിർമ്മിക്കുകയും ചെയ്യുക. ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ളതും നൂറുകണക്കിന് കുട്ടികൾ ദിവസവും സഞ്ചരിക്കുന്നതുമായ വണ്ടൻമെട്ട്-രാജാക്കണ്ടം റോഡ് എത്രയും വേഗം ടാർ ചെയ്യുക. BTR നഗർ-പാച്ചുപിള്ള പടി റോഡ് ടാറു ചെയ്യുക.

വാർഡ് II

തൊടുപുഴ-പുളിയന്മല സ്റ്റേറ്റ് ഹൈവേ ആമയാർ-ചേറ്റുകുഴി മന്തിപ്പാറ വഴി കമ്പംമെട്ട് വരെ ദീർഘിപ്പിക്കുക. ചക്കുപള്ളം-വണ്ടൻമെട്ട്, കരുണാപുരം പഞ്ചായത്തുകളെ ഏറ്റവും കുറഞ്ഞ ദൂരത്തിൽ ബന്ധിപ്പിക്കുന്ന ചെല്ലാർകോവിൽ-നെറ്റിത്തൊഴു-മോസ്ക്കോകവല-പഴയകൊച്ചറ വഴിയുള്ള റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കു. പഴയകൊച്ചറ-റസാക്ക്മുക്ക് റോഡ് ടാർ ചെയ്ത് വണ്ടമേടുമായി കുറഞ്ഞ ദൂരത്തിൽ ബന്ധിപ്പിക്കുക. ബാലൻപിള്ളപടി-പണ്ടാരബാലൻപടി റോഡിൽ ആവശ്യമായ രണ്ടു കലുങ്കുകൾ നിർമ്മിക്കുക. ശങ്കരകാനം-പതിവുകണ്ടം റോഡ് ഗതാഗതയോഗ്യമാക്കുക. NSS കരയോഗമന്ദിരം റോഡിൽ പുതിയ പാലം തീർത്ത് ഗതാഗതയോഗ്യമാക്കുക.

വാർഡ് III

ഈ വാർഡിലെ വണ്ടൻമെട്ട്-രാജാക്കണ്ടം, രാജാക്കണ്ടം-നായർസിറ്റി, വെള്ളിമല-രാജാക്കണ്ടം, ടീ ഫാക്ടറിപ്പടി-രാജാക്കണ്ടം എന്നീ റോഡുകൾ തികച്ചും ഗതാഗതയോഗ്യമല്ല. ഈ റോഡുകൾ എത്രയും പെട്ടന്ന് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടതാണ്.

വാർഡ് IV

ഈ വാർഡിൽ ഏകദേശം 14 കി.മീറ്റർ മൺറോഡും 6 കി.മീറ്റർ ടാർ റോഡുമുണ്ട്. നിലവിലുള്ള മൺറോഡുകൾ ഗതാഗതയോഗ്യമല്ല. റോഡുകളുടെ വശങ്ങളിൽ സംരക്ഷണഭിത്തിയും, ആവശ്യമായ ഓടകളും തീർക്കുക. പൊടിമറ്റം-സണ്ണിപ്പടി-രാജാക്കണ്ടം റോഡ് ടാർ ചെയ്യുക. തോട്ടാക്കടപടി-രാജാക്കണ്ടം റോഡ് ഗതാഗതയോഗ്യമാക്കുക.

വാർഡ് V

നെറ്റിത്തൊഴുവിനേയും പാലാക്കണ്ടത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന കക്കുഴികടവ്-നന്ത്യാട്ട് കടവ് എന്നിവടങ്ങളിൽ കൊച്ചറ തോട്ടിൽ മൂന്നടി വീതിയിൽ ഓരോ നടപ്പാലം നിർമ്മിക്കുക. തയ്യിൽ പടിയിൽ ഒരു പാലം നിർമ്മിക്കുക. കൊച്ചറ-ചെല്ലാർകോവിൽ റോഡ് PWD ഏറ്റെടുക്കുക.

AKM പടി-മണിയംപെട്ടി റോഡ്, AKM പടി-കൊച്ചറപാലം റോഡ്, കടുക്കാസിറ്റി-ബൗണ്ടറിറോഡ്, മൈലാടുംപാറ-കുമരകം ബ്ലോക്ക് റോഡ് എന്നിവ പുനരുദ്ധരിക്കേണ്ടതാണ്.

വാർഡ് VI

ഈ പഞ്ചായത്തിനെ ചക്കുപള്ളം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതും. മുന്നു കി.മീറ്ററോളം നീളം വരുന്നതും ആയ മേലണക്കര-കീഴണക്കര റോഡ് വളരെ പ്രാധാന്യ മർഹിക്കുന്നതാണ്. ഈ റോഡ് എത്രയും വേഗം ടാറുചെയ്യുകയും കുരുവിക്കാട്ട്പാറ ഭാഗത്ത് ഒരു കലുങ്ക് നിർമ്മിക്കുകയും ചെയ്യണം. അതുപോലെ തന്നെ ബാങ്ക് ജംഗ്ഷൻ-പാലാക്കണ്ടം റോഡ് മെറ്റൽ ചെയ്ത് ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കുക. പാലാക്കണ്ടം-കോങ്കൽമേട്ടുവഴി മൈലാടുംപാറ വരെയുള്ള റോഡ് മെറ്റൽ ചെയ്യുക. കക്കുഴികടവിലും നന്ത്യാട് കടവിലും തോടിനു കുറുകെ നടപ്പാലം നിർമ്മിക്കുക. ഹൈറേഞ്ച് ടീ ഫാക്ടറി പടിക്കൽ നിന്നും മേലണക്കര-കീഴണക്കര റോഡുമായി ബന്ധിപ്പിക്കുന്ന വഴി നൂറ്റിഇരുപത് മീറ്ററോളം കല്ലുപാകി വാഹന സഞ്ചാരത്തിന് യോഗ്യമാക്കുക.

വാർഡ് VII

ഈ വാർഡിൽ ആകെ 6 കി.മീറ്റർ മാത്രമാണ് സഞ്ചാരയോഗ്യമായ PWD റോഡ് ഉള്ളത്. IMS കോളനി കടശ്ശിക്കടവ് റോഡ് അടിയന്തിരമായി ഗതാഗത യോഗ്യമാക്കണം. മൺറോഡുകൾ മഴക്കാലത്ത് ഗതാഗതയോഗ്യമല്ലാതായി തീരുന്നതിനാൽ അടിയന്തരമായി മെറ്റൽ ചെയ്ത് സംരക്ഷണഭിത്തികൾ കെട്ടി സംരക്ഷണം ഉറപ്പാക്കുക.

വാർഡ് VIII

നൂറുകണക്കിന് ആൾക്കാർ സഞ്ചരിക്കുന്ന ആനവിലാസം-ശാസ്താനട റോഡ് മെറ്റൽ ചെയ്ത് ടാറു ചെയ്യുക. ശാസ്താനടയും-കട്ടപ്പനയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡും ഉടനടി ടാറു ചെയ്യണം. മുക്കുടി-ശാസ്താനട റോഡ് ഒരു കി.മീറ്റർ ദൂരം മാത്രമെ മെറ്റൽ ചെയ്തിട്ടുള്ളു. ബാക്കി വരുന്ന രണ്ടു കി. മീറ്റർ എത്രയും വേഗം മെറ്റൽ ചെയ്യുകയും ടാറു ചെയ്യുകയും വേണം.

വാർഡ് IX

മുക്കുടി-ശാസ്താനട-മേട്ടുക്കുഴി അഞ്ചു കി.മീറ്റർ റോഡ് ടാറു ചെയ്ത് ഗതാഗതയോഗ്യമാക്കുക. ഇതിലൂടെ കുമളിയിൽ നിന്നും കട്ടപ്പനയ്ക്കുള്ള ദൂരം ലാഭിക്കാൻ കഴിയും. ആയതുകൊണ്ട് എത്രയും പെട്ടന്ന് ഈ റോഡ് ടാറു ചെയ്ത് ഗതാഗതയോഗ്യമാക്കുക.

വാർഡ് X

മാലി-ഇഞ്ചപടർപ്പ് റോഡ് അത്യാവശ്യമായി ടാറു ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

വാർഡ് XI

വണ്ടൻമെട്ട്-റിക്സൺപടി-വരവുകാട് റോഡ് മെറ്റൽ ചെയ്യുക. വണ്ടൻമെട്ട്-പുതകിൽ-മാലി റോഡ് മെറ്റൽ ചെയ്ത് ഗതാഗതയോഗ്യമാക്കുക. വെയർഹൗസ് കോളനിയിലേക്കുള്ള അരകിലോമീറ്റർ റോഡ് കല്ലുപാകുക. ശിവൻകോളനി-പമ്പ്ഹൗസ് റോഡ് സ്റ്റെപ്പ് കെട്ടി സഞ്ചാരയോഗ്യമാക്കുക.

മാർക്കറ്റ്

വണ്ടൻമെട്ട് ഗ്രാമപഞ്ചായത്തിൽ ഉദ്ദേശം അൻപതു വർഷങ്ങൾക്കു മുൻപ് വ്യവസ്ഥാപിതമായ റവന്യൂ ഡിപ്പാർട്ട്മെൻറ് വക പച്ചക്കറി മാർക്കറ്റ് നിലനിന്നിരുന്നു. പിന്നീട് ഈ മാർക്കറ്റ് പഞ്ചായത്തിന് കൈമാറുകയും കാര്യക്ഷമമായി പ്രവർത്തിച്ചു പോരുകയും ചെയ്തിരുന്നു. ഈ കാലഘട്ടങ്ങളിൽ കട്ടപ്പന, കുമിളി, തുടങ്ങി ഹൈറേഞ്ചിൻെറ വിവിധ മേഖലകളിൽ നിന്നും കാർഷികോൽപ്പനങ്ങൾ ഇവിടെ എത്തിയ്ക്കുകയും വിപണനം ചെയ്യപ്പെടുകയും ചെയ്തിരുന്നു. ഇങ്ങനെയിരിക്കെ വണ്ടൻമെട്ട് പഞ്ചായത്ത് കട്ടപ്പനയിൽ ഒരു സ്വകാര്യമാർക്കറ്റിന് ലൈസൻസ് കൊടുത്തതോടുകൂടി കട്ടപ്പനയിലെ മാർക്കറ്റ് അഭിവൃദ്ധി പ്രാപിക്കുകയും വണ്ടൻമെട്ടിലെ മാർക്കറ്റ് കാലാന്തരത്തിൽ ഇല്ലാതാകുകയുണ്ടായി.

ഈ പഞ്ചായത്തിലെ പ്രധാന ഉല്പന്നങ്ങളായ ഏലം, കുരുമുളക്, തേയില, കാപ്പി തുടങ്ങിയവയ്ക്ക് സഹകരണ വിപണിയോ വിശ്വസനീയമായ മറ്റു വിപണികളോ ഇല്ല എന്നുള്ളത് ഈ പഞ്ചായത്തിനെ സംബന്ധിച്ച് യാഥാർത്ഥ്യമാണ്. ലോകത്തിൽ വച്ച് ഏറ്റവും കൂടുതൽ ഏലയ്ക്കാ, വർഷം തോറും ലേലം നടക്കുന്ന സ്ഥലം വണ്ടൻമെട്ട് ആണെങ്കിൽ കൂടി അതിൻെറ ഫലം ഇവിടുത്തെ സാധാരണ കർഷകർക്ക് ലഭിയ്ക്കാറില്ല. വൻകിട ഏല്യക്കാ ബിസിനസ്സുകാർ ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന ഏലയ്ക്കായുടെ 98% വും ലേലം ചെയ്ത് മറ്റു നാടുകളിൽ കൊണ്ടുപോയി വിപണനം നടത്തുകയാണ് പതിവ്. അതുപോലെ തന്നെ പഞ്ചായത്തിലെ സാധാരണക്കാരായ കർഷകർക്ക് തങ്ങൾ ഉല്പാദിപ്പിക്കുന്ന കാർഷിക വിളകൾക്ക് ഉയർന്ന വില ലഭിക്കുന്നതുവരെ ശേഖരിച്ചു വയ്ക്കുവാനുള്ള സാമ്പത്തികശേഷിയോ സംവിധാനമോ നിലവിലില്ലാത്തതു മൂലം കുറഞ്ഞ വിലയ്ക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽക്കാൻ നിർബന്ധിതരാകും.

പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ

1. ഏലയ്ക്കായ്ക്കും, കുരുമുളകിനും തറവില നിശ്ചയിക്കുക.
2. കാർഷിക വിളകൾക്ക് വിലകുറയുന്ന അവസരങ്ങളിൽ സർക്കാർ ഏജൻസി മുഖാന്തിരം കാർഷിക ഉല്പന്നങ്ങൾ കർഷകർക്ക് താൽക്കാലിക സഹായങ്ങൾ നല്കി സംഭരിച്ചു വയ്ക്കുകയും വില ഉയരുന്നതനുസരിച്ച് ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് കർഷകർക്ക് ന്യായമായ ലാഭവിഹിതം നൽകുകയും ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.
3. ഏല്യക്കാ, കുരുമുളക്,. തേയില തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങൾ ഇവിടെ സുലഭമാണ്. ഈ അസംസ്കൃത പദാർത്ഥങ്ങൾ ഇവിടെ സുലഭമായ സ്ഥിതിയ്ക്ക് ഇവ സംസ്ക്കരിക്കുന്നതിനാവശ്യമായ വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ സംരഭത്തിലൂടെ ധാരാളം തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് ജോലിസാദ്ധ്യതകൾ ഉണ്ടാകുന്നു എന്നതും ശ്രദ്ധേയമാണ്.
4. സഹകരണമേഖലയിൽ ഒരു തേയില ഫാക്ടറി ആരംഭിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഊർജ്ജം

വിസ്തൃതമായ ഈ പഞ്ചായത്തിന്റെ ഭൂരിഭാഗവും അവികസിത പിന്നോക്ക പ്രദേശങ്ങൾ ആണ്. 1962ൽ ആദ്യമായി ഈ പഞ്ചായത്തിൽ വൈദ്യുതി എത്തിയെങ്കിലും മൂന്നിലൊന്ന് പ്രദേശത്തുപോലും വൈദ്യുതി എത്തിയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ നിലവിലുള്ള 25 ട്രാൻഫോർമറുകളിൽ നിന്നും 3500ൽപരം കണക്ഷനുകൾ ഉണ്ട്. കട്ടപ്പന, വണ്ടിപ്പെരിയാർ എന്നീ സബ്സ്റ്റേഷനുകളിൽ നിന്നാണ് ഇപ്പോൾ വൈദ്യുതി വിതരണം നടക്കുന്നത്. മിനിമം ഗാരണ്ടി അടച്ച് വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്നവർ നിരവധിയാണ്. ഇപ്പോൾ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന വൈദ്യുതി 90% ഗാർഹിക ആവശ്യങ്ങൾക്കും 6% വ്യാപാരാവശ്യങ്ങൾക്കും 3% കാർഷിക ആവശ്യങ്ങൾക്കും 1% വ്യവസായ ആവശ്യങ്ങൾക്കും ആണ് ഉപയോഗിക്കുന്നത്.

നിലവിലുള്ള ട്രാൻഫോർമറുകളിൽ നിന്നുള്ള കണക്ഷനുകൾ വളരെക്കൂടുതൽ ആയതുകൊണ്ട് മഹാഭൂരിപക്ഷം ഉപഭോക്താക്കളും രൂക്ഷമായ വോൾട്ടേജ് ക്ഷാമം നേരിടുന്നു.

വീട്ടാവശ്യത്തിന് വിറകാണ് ബഹുഭൂരിപക്ഷവും ഉപയോഗിക്കുന്നത്. CHR ൽ പെടുന്ന ഈ പ്രദേശത്തുനിന്ന് ആവശ്യത്തിന് വിറക് ശേഖരിക്കുക എന്നത് ദുഷ്കരമാണ്. കൂടാതെ വിറകിന് ക്ഷാമവും വിലവർദ്ധനവും അനുഭവപ്പെടുന്നു.

കാലിവളർത്തൽ വ്യാപകമായി ഉള്ളതുകൊണ്ട് അങ്ങിങ്ങായി ഗോബർഗ്യാസ് ഉപയോഗിക്കുന്നു. മണ്ണെണ്ണയാണ് വെളിച്ചത്തിനായി സാധാരണ ഉപയോഗിച്ചുവരുന്നത്. എന്നാൽ റേഷൻ കടകളിൽ നിന്നും ആവശ്യത്തിന് മണ്ണെണ്ണ ലഭ്യമല്ല. പൊതുമാർക്കറ്റിൽ നിന്നും കൂടിയ വില കൊടുത്ത് വീട്ടാവശ്യത്തിന് മണ്ണെണ്ണ ഉപയോഗിക്കുകയെന്നത് താഴ്ന്ന വരുമാനക്കാരായ ഈ പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങൾക്കും അസാദ്ധ്യമായ കാര്യമാണ്.

പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം അങ്ങിങ്ങായി ഉണ്ട്. 1989ൽ ഇവിടെ ആരംഭിച്ച കുക്കിംഗ് ഗ്യാസിന്റെ ഉപയോഗം നാമമാത്രമാണ്. ഈ പഞ്ചായത്തിൽ ആകെ 28 കി.മീറ്റർ 11KV ലൈനുകളും 120 കി.മീറ്റർ ത്രീഫേസ് ലൈനുകളും 60 കി.മീ സിംഗിൾ ഫേസ് ലൈനുകളും ഉണ്ട്. പതിമൂന്ന് സോഡിയം വേപ്പർ ലാമ്പുകളും, 16ട്യൂബ് ലൈറ്റുകളും അടക്കം 141 സ്ട്രീറ്റ് ലൈറ്റുകൾ ഇപ്പോൾ നിലവിലുണ്ട്.

മുഖ്യപ്രശ്നങ്ങൾ

1. സാമ്പത്തികമായി ഉയർന്നവർക്ക് മാത്രമെ യഥാസമയം വൈദ്യുതി കണക്ഷൻ ലഭിക്കുന്നുള്ളു. ഹരിജൻ കോളനികളിലും ലക്ഷംവീടുകളിലും വൈദ്യുതി ഇല്ല. മിനിമം ഗാരണ്ടി വച്ചിട്ടുള്ള ഭൂരിക്ഷം ആൾക്കാർക്കും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.
2. 141 സ്ട്രീറ്റ് ലൈറ്റ് ഉള്ളതിൽ ഭൂരിപക്ഷവും പ്രവർത്തനക്ഷമമല്ല. പ്രവർത്തക്ഷമമായതിന് വോൾട്ടേജില്ല.
3. ട്രാൻസ്ഫോർമറുകളുടെ എണ്ണം അപര്യാപ്തമായതുകൊണ്ട് വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
4. ആവശ്യാനുസരണം വഴിവിളക്കുകൾ ഇല്ല.
5. ബയോഗ്യാസ് പ്ലാന്റുകൾക്ക് ലഭിച്ചിരുന്ന 4500/ രൂപ സബ്സിഡി ചില സാങ്കേതിക കാരണങ്ങളാൽ കുറച്ചിരിക്കുകയാണ്.
6. പുകിയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ അപര്യാപ്തത.
7. ഇന്ധനങ്ങൾ
   a) വിറകിന്റെ അമിതമായ വിലയും ദുർലഭ്യവും
   b) ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കുന്നില്ല.

പരിഹാരനിർദ്ദേശങ്ങൾ

1. മിനിമം ഗാരണ്ടി ഒപ്പുവച്ചിട്ടുള്ള എല്ലാവർക്കും ഉടനടി വൈദ്യുതി കണക്ഷൻ നൽകുക. വൈദ്യുതീകരിച്ചിട്ടില്ലാത്ത ഹരിജൻകോളനികളും ലക്ഷംവീടുകോളനികളും ഉടനടി വൈദ്യുതീകരിക്കുക.
2. പ്രവർത്തനക്ഷമമല്ലാത്ത സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കുക.
3. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. (ആമയാർ, രാജാക്കണ്ടം,നിരപ്പേൽസിറ്റി, മന്തിപ്പാറ, പാലക്കണ്ടം)
4. കന്നുകാലിവളർത്തുന്ന എല്ലാ വീടുകളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ലഭിച്ചുകൊണ്ടിരിക്കുന്ന സബ്സിഡി പുന സ്ഥാപിക്കുകയും ചെയ്യുക.
5. പുകയില്ലാത്ത അടുപ്പുകളുടെ പ്രസക്തിയെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
6. ഈ പഞ്ചായത്തിൽ ഉൾപ്പെട്ട കുളത്തുംമേട്, ശൂലപ്പാറ, മണിയപ്പെട്ടി, കുമരിക്കുളം, ആനക്കണ്ടം ജംഗ്ഷൻ, വണ്ടൻമെട്ട്, ശങ്കുരുണ്ടാൻ എന്നീ സ്ഥലങ്ങളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുവാൻ പര്യാപ്തമായ സ്ഥലങ്ങൾ ആയതിനാൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ അതിനുവേണ്ട പരിപാടികൾ ആവിഷ്കരിക്കുക.
7. കുരുവിക്കാട്ടുപാറയിൽ ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥാപിക്കുക.
8. വൈദ്യുതി എത്തിയിട്ടില്ലാത്ത കഞ്ഞിപ്പാറ കോളനിയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചാൽ ടി കോളനിയിലെയും പരിസരപ്രദേശങ്ങളിലുമുള്ള ഉദ്ദേശ്യം 75ലധികം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും.
9. പാച്ചുപിള്ളക്കുടിയിൽ നിലവിലുള്ള വഴിവിളക്കുകൾ കത്തുന്നില്ല. ഇവ കത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും, BTR നഗറിൽ നിന്നും കഞ്ഞിപ്പാറ കോളനിവരെ വഴിവിളക്കുകൾ സ്ഥാപിക്കുകയും വേണം.

ടാറിംഗ് നടത്തേണ്ട റോഡുകൾ

നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി
1.	I	പുളിയൻമല-ഹേമക്കടവ്	2കി.മി	8 മീറ്റർ
2	I	വണ്ടർമേട്-രാജാക്കണ്ടം	25	8
3.	II	ചെല്ലാർകോവിൽ-പഴയകൊച്ചറ	5	8
4.	II	പഴയകൊച്ചറ-റസാക്ക്മുക്ക്	3.4	5
5.	III	രാജാക്കണ്ടം-നായർസിറ്റി	1.5	4
6.	III	വെള്ളിമല-രാജാക്കണ്ടം	1.5	5
7.	III	ടി. ഫാക്ടറിപ്പടി-രാജാക്കണ്ടം	1.5	5
8.	IV	പൊടിമറ്റം-സണ്ണിപ്പടി-രാജാക്കണ്ടം	2	4
9.	IV	പുറ്റടി-നായർസിറ്റി-കൊച്ചറ	5	8
10.	VI	മേലണക്കര-കീഴണക്കര	2.5	7
11.	VI	ബാങ്കുജംഗ്ഷൻ-പാലാക്കണ്ടം	2	8
12.	VIII	ആനവിലാസം-ശാസ്താനട	2	8
13.	VIII	കടശ്ശിക്കടവ്-ഏലവനം	2.5	8
14.	IX	മുക്കുടി ശാസ്താനട-മേട്ടുകുഴി	5	5
15.	X	മാലി-കുളഞ്ഞപ്പടപ്പ്	2	8
16.	XI	റിക്സൺപടി-വരവുകാട്	1.5	5

അത്യാവശ്യമായി പണിയേണ്ട കലുങ്കുകൾ

നമ്പർ	വാർഡ്	കലുങ്ക് ആവശ്യമായ റോഡ്
1.	I	മംഗലംപടി-ചുരുളികോളനി
2.	II	ബാലൻപിള്ള-പണ്ടാരബാലൻപടി
3.	II	മേലണക്കര-കീഴണക്കര-കുരുവിക്കാട് ഭാഗം
4.	IX	മുക്കുടിശാസ്താ-മേട്ടുകുഴി
5.	VIII	ആനവിലാസം-ശാസ്താനട
6.	IV	നായർസിറ്റി-കണിയാമ്പറമ്പുകടറോഡിൽ
7.	IV	വാറതാൻമുക്ക് - രാജാക്കണ്ടം റോഡിൽ കോയിത്തോട്ടംപടിയിൽ

മെറ്റൽ ചെയ്യേണ്ട റോഡുകൾ സംബന്ധിച്ച വിവരം

നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം	വീതി
1	I	ഹേമക്കടവ്-കഞ്ഞിപ്പാറ-അഞ്ചൽ റോഡ്		
2	I	മംഗലംപടി-ചുരുളികോളനി		
3	I	ചുരുളികോളനി-ചള്ളയ്ക്കൽ പടി		
4	II	മോസ്ക്കോകവല-പഴയകൊച്ചറ		
5	II	പഴയകൊച്ചറ-റസാക്ക് മുക്ക്		
6	VI	ബാങ്ക്ജംഗ്ഷൻ-പാലാക്കണ്ടം റോഡ്		
7	VI	കോങ്കൽമേട്-മൈലാടുംപാറ		
8	VII	IMS കോളനി-കടശ്ശികടവ്		
9	VIII	ആനവിലാസം-ശാസ്താനട		
10	VIII	മുക്കുടിശാസ്താനട-ശാസ്താനട		
11	IX	മുക്കുടി-ശാസ്താനട-മേട്ടുകുഴി		
12	X	മാലി-ഇഞ്ചപ്പടർപ്പ്		
13	XI	വണ്ടൻമേട്-റിക്സൺപടി-വരവുകാട്		
14	XI	വണ്ടൻമേട്-പുതകിൽ-മാലി		
15	V	കടുക്കാസിറ്റി-സ്റ്റേറ്റ് ബൗണ്ടറി റോഡ്		
16	V	ചെല്ലാർകോവിൽ-N.S.S L.P.S		
17	V	ചെല്ലാർകോവിൽ-സന്തോഷപ്പാറ		
18	I	BTR -പാച്ചുപിള്ള		
19	X	മണിയാറംപാറ-കുന്തളംപാറ		
20	IV	വാറതാൻമുക്ക്-രാജാക്കണ്ടം		
21	IV	കോയിത്തോട്ടംപടി-ആഫ്രിക്കാമേട്		
22	IV	തോട്ടാക്കടപ്പടി-പുറ്റടി-അമ്പലമുക്ക്		

പട്ടിക 1

പഞ്ചായത്തിലെ ടാർ റോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം കി.മീ	വീതി മീ	ബസ് മറ്റ് യാത്രാ സൗകര്യം കി.മീ
1.	കുമളി മാന്നാർ റോഡ് (കടശ്ശിക്കടവ് -പുളിയൻമല)	PWD	14 കി.മീ	8മീ.	ഉണ്ട്
2.	പുറ്റടി-മന്തിപ്പാറ	PWD	8 കി.മീ.	8മീ.	ഉണ്ട്
3.	ആമയാർ-മന്തിപ്പാറ	PWD	6കി.മീ	8മീ.	ഉണ്ട്
4.	ചേറ്റുകുഴി-പുറ്റടി	PWD	6 കി.മീ.	8മീ.	ഇല്ല
5.	വണ്ടൻമേട്-മേട്ടുകുഴി	PWD	4.35 കി.മീ	8മീ.	ഉണ്ട്
6.	കൊച്ചറ-കുപ്പക്കൽ	പഞ്ചായത്ത്	8.5 കി.മീ.	8മീ.	ഇല്ല
7.	ചെങ്കുരുണ്ടാൻ-വാലുമേട്	പഞ്ചായത്ത്	1 കി.മീ	8മീ.	ഇല്ല
8.	പുറ്റടി-അണക്കര3ാംമൈൽ	PWD	4 കി.മീ	8മീ.	ഉണ്ട്
9.	പുളിയന്മല-അന്യാർതൊള്ളു	BLOCK	3.87 കി.മീ	8മീ.	ഇല്ല

ടൂറിസം

പ്രകൃതിരമണീയവും സമുദ്രനിരപ്പിൽ നിന്നും 3500-ൽ പരം അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നതുമായ വണ്ടൻമേട് പഞ്ചായത്ത് ഒന്നാകെ തന്നെ ടൂറിസ വികസനത്തിന് അനുയോജ്യമാണ്. അന്താരാഷ്ട്ര ടൂറിസ്റ്റ് സെൻററുകളായ തേക്കടിയേയും, മൂന്നാറിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന സ്റ്റേറ്റ് ഹൈവേ ഈ പഞ്ചായത്തിൽ കൂടിയാണ് കടന്നു പോകുന്നത്. വണ്ടൻമെട്ടിൽ നിന്നും മൂന്നു കിലോമീറ്റർ പടിഞ്ഞാറ് മാറിയാൽ 36 കിലോമീറ്റർ അകലെയുള്ള ഇടുക്കി ഡാമും റിസർവോയറും കാണാം. ഇത് അതിമനോഹരമായ കാഴ്ച യാണ്. എന്നാൽ അധികാരികളുടെ അനാസ്ഥമൂലം ഈ ടൂറിസ്റ്റ് സ്പോട്ടിൻെറ വികസനം ഇന്നും ഒരു മരീചിക യായി അവശേഷിക്കുന്നു.

തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന ഈ പഞ്ചായ ത്തിലുൾപ്പെട്ട മന്തിപ്പാറ മുതൽ മണിയംപ്പെട്ടി വരെയുള്ള പ്രദേശങ്ങളിൽ നിന്നും നോക്കിയാൽ മൂവായിരത്തോളം അടി താഴെയുള്ള തമിഴ്നാടിൻെറ വൻ ഭൂപ്രദേശം കാണുക എന്നത് നയനമനോഹരമായ കാഴ്ചയാണ്. എന്നാൽ ടൂറി സ്റ്റുകൾക്ക് വന്നുപോകുന്നതിനോ തങ്ങുന്നതിനോ വേണ്ട യാതൊരു വിധ അടിസ്ഥാന സൗകര്യങ്ങളും ഈ പ്രദേ ശത്ത് നിലവില്ല.

നിർദ്ദേശങ്ങൾ

1. ഒരു സുഖവാസ കേന്ദ്രമായ വണ്ടൻമേട് പഞ്ചായ ത്തിൽ ടൂറിസ്റ്റുകൾക്ക് വരുന്നതിനും തങ്ങുന്നതിനും ആവശ്യമായ ടൂറിസ്റ്റ് റിസോർട്ടുകൾ സ്ഥാപിക്കുക.
2. ഇടുക്കി-തേക്കടി സ്റ്റേറ്റ് ഹൈവേയുടെ പണി ഉടനടി പൂർത്തീകരിക്കുക
3. മേട്ടുകുഴിയിലും, മന്തിപ്പാറ മുതൽ മണിയംപെട്ടി വരെ യുള്ള സ്ഥലങ്ങളിലും ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക. റിസോർട്ടു കൾ സ്ഥാപിക്കുക.
4. കേരളത്തിൻെറ ടൂറിസ്റ്റ് മാപ്പിൽ വണ്ടൻമേട് ഗ്രാമ പഞ്ചായത്തും കൂടി ഉൾപ്പെടുത്തുക
   കുളത്തുംമേടിനെ അന്യാർത്തൊളുവുമായി ബന്ധിപ്പി ക്കുന്ന ഒരു റോപ്പ്വേ, ടൂറിസം വികസനത്തിൻെറ ഭാഗമായി സ്ഥാപിക്കുക

5 - 7 പാർപ്പിടവും സാമൂഹ്യക്ഷേമവും

നാണ്യവിളയായ ഏലകൃഷിക്ക് സുപ്രസിദ്ധമാണ് വണ്ടൻമേട് ഗ്രാമപഞ്ചായത്ത്. അതുപോലെ തന്നെ കുരുമുളക്, തേയില, കാപ്പി, തുടങ്ങിയ നാണ്യവിളകളും സമൃദ്ധമായി കൃഷി ചെയ്യുന്നു. അങ്ങനെ നാണ്യവിളകൾ ഈ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ നിയന്ത്രിക്കുന്നു. തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ താമസ സൗകര്യങ്ങൾ തോട്ടം ഉടമ ഒരുക്കി കൊടുക്കുന്നു. എസ്റ്റേറ്റ് മേഖലയിൽ താല്കാലികമായി നിർമ്മിച്ച മൺകുടിലുകളിൽ താമസിക്കുന്നു. കാർഷിക മേഖലയിൽ കോൺക്രീറ്റ് വീടുകളും ഓടും ഷീറ്റും മേഞ്ഞ വീടുകളും പുല്ല് മേഞ്ഞ വീടുകളും ഉണ്ട്.

ആകെ 8157 കെട്ടിടങ്ങൾ പഞ്ചായത്തിൽ ഉണ്ട്. അതിൽ ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ 84ഉം കോൺക്രീറ്റ് കെട്ടിടങ്ങൾ 398ഉം ഓട് മേഞ്ഞത് 3015ഉം പുല്ല് മേഞ്ഞത് 3512ഉം ഷീറ്റ് മേഞ്ഞതും മറ്റുള്ളതുമായി 1148ഉംവീടുകൾ ഉണ്ട്.

എല്ലാവർഷവും പ്രകൃതിക്ഷോഭത്താൽ നിരവധി പുല്ലു മേഞ്ഞ വീടുകൾ നശിച്ചു പോകാറുണ്ട്. ഹൗസിങ്ങ് സൊസൈറ്റിയിൽ നിന്നും കാർഷിക വികസന ബാങ്കിൽ നിന്നും ഭവന വായ്പ എടുത്ത് വീടുകൾ പണിയുന്നുണ്ട്. ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന ആധുനികരീതി പഞ്ചായത്തിൽ പ്രാവർത്തികമായിട്ടില്ല. പഞ്ചായത്തിൽ ഒരു ലക്ഷം വീട് കോളനി ഉണ്ട്. അവിടെ 12 വീടുകൾ ഉണ്ട്. അതുകൂടാതെ ശാന്തിനഗർ കോളനി എന്ന പേരിൽ 36 വീടുകൾ ഉള്ള ഒരു കോളനി ഉണ്ട്. ലക്ഷംവീട് കോളനിയിൽ ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ കുറവാണ്. വീടുകളുടെ അവസ്ഥയും ശോചനീയമാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹൗസിംഗ് സൊസൈറ്റികൾ ഒന്നും തന്നെയില്ല.

സാദ്ധ്യതകൾ

1. ചെലവ് കുറഞ്ഞ വീടുകളെ സംബന്ധിച്ച് ബോധവത്കരണം നടത്തുകയും, ദുർവ്യയം ഒഴിവാക്കി വീട് നിർമ്മിക്കുവാൻ ആവശ്യമായ വൈദഗ്ദ്യം തേടുകയും ചെയ്യുക
2. പഞ്ചായത്ത് തലത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിക്കുക.
3. വീട് വെയ്ക്കുന്നതിനാവശ്യമായ സാധനസാമഗ്രികൾ ഹൗസിംഗ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഉണ്ടാക്കി വിതരണം ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കുക.
4. ലക്ഷംവീട് കോളനിയിലും ശാന്തിനഗർ കോളനിയിലും അതുപോലെ എസ്റ്റേറ്റ് ലയങ്ങളിലും പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
6. ജനങ്ങൾക്ക് ഭവന നിർമ്മാണത്തിന് വായ്പ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും, പട്ടയം ഇല്ലാ എങ്കിലും കൈവശഭൂമി ഉള്ളവർക്ക് ഹൗസിംഗ് സൊസൈറ്റിയിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

പാർപ്പിടവും സാമൂഹ്യക്ഷേമവും

കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പുരയുടെ സ്വഭാവം			
		കോൺക്രീറ്റ്	ഓട്	പുല്ല്	മറ്റുള്ളവ
I	1121	124	325	540	132
II	671	45	226	280	120
III	688	16	312	262	98
IV	426	23	169	182	52
V	879	47	390	321	121
VI	938	62	403	438	35
VII	775	30	309	327	109
VIII	745	39	208	257	241
IX	497	21	168	286	22
X	607	23	221	263	100
XI	810	52	284	356	118
ആകെ	8157	4842	3015	3512	1148

IRDP സർവ്വേപ്രകാരം-ദാരിദ്രരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽSC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ
1	2	3	4	5	6
2997	454	111	64+3	111	2997

ഭവനനിർമ്മാണത്തെ സംബന്ധിച്ച വിവരം

വിട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP) സർവ്വേ പ്രകാരം	വിവിധ പരിപാടികളിലായി അനുവദിച്ച വിടുകൾ	പൂർത്തികരിച്ച വിടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീടുകൾ	ഇനിയും അനുവദിക്കേണ്ട വിടുകളുടെ എണ്ണം
2200	98	98	21	3500

കക്കൂസുകൾ സംബന്ധിച്ച വിവരം

സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേപ്രകാരം)	വിവിധ പദ്ധതികളിലായി അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 നു ശേഷം)	പൂർത്തീകരിച്ചവയുടെ എണ്ണം
2746	251	251

സാമൂഹ്യക്ഷേമം

വണ്ടൻമേട് ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള കുടുംബങ്ങളിൽ നല്ലൊരു ഭാഗം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർ ആണ്. ആകെയുള്ള കുടുംബങ്ങൾ 7201 ആണ്. ദാരിദ്രരേഖയ്ക്ക് താഴയുള്ള കുടുംബങ്ങൾ 2997 ആണ്. ഇതിൽ 454 SC/ST കുടുംബങ്ങൾ ഉണ്ട്. ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ലഭിക്കുന്ന IRDP സഹായം 111 കുടുംബങ്ങൾക്ക് ലഭിച്ചു. അതിൽ 67 SC/ST കുടുംബങ്ങൾ ആണ്.

വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്യുന്നതിനുള്ള ധനസഹായം, വിധവ പെൻഷൻ, വാർദ്ധ്യകാല പെൻഷൻ തുടങ്ങിയവ വിതരണം ചെയ്യുന്നുണ്ടെങ്കിലും അർഹരാമായ എല്ലാവർക്കും ലഭിക്കുന്നില്ല. ഗ്രാമീണ ജനങ്ങൾക്ക് ഇത് സംബന്ധിച്ചുള്ള അറിവില്ലായ്മ ആണ് പ്രധാന കാരണം. മാത്രമല്ല നടപടി ക്രമങ്ങളുടെ ബാഹുല്യം കാരണം ഗ്രാമീണർക്ക് പെൻഷന് വേണ്ടരീതിയിൽ അപേക്ഷിക്കുവാൻ കഴിയുന്നില്ല. അപേക്ഷിച്ച പലർക്കും പെൻഷൻ ലഭിക്കുന്നില്ല എന്നുള്ള പരാതി ഗ്രാമസഭാ നിർദ്ദേശങ്ങളിൽ ഉയർന്നു വന്നിട്ടുണ്ട്. ധാരാളം മഹിളാ സമാജങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പക്ഷേ ഒന്നിൻെറയും പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല.

പെൻഷനും ധനസഹായവും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

വിധവാ പെൻഷൻ	40
വികലാംഗ പെൻഷൻ	46
വാർദ്ധക്യ പെൻഷൻ	32
ക്ഷയരോഗ പെൻഷൻ	5
ക്യാൻസർ പെൻഷൻ	വിവരം ലഭ്യമല്ല
കർഷകതൊഴിലാളി പെൻഷൻ	വിവരം ലഭ്യമല്ല.

പഞ്ചായത്ത് തലത്തിൽ സർവ്വേ നടത്തി അർഹരായവരെ മുഴുവൻ കണ്ടെത്തണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്.

പഞ്ചായത്തിൽ 33 അംഗനവാടികൾ സാമൂഹ്യക്ഷേമ വകുപ്പിൻെറ മേൽനോട്ടത്തിൽ നടക്കുന്നുണ്ട്. അംഗനവാടികളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനോടനുബന്ധിച്ച് വിശദമായ ചർച്ച നടത്തേണ്ടതുണ്ട്. പഞ്ചായത്തിലെ ജനസംഖ്യയേയും, കുട്ടികളേയും, ഗർഭിണികളേയും സംബന്ധിക്കുന്ന ഒരു പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക II

പഞ്ചായത്തിലെ അംഗസംഖ്യ	28912
പുരുഷൻമാർ	14459
സ്ത്രീകൾ	14453
SC	5712
ST	561
അംഗനവാടികൾ	33
ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾ	633
1-2 വരെ കുട്ടികൾ	633
2-3വരെ കുട്ടികൾ	956
3-5 കുട്ടികൾ	1407
ആകെ ഗർഭിണികൾ	179
മുലയൂട്ടുന്ന അമ്മമാർ	224

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും IRDP സഹായം എത്തിക്കുക. അർഹതയുള്ള പല ആളുകളും നിലവിലുള്ള IRDP ലിസ്റ്റിൽ കടന്നു വന്നിട്ടില്ല എന്ന് വ്യാപകമായ പരാതിയുണ്ട്. അർഹതയുള്ളവരെ മുഴുവൻ ലിസ്റ്റിൽ ഉൾപ്പെടുത്താൻ പഞ്ചായത്ത് തലത്തിൽ വിശദമായ സാമ്പത്തിക സാമൂഹിക സർവ്വേനടത്തുക.
2. ട്രൈസം തൊഴിൽ പരിശീലനം വ്യാപകമാക്കുക. പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക
3. കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം ഉണ്ടാക്കികൊടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. വികസന പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിക്കുക.
5. ഏറ്റവും കുറഞ്ഞത് ഒരു വാർഡിൽ ഒരു മഹിളാസമാജം എന്ന നിലയിൽ വനിതകളുടെ സംഘടന രൂപീകരിച്ച് അവരിലൂടെ ആരോഗ്യ ശുചിത്വ പരിപാലന പ്രവർത്തനങ്ങളും പച്ചക്കറി കൃഷി വികസന പരിപാടികൾ നടത്തുക.
6. ദാരദ്രരേഖയ്ക്കു താഴെയുള്ള വീട്ടമ്മമാർക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കുടിൽ വ്യവസായം നടത്തുന്നതിന് ധനസഹായം നല്കുക.
7. ദാരിദ്രനിർമ്മാണ പദ്ധതികളുടെയും മറ്റ് സാമൂഹ്യക്ഷേമ പരിപാടികളുടെയും നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

8. അംഗൻവാടി വർക്കർമാരെയും, ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിച്ച് സേവന-വേതന ഘടന പരിഷ്ക്കരിക്കുക.
9. കർഷക തൊഴിലാളി ക്ഷേമനിധി കാര്യക്ഷമമായി നടപ്പാക്കുക.
10. വ്യാജമദ്യവും ലഹരി പദാർത്ഥങ്ങളും വില്പന നടത്തുന്നവരെ കണ്ടു പിടിയ്ക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ജനകീയ കമ്മിറ്റി രൂപികരിക്കുക.

പൊതുവിതരണം

മുപ്പതിനായിരത്തോളം ജനസംഖ്യയുള്ള വണ്ടൻമേട് ഗ്രാമ പഞ്ചായത്തിലെ ആകെ റേഷൻ കടകളുടെ എണ്ണം 35 ആണ്. 7300 കുടുംബങ്ങളിൽ 1300 ഓളം കുടുംബങ്ങൾക്ക് ഇന്ന് റേഷൻ കാർഡുകൾ ഇല്ല. ഈ പഞ്ചായത്തിൽ പുറ്റടിയിൽ ഇപ്പോൾ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

വൈദ്യുതി വിതരണം പരിമിതമായ ഈ പഞ്ചായത്തിൽ ഭൂരിപക്ഷം ആളുകളും വെളിച്ചത്തിനായി മണ്ണെണ്ണയെണ് ആശ്രയിക്കുന്നത്. റേഷൻ കടകളിലൂടെ ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കുന്നില്ല എന്നതാണ് ഈ പഞ്ചായത്തിലെ ഒരു പ്രധാന പ്രശ്നം. പൊതു വിപണിയിലെ ഉയർന്ന വില കൊടുത്ത് മണ്ണെണ്ണ വാങ്ങുന്നതിനുള്ള സാമ്പത്തിക ശേഷി ഭൂരിപക്ഷത്തിനും ഇല്ലതാനും. ഗുണനിലവാരമുള്ള അരി ചുരുക്കം ചില റേഷൻകടകളിലൂടെയെ ലഭിക്കുന്നുള്ളു. കൂടുതൽ ലാഭം ലഭിക്കുന്ന സാധനങ്ങൾ മാത്രമേ റേഷൻ കടകളിലൂടെ വിതരണം നടത്തുവാൻ റേഷൻകടക്കാർ ശ്രമിക്കുന്നുള്ളു.

നിർദ്ദേശങ്ങൾ

1. ആവശ്യസാധനങ്ങൾ റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
2. ഈ പഞ്ചായത്തിൽ കൊച്ചറ, പുളിയൻമല, വണ്ടൻമേട് എന്നീ സ്ഥലങ്ങളിൽ ഓരോ മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക.
3. പൊതുവിതരണ രംഗത്തെ അഴിമതി അവസാനിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
4. മംഗലംപടി, പഴയകൊച്ചറ, കറുവാകുളം എന്നീ സ്ഥലങ്ങളിൽ പുതിയ റേഷൻ കടകൾ സ്ഥാപിക്കുക.
5. ഇപ്പോൾ റേഷൻകാർഡ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് ലഭ്യമാക്കുക.

5 - 8 സംസ്ക്കാരം

വണ്ടൻമേട് പഞ്ചായത്തിലെ ഇന്നത്തെ ജനങ്ങൾ 1948 ന് ശേഷം കുടിയേറിയവരാണ്. തോട്ടം മേഖലയിലെ ഭൂരിപക്ഷം തൊഴിലാളികളും തമിഴ്നാട്ടിൽ നിന്നും എത്തിയവരാണ്. കാർഷിക മേഖലയിലെ ജനങ്ങൾ ഏറിയ പങ്കും കോട്ടയം ജില്ലയിൽ നിന്നും വന്നവരാണ്. വിവിധ പ്രദേശങ്ങളിൽ നിന്നും എത്തിയ ജനങ്ങളുടെ കൂട്ടായ്മയാണ് വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ ഇന്ന് നിലവിലുള്ളത്.

ഇവിടുത്തെ ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും ഹിന്ദുക്കൾ ആണ്. ക്രിസ്തുമത വിശ്വാസികൾ രണ്ടാം സ്ഥാനത്തുണ്ട്. ഇസ്ളാം മത വിശ്വാസികൾ നാമമാത്രമായി ചില കുടുംബങ്ങളിൽ മാത്രമാണുള്ളത്. ജാതിയുടെയോ,. മതത്തിന്റെയോ ചേരിതിരിവുകൾ ഇവിടുത്തെ ജനങ്ങളെ ഒട്ടും തന്നെ ബാധിച്ചിട്ടില്ല. അമ്പലങ്ങളിലെ ഉത്സവങ്ങളിലും, പള്ളികളിലെ പെരുനാളുകളിലും ഇന്നാട്ടിലെ ജനങ്ങൾ സഹകരണമനോഭാവത്തോടെ പങ്കെടുക്കുകയാണ് പതിവ്. പൊതു പ്രശ്നങ്ങളിൽ പരസ്പരം സഹകരിക്കുന്ന ഉത്തമമായ രീതിയാണ് എല്ലാവരും സ്വീകരിച്ചിരിക്കുന്നത്. ഇവിടുത്തെ പുത്തൻ തലമുറ വിദ്യാഭ്യാസപരമായും സാംസ്ക്കാരികമായും ഉന്നതനിലവാരം പ്രകടിപ്പിക്കുന്നുണ്ട്.

ഇവിടുത്തെ വായനശാലകൾക്ക് യുവജനങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്താൻ സാധിക്കുന്നില്ല എന്നു തന്നെ പറയാം. മതിയായ സൗകര്യങ്ങളുടെ അപര്യാപ്തതയും, പുതിയ പുതിയ പുസ്തകങ്ങളുടെ ദൗർലഭ്യവും ആണ് ഇതിനു പ്രധാന കാരണം. കൂടാതെ ടെലിവിഷന്റെയും കേബിൾ ടിവി ശൃംഖലകളുടെയും അതിപ്രസരവും പുസ്തകങ്ങളുടെ ലോകത്തിൽ നിന്നും ചെറുപ്പക്കാരെ അകറ്റി നിർത്തുന്നു.

നെറ്റിത്തൊഴുവിൽ 1970കളിൽ സ്ഥാപിച്ച വായനശാല ആണ് പഞ്ചായത്തിലെ ആദ്യത്തെ വായനശാല. ഇപ്പോൾ നെറ്റിത്തൊഴു, ചേറ്റുകുഴി, പുറ്റടി, കടശ്ശിക്കടവ് എന്നീ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഗ്രന്ഥശാലകൾ പ്രവർത്തിച്ചു വരുന്നുണ്ട്. നെറ്റിത്തൊഴു, പുറ്റടി എന്നീ സ്ഥലങ്ങളിൽ ചെറിയ തോതിൽ കേബിൾ ടിവി പ്രസരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

പുറ്റടി പഞ്ചായത്തു ഹൈസ്ക്കൂളിനോട് അനുബന്ധിച്ച് സാമാന്യം വിസ്തൃതമായ ഒരു കളിസ്ഥലം ഉണ്ട്. ഇതല്ലാതെ ഉപയോഗയോഗ്യമായ കളിസ്ഥലങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല എന്നു തന്നെ പറയാം. പുറ്റടി കേന്ദ്രമാക്കി ഒരു കരാട്ടേ പരിശീലന കേന്ദ്രം നടന്നുവരുണ്ട്. പഞ്ചായത്തു തലത്തിൽ കലാ-കായിക മത്സരങ്ങൾ നടത്താറുണ്ട്. നാടൻ പന്തുകളി, കബടി, കളി തുടങ്ങിയ നാടൻ കായിക വിനോദങ്ങൾക്ക് ഈ നാട്ടിലെ ജനങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്താൻ സാധിച്ചിട്ടുണ്ട്. നാടൻ കലകളിൽ പ്രചാരത്തിൽ ഉള്ളത് നൃത്തം മാത്രമാണ്.

നിർദ്ദേശങ്ങൾ

1. വായനശാലകൾ ഇല്ലാത്ത വണ്ടൻമേട്, മാലി, കറുവാക്കുളം, ശാസ്താംനട കുപ്പക്കല്ല്, രാജാക്കണ്ടം എന്നിവിടങ്ങളിൽ അവ സ്ഥാപിക്കുക.
2. പഞ്ചായത്തു തലത്തിൽ പ്രതിഭാധനരായ കലാകാരന്മാരെയും കായികതാരങ്ങളെയും പരിശീലിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
3. പഞ്ചായത്തു വക വെറുതെ കിടക്കുന്ന സ്ഥലങ്ങൾ ഗ്രാമീണ കളിസ്ഥലങ്ങൾക്കായി വിട്ടുകൊടുക്കുക.
4. നാടൻ കലകളെയും, കായിക വിനോദങ്ങളെയും പ്രോത്സാഹിപ്പിക്കുകയും അവയ്ക്ക് മാത്രമായി പ്രത്യേക മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.
5. മത സൗഹാർദ്ദത്തിലൂടെ രൂപം കൊണ്ടിട്ടുള്ള ജനകീയ ഐക്യം കൂടുതൽ ആരോഗ്യപരമായി നിലനിൽക്കുവാൻ മത സൗഹാർദ്ദ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കുക.
6. സ്ത്രീകളോടുള്ള അവഗണനയ്ക്കും ക്രൂരതയ്ക്കും അറുതി വരുത്താൻ സാമൂഹ്യ ബോധവത്ക്കരണം നടത്തുക.
7. പുറ്റടിയിൽ ഫെഡറൽ ബാങ്കിനു സമീപം ഉള്ള പഞ്ചായത്തു വക സ്ഥലത്ത് ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

5 - 9 വനിതാക്ഷേമം

കേരളത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം സ്ത്രീകളാണെങ്കിലും വിവിധ മേഖലകളിൽ അവരുടെ പങ്കാളിത്തം ആശാവഹമല്ലായെന്നതാണ് നമ്മുടെ ദൗർബല്യം. 1991-ലെ സെൻസസ് അനുസരിച്ച് പുരുഷന്മാർ അല്പം കൂടുതൽ ആണ്. തൊഴിൽ രംഗങ്ങളിൽ സ്ത്രീകളുടെ എണ്ണം വളരെ പുറകിലാണ്. സാക്ഷരതയുടെ കാര്യത്തിലും ഈ അവസ്ഥ വ്യത്യസ്തമല്ല.

ഏലത്തോട്ടം കാർഷിക മേഖലകളിലാണ് സ്ത്രീകൾ പണിയെടുക്കുന്നത്. തോട്ടം മേഖലയിൽ 50 രൂപയും കാർഷിക മേഖയിൽ 40 രൂപയുമാണ് ശരാശരി കൂലി. പുരുഷന്മാർക്കുള്ളതിനേക്കാൾ കൂലി കുറവാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കണക്കെടുത്താൽ പെൺകുട്ടികളുടെ എണ്ണം 1590 ഉം ആൺകുട്ടികളുടേത് 1072ഉം ആണ്. വിദ്യാഭ്യാസ കുടുംബക്ഷേമ രംഗങ്ങളിൽ സ്ത്രീകൾ നേട്ടങ്ങൾ കൈവരിച്ചപ്പോഴും സ്വന്തമായ വരുമാനമുണ്ടാകുന്ന തൊഴിൽ മേഖലയിൽ സ്ത്രീകൾ പിന്തള്ളപ്പെടുന്നു. അതുകൊണ്ട് തന്നെ സ്ത്രീകളുടെ സാമൂഹ്യ പദവി ഉയരുന്നില്ല. കാർഷിക മേഖലയിൽ പ്രത്യേകിച്ചു തൊഴിലില്ലാത്ത വീട്ടമ്മമാരായ സ്ത്രീകൾ നിരവധി ജോലികൾ തങ്ങളുടെ വീടുമായി ബന്ധപ്പെട്ടു ചെയ്യുന്നുണ്ട്.

പഞ്ചായത്തിൽ 33 അംഗൻവാടികൾ ഉണ്ട്. പഞ്ചായത്തിലെ ആകെ ഗർഭിണികളുടെ എണ്ണം 429 ആണ്. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 224 ആണ്. അനുപൂരക പോഷക ആഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 117 ഉം അനുപൂരക പോഷക ആഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം 99ഉം ആണ്. (1996 ലെ സർവ്വേ അനുസരിച്ച്)

ഗ്രാമസഭകളിലും ജനകീയാസൂത്രണ പരിപാടികളിലും സ്ത്രീകളുടെ പങ്കാളിത്തം സാമാന്യം തൃപ്തികരമായിരുന്നു.

പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ രൂക്ഷമാണ്.
2. തൊഴിൽ മേഖലയിൽ വിദ്യാഭ്യാസ രംഗം ഒഴിച്ചാൽ മറ്റെല്ലാ മേഖലകളിലും സ്ത്രീകൾ അവഗണന നേരിടുന്നു.
3. കൂലിനിരക്കിൽ വലിയ അന്തരം ഉണ്ട്.
4. മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.
5. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും കുറവാണ്.
6. തൊഴിൽ പരിചയമോ നേതൃത്വ പരിശീലനമോ ഇല്ല.
7. സ്വയം തൊഴിൽ കണ്ടെത്താനുള്ള പദ്ധതി സംബന്ധിച്ച അറിവില്ലായ്മ
8. കൂടുതൽ സമയം ജോലി ചെയ്യേണ്ടി വരുന്നു.

സാദ്ധ്യതകൾ

1. സ്ത്രീകൾക്ക് മാത്രമായി കൂട്ടായി തൊഴിൽ ചെയ്യാൻ കഴിയുന്ന മേഖലകളെ പറ്റി അറിവ് നല്കുകയും അവ തുടങ്ങുവാൻ ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുകയും ചെയ്യുക.
2. തൊഴിൽ മേഖലയിൽ സ്ത്രീകൾക്കു സംവരണം ഏർപ്പെടുത്തുക.
3. കൂലിനിരക്കിലുള്ള അന്തരം കുറയ്ക്കുക.
4. മദ്യപാനം, സ്ത്രീധനം, സ്ത്രീപീഡനം, എന്നിവയ്ക്കെതിരെ സാമൂഹ്യ ബോധവത്ക്കരണം നടത്തുക. ഇതിനായി സന്നദ്ധ സംഘടനകളെ ഏകോപിപ്പിക്കുക.
5. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃ സഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ എന്നിവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.
6. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും വേണ്ട സംവിധാനം വികസിപ്പിക്കുക.
7. തൊഴിലവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.
8. തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കുവാൻ ശ്രദ്ധിക്കുക.

5 - 10 സഹകരണം

ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത് 1904ലെ സഹകരണ നിയമത്തിന്റെ (കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 1904) അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ്. ഋണബാദ്ധ്യതയിൽ നിന്നും ഒരു പരിധി വരെ കർഷക സമൂഹത്തെ രക്ഷിക്കുന്നതിന് ഈ നിയമത്തിന് സാധിച്ചു.

ഈ പഞ്ചായത്തിൽ ആദ്യമായി രൂപീകരിച്ച സഹകരണസംഘം വണ്ടൻമേട് സർവ്വീസ് സഹകരണ സംഘമാണ്. ഈ സംഘത്തിന്റെ ആദ്യ പ്രസിഡന്റ് ശ്രീ. വി.ജെ. ജേക്കബ് വെട്ടുകാട്ടിൽ അവർകൾ ആയിരുന്നു. 20-2-1965 ൽ ആണ് സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോഴും സാമാന്യം നല്ല രീതിയിൽ സഹകരണ ബാങ്കിന്റെ പ്രവർത്തനം നടന്നു വരുന്നു.

പഞ്ചായത്തിൽ നാല് ക്ഷീരവിപണന സംഘങ്ങൾ (APCOS) പ്രവർത്തിക്കുന്നുണ്ട്. സഹകരണ പ്രസ്ഥാനം അല്ല എങ്കിൽ പോലും മലനാട് സൊസൈറ്റി വക അഞ്ച് ക്ഷീര വിപണന കേന്ദ്രങ്ങൾ ഇവിടെ പ്രവർത്തിച്ചു വരുന്നു. ആപ്കോസും മലനാട് സൊസൈറ്റിയും പഞ്ചായത്തിലെ ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം വലിയ അനുഗ്രഹമാണ്. ക്ഷീരോത്പാദനത്തിലൂടെ ജീവതമാർഗ്ഗം തേടുന്ന നിരവധി കർഷകർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്, അവർക്ക് ന്യായമായ വിലയും, മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് മുമ്പു പറഞ്ഞ ക്ഷീര വിപണന കേന്ദ്രങ്ങൾക്ക് കഴിയുന്നുണ്ട്.

പ്രശ്നങ്ങൾ

1. വണ്ടൻമേട് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം സാമാന്യം ഭംഗിയായി നടക്കുന്നുണ്ടെങ്കിലും കർഷകരുടെ ആവശ്യാനുസരണം യഥാസമയം ലോൺ വിതരണം ചെയ്യാൻ കഴിയുന്നില്ല.
2. വായ്പ എടുക്കുന്നവർ കൃത്യസമയത്ത് തിരിച്ചടയ്ക്കുന്നില്ല എന്ന പരാതിയുണ്ട്.
3. സഹകരണ ബാങ്കിലെ പലിശനിരക്ക് കുറയ്ക്കേണ്ടതുണ്ട്.
4. മാർക്കറ്റിംഗ് രംഗത്ത് പഞ്ചായത്തുതലത്തിൽ സഹകരണ സംഘങ്ങൾ ഇല്ല.
5. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘം ഇല്ല.

സാദ്ധ്യതകൾ

1. കാർഷിക ഉല്പന്ന വിപണനം നടത്തുന്നതിനായി പഞ്ചായത്തു തലത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കുക.
2. നിലവിലുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി ജനകീയ ആവശ്യങ്ങൾ പരിഹരിക്കുവാൻ കഴിയുംവിധം ആവശ്യമെങ്കിൽ പ്രവർത്തനരീതി പുനഃസംഘടിപ്പിക്കണം.
3. നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി ശക്തമായ ബോധവത്ക്കരണ പ്രവർത്തനം നടത്തുക.
4. വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നതിന് പ്രേരിപ്പിക്കുകയും വായ്പകളുടെ പലിശനിരക്ക് കുറയ്ക്കുകയും പലിശ സബ്സിഡി അനുവദിക്കുകയും ചെയ്യുക.
5. സഹകരണ മേഖലയിൽ അഴിമതിയും ദുർവ്യയവും നടക്കാതിരിക്കുവാൻ കർശനമായ നടപടികൾ സ്വീകരിക്കുക.

സഹകരണം

ക്ഷീര സഹകരണ സംഘങ്ങളുടെ പട്ടിക (APCOS)

വാർഷിക കണക്ക് ലിറ്ററിൽ

റബ്ബർ	സഹകരണ സംഘം	മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽ വിറ്റഴിക്കുന്നത്	പുറത്തേക്ക് അയയ്ക്കുന്നത്
1.	ആപ്കോസ് മന്തിപ്പാറ	456250	7300	448950
2.	ആപ്കോസ് ചേറ്റുകുഴി	109500	36500	73000
3.	ആപ്കോസ് പുറ്റടി	443475	12600	443475
4.	ആപ്കോസ് നെറ്റിത്തൊഴു	488012	21898	466541
	ആകെ	1497237	78298	1431966
5.	MDS വണ്ടൻമേട്	97599.9	20814.7	76785.2
6.	MDS പുറ്റടി	101146.2	28231.5	72914.7
7.	MDS. രാജാക്കണ്ടം	80261.6	3009.4	77252.2
8.	MDS അന്യാർതൊളു	80162.7	26267.7	53895
9.	MDS നെറ്റിത്തൊഴു	183614.8	4472.8	179142
	ആകെ	542785.2	82796.1	459989.1
	MDS+ APCOS	2040022.2	161094.1	1891955

വണ്ടൻമേട് ഇടുക്കി ജില്ലാ ബാങ്ക് ശാഖയിൽ നിന്നുള്ള വായ്പാ വിവരങ്ങൾ

(95-96)

No.	എത്ര പേർക്ക്	ഏത് ഇനം വായ്പ	നൽകിയ തുക
1.	473	സ്വർണ്ണപണയം	2465205
2.	56	ഓവർഡ്രാഫ്റ്റ്	2790409
3.	12	ഭവന വായ്പ	758431
4.	96	ലോൺ	297075
5.	22	കൺസ്യൂമർ ഡ്യൂറബിൾ ലോൺ	300346
ആകെ	659		6611466

5 - 11 പട്ടികജാതി –പട്ടികവർഗ്ഗ ക്ഷേമം

വണ്ടൻമേട് പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 19.76% പട്ടികജാതി വിഭാഗവും 1.94% പട്ടിക വർഗ്ഗ വിഭാഗവും ആണ്. അംഗീകൃത പട്ടികജാതി കോളനികൾ 5 എണ്ണം ആണ് പഞ്ചായത്തിൽ ഉള്ളത്. 1-ാം വാർഡിലെ പുളിയന്മല ഹരിജൻ കോളനി, കുളത്തുംമേട് IHDP കോളനി, ആമയാർ കണ്ടം കോളനി, 3-ാം വാർഡിലെ രാജാക്കണ്ടം, 4-ാം വാർഡിലെ നെറ്റിത്തൊഴു എന്നിവയാണ് അംഗീകൃത പട്ടികജാതി കോളനികൾ. 1-ാം വാർഡിലെ കുളത്തുംമേട് 5-ാം വാർഡിലെ മണിയംപ്പെട്ടി എന്നിവ അംഗീകൃത IHDP. കോളനികൾ ആണ്. പട്ടിക വർഗ്ഗ കോളനികൾ അന്യാർതൊളു, ഹേമക്കടവ്, പളിയക്കുടി, എന്നിവയാണ്. നിരവധി ഹരിജൻ കോളനികളുടെ അംഗീകാരം ലഭിക്കാൻ ഉണ്ട്. പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പൊതുവെ നിരക്ഷരർ ഇപ്പോൾ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല.

S.S.L.C. ക്ക് ശേഷം തുടർന്ന് പഠിക്കുവാൻ പല കുട്ടികൾക്കും താല്പര്യം കാണിക്കുന്നില്ല. കുടുംബസാഹചര്യങ്ങൾ ആണ് അതിന് പ്രധാന കാരണം. 1995-96 [illegible] ത്തിൽ 273 പട്ടിക വർഗ്ഗ-പട്ടികജാതി കുട്ടികൾ പഠിക്കുന്നുണ്ടായിരുന്നു. അതിൽ 12 ആൺകുട്ടികളും 8 പെൺകുട്ടികളും ഇടയ്ക്ക് പഠനം നിർത്തി. ഉന്നത വിദ്യാഭ്യാസം സ്വീകരിക്കുന്നതിനും തുടർച്ചയായി പഠനം നടത്തുന്നതിനും പൊതുവെ താല്പര്യം കാണിക്കാത്ത ഇന്നത്തെ സ്ഥിതി അടിയന്തിരമായി മാറ്റിയെടുക്കേണ്ടതുണ്ട്.

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ തൊഴിൽ ചെയ്ത് ഉപജീവനം കഴിച്ചുകൊണ്ടിരിക്കുന്നവരാണ്. എന്നാൽ കാർഷിക മേഖലയിലെ തകർച്ചയും കുറഞ്ഞ വേതനവും അവരെ മറ്റ് മേഖലയിലേക്ക് തിരിയാൻ പ്രേരിപ്പിച്ചു. പട്ടികജാതിയിൽപെട്ടവർ പാരമ്പര്യമായി ചെയ്തുകൊണ്ടിരുന്ന തൊഴിലുകൾ എല്ലാം ആധുനികതയുടെ വരവോടുകൂടി ഇന്ന് ഏറെ കുറെ ഉപേക്ഷിച്ചിരിക്കുകയാണ്. പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. എങ്കിലും വിവിധ ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ നിരവധി വീടുകൾ പണിയിച്ചിട്ടുണ്ട്. ഗവൺമെന്റ് ഏജൻസികൾ സൗജന്യമായി അനുവദിക്കുന്ന തുക തികയാതെ വരുമ്പോൾ, പണി പൂർത്തീകരിക്കുവാൻ സാധിക്കാത്ത നിരവധി സംഭവങ്ങൾ ഉണ്ട്. പല കോളനികളിലും കക്കൂസ് ഇല്ല

പ്രശ്നങ്ങൾ

1. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു. വിദ്യാഭ്യാസ പുരോരോഗതി കൈവരിച്ചിട്ടില്ല.
2. തൊഴിൽ സാധ്യതകൾ കുറഞ്ഞുവരുന്നു.
3. സ്വന്തമായി വീടില്ലാത്തവരും, വീട് വെയ്ക്കാൻ സ്ഥലം ഇല്ലാത്തവരും ഉണ്ട്.
4. ഗ്രാമീക സൗകര്യങ്ങൾ ഇല്ല.
5. കോളനികളിൽ വൈദ്യുതി, വെള്ളം എന്നിവ ഇല്ല
6. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
7. മെച്ചപ്പെട്ട ചികിത്സ ലഭിക്കുവാൻ കഴിയുന്നില്ല.
8. സർക്കാർ വികസന പദ്ധതികൾ ഫലപ്രദമായി നടത്തുവാൻ കഴിയുന്നില്ല.
9. വിവിധ ഏജൻസികൾ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് അറിവില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. വൈദ്യുതി എത്തിയിട്ടില്ലാത്ത നെറ്റിത്തൊഴു, രാജാക്കണ്ടം, ആമയാർകണ്ടം, കുളത്തുംമേട് IHDP കോളനി, അന്യാർത്തൊളു, പളിയകോളനി, പുളിയന്മല ഹരിജൻ പട്ടികജാതി കോളനി, വെള്ളിമല, അമ്മാവാസി കോളനി, ആമയാർ നല്ല തമ്പി കോളനി എന്നിവിടങ്ങളിൽ ആത്യാവശ്യമായി വൈദ്യുതി എത്തിക്കുക.
2. നിലവിലുള്ള കോളനികളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തണം. കുടിവെള്ളം, കക്കൂസ്, വൈദ്യുതി, ചികിൽസാ സൗകര്യം,. റോഡ് എന്നിവയെല്ലാം എല്ലാ കോളനികളിലും ലഭ്യമാക്കണം.
3. ആവശ്യമായ സ്ഥലങ്ങളിൽ പുതിയ കോളനികൾ എല്ലാ വികസന സൗകര്യങ്ങളോടും കൂടി സ്ഥാപിക്കണം.
4. സഹകരണ മേഖലയിൽ ഹോളാബ്രിക്സ് നിർമ്മാണയൂണിറ്റ് ആരംഭിക്കുക.
5. സ്ത്രീകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
6. പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആരംഭിക്കുക.
7. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിവിധ തൊഴിൽദായക പദ്ധതികൾ ഏകോപിച്ച് നടപ്പാക്കണം. കോളനികൾ കേന്ദ്രീകരിച്ച് സ്വയം തൊഴിൽ ചെയ്യുവാനുള്ള സഹായം എത്തിക്കണം.
8. ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കണം.
9. കോളനികളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

10. കുടുംബ ബാധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടി വരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ സംവിധാനമേർപ്പെടുത്താൻ പഞ്ചായത്ത് ശ്രദ്ധിക്കുക.
11. വീടു നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക, വീടു വെയ്ക്കുന്നതൊടോപ്പം കക്കൂസ് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിക്കുക. വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉപഭോക്താക്കൾക്ക് അനുവാദം കൊടുക്കുക.
12. വീട് പുതുക്കിപ്പണിയുന്നതിനും, അറ്റകുറ്റപണികൾക്കും പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.
13. പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പാക്കി വരുന്ന ഭൂരഹിത, ഭവന രഹിത, പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.
14. പുളിയന്മലയിൽ പട്ടികജാതി, പട്ടികവർഗ്ഗക്കാർ കൂടുതലായി താമസിക്കുന്ന സ്ഥലത്ത് പൊതു ശ്മശാനം നിർമ്മിക്കുക.
15. വായനശാലകൾ സ്ഥാപിക്കുക.
16. S.S.L.C. വരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോൽസാഹനം നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ഗ്രാമ പഞ്ചായത്ത് ആസൂത്രണം ചെയ്യുക.

5 - 12

വിഭവ സമാഹരണം

വണ്ടൻമേട് ഗ്രാമ പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ച മല്ല. ജനങ്ങളുടെ വികസന ആവശ്യങ്ങളുമായി ബന്ധപ്പെട്ട് പരിശോധിച്ചാൽ വരുമാനം തീരെ പര്യാപ്തമല്ല. തനതു വരുമാനത്തിൽ നേരിയ വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിലും അതുപോലെ തന്നെ ചെലവുകളും വർദ്ധിച്ചിരിക്കുകയാണ്.

പ്രകൃതി വിഭവങ്ങൾ ധാരാളമുള്ള പഞ്ചായത്തിൽ അത് ശരിയായ രീതിയിൽ വികസന ആവശ്യങ്ങൾക്ക് വിനിയോഗിക്കുവാനുള്ള ആസൂത്രണ പദ്ധതി നാളിതുവരെ ഉണ്ടായിരുന്നില്ല. നാണ്യവിളകൾ ഏറ്റവും അധികം ഉല്പാദിപ്പിക്കുന്ന ഈ പഞ്ചായത്തിൽ അതിൽ നിന്നു ലഭിക്കുന്ന വരുമാനത്തിന്റെ ഒരംശം പോലും പഞ്ചായത്തിൽ ചെലവഴിക്കുന്നില്ല. പാഴായി പോവുന്ന മനുഷ്യശക്തി ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കണം.

യൂണിയൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് ശാഖ തുടങ്ങിയ ധനകാര്യസ്ഥാപനങ്ങൾ നല്ല രീതിയിൽ ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സ്ഥാപനങ്ങൾ സാമ്പത്തിക മേഖലയിൽ ഏറെക്കുറെ ഫലപ്രദമായി ഇടപെടുന്നുണ്ട്. അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്ന സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും പഞ്ചായത്തിൽ ഉണ്ട്. അവർ ജനങ്ങളെ കൊള്ളയടിക്കുകയാണ് ചെയ്യുന്നത്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വിഭവസമാഹരണ സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല.
2. പഞ്ചായത്തിന്റെ ഭരണചെലവ് ക്രമാതീതമായി വർദ്ധിക്കുന്നു.
3. ഭരണ നിർവഹണത്തിലുള്ള വീഴ്ചകൾ, കരാറുകാരുടെ അമിത ലാഭം
4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള തടസ്സങ്ങൾ
5. സന്നദ്ധ പ്രവർത്തനങ്ങളെ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല.
6. ഭരണ വിനിയോഗ നടപടികളുടെ സങ്കീർണ്ണത

സാദ്ധ്യതകൾ

1 പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരുമാനം, പൂർണ്ണമായി ലഭിക്കുമെന്ന് ഉറപ്പു വരുത്തുക.
2. വർദ്ധിച്ചു വരുന്ന ഭരണ ചെലവ് നിയന്ത്രിക്കണം.
3. കരാർ വ്യവസ്ഥ അവസാനിപ്പിക്കുകയും, ജനപങ്കാളിത്തത്തോടെ പഞ്ചായത്ത് നേരിട്ട് നിർമ്മാണ പ്രവർത്തനം നടത്തുകയും ചെയ്യുക.
4. വികസന പദ്ധതികളുടെ സ്കീമുകൾ ഏറ്റെടുത്ത് നടത്തുവാൻ ധനകാര്യ സ്ഥാപനങ്ങളെ പ്രേരിപ്പിക്കുക.
5. മനുഷ്യശക്തിയെ ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി പഞ്ചായത്തു തലത്തിൽ ഒരു വികസന സേന രൂപീകരിക്കുക.

വനം

വണ്ടൻമേട് പഞ്ചായത്തിലെ മുഴുവൻ ഭൂമിയും കാർഡമം ഹിൽ റിസേർവിൽ പെട്ടതാണ്. എന്നാൽ പഞ്ചായത്തിൽ റിസർവ്വു ഫോറസ്റ്റ് ഇല്ല. ഇടതൂർന്ന വനങ്ങളും പുൽമേടുകളും ആയിരുന്നു ആദ്യകാലത്ത് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഈ കാടുകളിൽ പില്ക്കാലത്ത് ഏലം കൃഷി ചെയ്തു വന്നു. വിലപിടിപ്പുള്ള മരങ്ങൾ ഏലകാടുകളിൽ നിന്നും അപ്രത്യക്ഷമായികൊണ്ടിരിക്കുകയാണ്. എന്നാൽ പുൽമേടുകൾ കൃഷിഭൂമിയാക്കി മാറ്റി അവിടെ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിൽ കർഷകർ ശ്രദ്ധിച്ചിട്ടുണ്ട്. വനഭൂമിയാണെങ്കിലും പല ഭൂമിക്കും പട്ടയം നൽകിയിട്ടുണ്ട്. കർഷകർക്ക് കൃഷി ഭൂമിക്ക് പട്ടയം കൊടുക്കുവാൻ നിരവധി തടസ്സങ്ങൾ ഇന്നും ഉണ്ട്. സാമൂഹ്യ വനവത്ക്കരണത്തിന്റെ ഭാഗമായി പഞ്ചായത്തിൽ പല സ്ഥലത്തും മരം വച്ചു പിടിപ്പിച്ചിട്ടുണ്ട്. വണ്ടൻമേട് പഞ്ചായത്ത് വക സ്ഥലത്ത് വണ്ടൻമേട്ടിൽ സാമൂഹ്യ വനവത്ക്കരണ പദ്ധതിയിൽ ഒരു പാർക്ക് നിർമ്മിച്ചിട്ടുള്ളതായി അറിയുന്നു. ഈ സ്ഥലം ഇപ്പോൾ കാടുകയറി ഉപയോഗ ശൂന്യമായി തീർന്നിരിക്കുകയാണ്.

പ്രശ്നങ്ങൾ

1. അനധികൃത മരംവെട്ട് വ്യാപകമായി നടക്കുന്നു.
2. നട്ടു വളർത്തുന്ന മരങ്ങൾ സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കാൻ സാധിക്കുന്നില്ല.
3. വനം സംരക്ഷിക്കുന്നതിൽ ജനങ്ങൾക്ക് യാതൊരു പങ്കുമില്ല.

സാദ്ധ്യതകൾ

1. വനം സംരക്ഷിക്കുന്നതിനും മരം വച്ചു പിടിപ്പിക്കുന്നതിനും ജനപങ്കാളിത്തത്തോടെ പദ്ധതി തയ്യാറാക്കുക.
2. വനപാലകരുടെ എണ്ണം വർദ്ധിപ്പിക്കുകയും, ആയുധങ്ങൾ ഉൾപ്പെടെ ആവശ്യമായ സജ്ജീകരങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ (1995-96)

പട്ടിക I

വകുപ്പ്	തുക		ആകെ
	പദ്ധതി വിഹിതം	പദ്ധതിയേതര വിഹിതം	
മൃഗസംരക്ഷണം	1400		1400
ആരോഗ്യം		34750	34750
കൃഷി	66900		66900
പി.ഡബ്ല്യൂ.ഡി		8400	8400
ആകെ	68300	43150	11140

പട്ടിക II

ഗ്രാൻറ് വിവരങ്ങൾ

അവലംബം: ഗ്രാൻറ് രജിസ്റ്റർ സ്പെഷ്യൽ ഗ്രാൻറ് രജിസ്റ്റർ

VRM	MI	VTC	അടിസ്ഥാന നികുതി		Spt Grand	Jry	അൺടൈംസ്	ആകെ
രൂപ	രൂപ	രൂപ	25% രൂപ	75%	രൂപ	രൂപ	ഫണ്ട്	
26831	6000	254154	ഇല്ല	83671	ഇല്ല	1668476	340550	2379682

പട്ടിക III

സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	വക വിവരം	വില്ലേജിൻെറ പേര്	വിസ്തീർണ്ണം	മതിപ്പുവില
1	പഞ്ചായത്ത് ആഫീസും കോമ്പൗണ്ടും	വണ്ടൻമേട്	40 സെൻറ്	10 ലക്ഷം
2	N.H.P.H.S. കോമ്പൗണ്ട്	അണക്കര	5 ഏക്കർ	20 ലക്ഷം
3	മാലി നേഴ്സറി സ്കൂളും കോമ്പൗണ്ടും	വണ്ടൻമേട്	30 സെൻറ്	3 ലക്ഷം
4	ശാസ്താനട നേഴ്സറി സ്ക്കൂൾ കോമ്പൗണ്ട്	ആനവിലാസം	5 സെൻറ്	1 ലക്ഷം
5	കടശ്ശിക്കടവ് ലൈബ്രറിയും കോമ്പൗണ്ടും	അണക്കര	3 സെൻറ്	2 ലക്ഷം
6	നെറ്റിത്തൊഴു പഞ്ചായത്ത് ലൈബ്രറി കോമ്പൗണ്ട്	അണക്കര	5 സെൻറ്	3 ലക്ഷം
7	രാജാക്കണ്ടം പഞ്ചായത്തു മേട്	അണക്കര	1 ഏക്കർ	2 ലക്ഷം
8	പുറ്റടി ബാങ്കുകവലയിൽ പഞ്ചായത്തു വക	അണക്കര	22 സെൻറ്	88000

പട്ടിക IV
വരവു സംബന്ധിച്ച വിവരങ്ങൾ

നമ്പർ	ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1	കെട്ടിട നികുതി	536217	320420	215797
2	തൊഴിൽ നികുതി	524240	265867	258373
3	വിനോദ നികുതി	27632	27632	Nil
4	അഡി. വിനോദ നികുതി	16746	16746	Nil
5	പ്രദർശന നികുതി	2790	2790	Nil
6	പ്രദർശന നികുതിയിന്മേലുള്ള സർചാർജ്	718	718	Nil
7	ലൈസൻസ് ഫീസ്	9300	9300	Nil
8	വസ്തുകൈമാറ്റ നികുതി 75%	83671	83671	Nil
9	സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള വിവരങ്ങൾ	667474	667474	Nil
10	ഡെപ്പോസിറ്റ്	19521	19521	Nil
11	മറ്റുള്ളവ	236815	236816	Nil
	ആകെ	2125125	1650955	474170

പട്ടിക V
ചെലവ് സംബന്ധിച്ച വിവിരങ്ങൾ
പൊതു സാമ്പത്തികനില

നമ്പർ	ഇനം	തുക
1	ഭരണം	730826
2	പൊതുമരാമത്ത്	479014
3	വിദ്യാഭ്യാസം	68852
4	ഓടകൾ, ജലവിതരണം, പൊതുജനാരോഗ്യം	104761
5	മറ്റുള്ളവ	16469
	ആകെ	1399922

പട്ടിക VI

1	പൊതുകണക്ക്	മൂലധനകണക്ക്	കടം സംബന്ധിച്ച കണക്ക്
വരവ്	1933595	319073	41300
ചെലവ്	1069100	1069100	749

പട്ടിക VII
പൊതു മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ

പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	യഥാർത്ഥ ചെലവ്		
		ഗ്രാൻറ് തുക	പഞ്ചാ. ഫണ്ട്	ആകെ
റോഡ്	420737	367381	53356	420737
തോട്	4900	4900	Nil	4900
മറ്റുള്ളവ	5377	Nil	53377	53337
ആകെ	479014	372281	106733	479014

പട്ടിക VIII
JRY പണി സംബന്ധിച്ച വിവരങ്ങൾ

നമ്പർ	പണിയുടെ പേര്	ജനറൽ സെക്ടർ തുക രൂപ	ആകെ തുക രൂപ
1	കടശ്ശിക്കടവ്-ഏലവനം റോഡ് ഉദ്ധാരണ ജോലികൾ	200000	200000
2	മാലി-ഇഞ്ചപടർപ്പ് റോഡിൽ ഉദ്ധാരണ ജോലികൾ	200000	200000
3	പുറ്റടി ഗവ. ഹോസ്പിറ്റലിന്റെ അവശേഷിക്കുന്ന പണികൾ	380465	380465
4	പട്ടിക-ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 9 വീട്	142200	142200

സാദ്ധ്യതകൾ

സർവ്വേറിക്കാർഡ് പ്രകാരം പഞ്ചായത്തു വക സ്ഥാവരജംഗമ വസ്തുക്കൾ സ്വന്തമായി തിരിച്ചെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ഉപസംഹാരം

ജനകീയ ആസൂത്രണ പരിപാടിയിലൂടെ അധികാരവും ജനങ്ങളും തമ്മിലുള്ള ബന്ധത്തിന് ഒരു പുതിയ നിർവ്വചനം കൈവന്നിരിക്കുകയാണ്. അധികാരം ജനങ്ങളുടെ ഇച്ഛക്കനുസൃതമായി രൂപപ്പെടുത്താൻ കഴിയുമെന്ന് ഈ പരിപാടി വ്യക്തമാക്കിയിരിക്കുകയാണ്. കേവലം വോട്ടുചെയ്യുക എന്ന ധർമ്മം മാത്രമുണ്ടായിരുന്ന ഗ്രാമീണർ ഇന്ന് അധികാരം കൈയ്യേറുന്നവരും ആസൂത്രകരും ആയി തീർന്നിരിക്കുന്നു. നമ്മുടെ ഗ്രാമങ്ങളിൽ എന്തു വികസനമാണ് നടക്കേണ്ടത് എന്ന് നാം തീരുമാനിക്കുവാൻ പോകുകയാണ്. അധികാരികൾ അനുവദിക്കുന്നതു സ്വീകരിക്കാനായി ഇന്നലെവരെ കാത്തിരുന്നവർ എന്റെ ഗ്രാമത്തിനു വേണ്ടി എനിക്ക് എന്തുംചെയ്യാൻ കഴിയുമെന്ന് ഉറക്കെ ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. ഇത് നമ്മെ സംബന്ധിച്ചിടത്തോളം ഒരു മാറ്റത്തിന്റെ തുടക്കമാണ്. ഒരു പുതിയ സാമൂഹ്യബോധം, ഒരു പുതിയ വികസനസമീപനം, അതിലൂടെ നാം ഒരു രാഷ്ട്രീയ സംസ്കാരം പടുത്തുയർത്തുകയാണ്. നവംബർ ഒന്നിന്റെ പുനരർപ്പണ ദിനത്തോടെ നാം അതിന് തുടക്കം കുറിച്ചു കഴിഞ്ഞു. നമ്മുടെ ഗ്രാമപഞ്ചായത്തിലെ പതിനൊന്നു വാർഡുകളിലും ഇടനിലക്കാരെ ഒഴിവാക്കി ജനകീയ പങ്കാളിത്തത്തോടെ ഗ്രാമീണ വഴികളുടെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ സാധിച്ചു. ഇതൊരു പ്രാരംഭം മാത്രമാണ്. ഈ ആവേശം, ഈ ഐക്യം, ഈ ത്യാഗസന്നദ്ധത, ഐശ്വര്യസമ്പൂർണ്ണമായ ഒരു ഗ്രാമീണ ജീവിതം കെട്ടിപ്പടുക്കാൻ എന്നും നമുക്ക് കാത്തുസൂക്ഷിക്കാം.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനാവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ടും, പദ്ധതികളുടെ പ്രായോഗിക നടത്തിപ്പിന് എല്ലാ ജനങ്ങളുടെയും ഉദ്യോഗസ്ഥ പ്രമുഖരുടേയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ ഈ വികസനരേഖ നിങ്ങളുടെ മുൻപാകെ അവതരിപ്പിച്ചുകൊള്ളുന്നു.

എന്ന് പഞ്ചായത്ത് കമ്മിറ്റിക്കുവേണ്ടി

കെ.സി. മാത്യു

പ്രസിഡന്റ്

അനുബന്ധം

1996 നവംബർ 24-ാം തീയതി വണ്ടന്മേട് ഗ്രാമപഞ്ചായത്ത് വികസന സെമിനാർ പുറ്റടി N.S.P.H.S.ൽ നടന്നു. ജില്ലാപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. സി.എൻ. വിജയൻ സെമിനാർ ഉത്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കെ.പി.സുദർശനൻ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് കുട്ടിയച്ചൻ കുറുവന്താനം എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. പ്രസിഡന്റ് ശ്രീ.കെ.സി. മാത്യു അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് അംഗങ്ങളായ കൊച്ചറ മോഹനൻനായർ, പി. സേതുനാഥ്, ബിന്ദു അപ്പുക്കുട്ടൻപിള്ള, മാലാ രാമദാസ്, ത്രേസ്യാമ്മ ജോസഫ്, അഡ്വ. ജയിംസ് ജേക്കബ്, വി. കൃഷ്ണമൂർത്തി, രാജാമാട്ടുക്കാരൻ (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ), സമ്പത്ത് കുമാരി ഗോപാൽ എന്നിവർ സെമിനാറിന് സജീവ നേതൃത്വം നൽകി. കെ.ആർ.പി. ദിവാകരൻസാർ, ഡി.ആർ.പി. മാരായ സോമശേഖരൻനായർ, റോയി ഉമ്മൻ ശ്യാമള രാമകൃഷ്ണൻ, വത്സല കുമാരി, പി.കെ. രവി. T.S. പ്രകാശൻ, Dr. പി.ജി. ചന്ദ്രൻ എന്നിവരും എൽ.ആർ.പി. മാരും സെമിനാർ ഫലപ്രദമായി നടത്തുന്നതിന് നേതൃത്വം നൽകി. പുറ്റടി മൃഗാശുപത്രിയിലെ വെറ്റിനറി സർജൻ Dr. ബിനുവിന്റെ സജീവ പങ്കാളിത്തം ശ്ലാഘനീയമാണ്. പുറ്റടി N.S.P.H.S. ലെ ഹെഡ്മിസ്ട്രസും, അദ്ധ്യാപകരും, പിളിയന്മല G,T.S. ഹെഡ്മാസ്റ്ററും പുറ്റടി പി.എച്ച്.സി.യിലെ ജീവനക്കാരും സഹകരിച്ചവരിൽ ഉണ്ട്. കൂടാതെ ജനനേതാക്കന്മാരും കർഷകരും വിദ്യാർത്ഥികളും തൊഴിലാളികളും അടങ്ങുന്ന 200 - ഓളം പേർ സെമിനാറിൽ പങ്കെടുത്തു. 12 ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ച് പദ്ധതി രൂപീകരണത്തിന് അടിത്തറയിട്ടു. വിലപ്പെട്ട അനുബന്ധ നിർദ്ദേശങ്ങൾ സെമിനാറിൽ നിന്നും ഉണ്ടായി. അത് കൂടി ചേർത്ത് റിപ്പോർട്ട് പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലും പദ്ധതി നടത്തിപ്പിലും മാത്രമല്ല നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനരംഗത്ത് എല്ലാ ജനങ്ങളുടേയും സജീവ സാന്നിദ്ധ്യം വീണ്ടും അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു.

എന്ന്,

കൊച്ചറ മോഹനൻനായർ
കോർ ഗ്രൂപ്പ് കൺവീനർ
റിപ്പോർട്ട് തയ്യാറാക്കൽ

കെ.സി. മാത്യു
പ്രസിഡന്റ്
വണ്ടന്മേട് ഗ്രാമപഞ്ചായത്ത്

24 - 11 - 96-ൽ നടന്ന വണ്ടന്മേട് പഞ്ചായത്ത് വികസന സെമിനാർ രൂപീകരിച്ച കർമ്മസേനാ ഭാരവാഹികൾ

1. കൃഷിയും ജലസേചനവും
ചെയർമാൻ - കെ.സി. മാത്യു
വൈസ് ചെയർമാൻ - മാത്യു ഏബ്രഹാം
കൺവീനർ - കൃഷി ഓഫീസർ, കൃഷിഭവൻ പുറ്റടി
ജോ: കൺവീനർ - സോമശേഖരൻനായർ

2. മൃഗസംരക്ഷണം
ചെയർമാൻ - കുട്ടിയച്ചൻ കുറുവന്താനം
വൈസ് ചെയർമാൻ - T.J. സൈമൺ
കൺവീനർ - വെറ്റിനറി സർജൻ, മൃഗാശുപത്രി, പുറ്റടി
ജോ. കൺവീനർ - ശ്യാമള രാമകൃഷ്ണൻ

3. വ്യവസായം
ചെയർമാൻ - അഡ്വ. ജയിംസ് ജേക്കബ്
വൈസ് ചെയർമാൻ - M.U. ജയിംസ്
കൺവീനർ - താലൂക്ക് വ്യവസായ ഓഫീസർ
ജോ. കൺവീനർ - പ്രസാദ്

4. ഊർജ്ജം - ഗതാഗതം - മാർക്കറ്റ് - ടൂറിസം
ചെയർമാൻ - ത്രേസ്യാമ്മ ജോസഫ്
വൈസ് ചെയർമാൻ - സബ് എഞ്ചിനീയർ K.S.E.B.
കൺവീനർ - അസി. എഞ്ചിനീയർ P.W.D.
ജോ. കൺവീനർ - റോയി ഉമ്മൻ

5. കുടിവെള്ളം - പൊതുജനാരോഗ്യം
ചെയർമാൻ - കൊച്ചറ മോഹനൻനായർ
വൈസ് ചെയർമാൻ - അസി. എഞ്ചിനീയർ, വാട്ടർ അതോറിറ്റി
കൺവീനർ - ഡോക്ടർ P.H.C. പുറ്റടി
ജോ. കൺവീനർ - ഡോ. പി.ജി. ചന്ദ്രൻ

6. വിദ്യാഭ്യാസം
ചെയർമാൻ - പി. സേതുനാഥ്
വൈസ് ചെയർമാൻ - ജലാലുദീൻ K.A.,
ഹെഡ്മാസ്റ്റർ - G.T.S. പുളിയന്മല
കൺവീനർ - അസി. എഡ്യൂക്കേഷൻ ഓഫീസർ
ജോ. കൺവീനർ - പി.കെ. രവി

7. പാർപ്പിടം - സാമൂഹ്യക്ഷേമം
ചെയർമാൻ - ബിന്ദു അപ്പുക്കുട്ടൻപിള്ള
വൈസ് ചെയർമാൻ - മധുസൂധനൻ K.R.
കൺവീനർ - ബി.ഡി.ഓ. കട്ടപ്പന
ജോ. കൺവീനർ - ബിജു എബ്രഹാം

8. വനിതാക്ഷേമം
ചെയർമാൻ - മാല രാമദാസ്
വൈസ് ചെയർമാൻ - L.V.E.O. വണ്ടന്മേട്
കൺവീനർ - I.C.D.S. പ്രൊജക്ട് ഓഫീസർ
ജോ. കൺവീനർ - ജയമോഹൻ

9. സഹകരണം
ചെയർമാൻ - വി. കൃഷ്ണമൂർത്തി
വൈസ് ചെയർമാൻ - ജോസ് പൂവത്തുംമൂട്ടിൽ
കൺവീനർ - അസി. രജിസ്ട്രാർ, സഹകരണവകുപ്പ്
ജോ. കൺവീനർ - T.S. പ്രകാശൻ

10. പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം
ചെയർമാൻ - രാജാമാട്ടുക്കാരൻ
വൈസ് ചെയർമാൻ - ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ
കൺവീനർ - വെൽഫയർ ഓഫീസർ, കട്ടപ്പന,
ജോ. കൺവീനർ - സത്യൻ M.C.

11. സംസ്ക്കാരം
ചെയർമാൻ - കൊച്ചറ മോഹനൻനായർ
വൈസ് ചെയർമാൻ - ആർട്ടിസ്റ്റ് ജോയി, പുറ്റടി
കൺവീനർ - സുരേഷ്, പ്രിൻസിപ്പൽ, അതുൽ ഇംഗ്ലീഷ് അക്കാഡമി
ജോ. കൺവീനർ - എം.എം. ജോസ്

12. വിഭവസമാഹരണം
ചെയർമാൻ - അഡ്വ. ജയിംസ് ജേക്കബ്
വൈസ് ചെയർമാൻ - ആന്റണി K.J.
കൺവീനർ - അഗ്രി. ഇൻകം ടാക്സ് ഓഫീസർ, വണ്ടന്മേട്
ജോ. കൺവീനർ - വത്സല കുമാരി

5-1 കൃഷിയും ജലസേചനവും

സെമിനാർ നിർദ്ദേശങ്ങൾ

1. എല്ലാ കൃഷിക്കും സൗജന്യമായി വൈദ്യുതി നൽകുകയും ആവശ്യമായ വോൾട്ടേജ് ഇല്ലാത്ത സ്ഥലങ്ങളിൽ വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
2. ഒരു ഗ്രാമപഞ്ചായത്ത് വാർഡിൽ ഒരു കാർഷിക വികസന സമിതി എന്ന രീതിയിൽ നിലവിലുള്ള സമിതികൾ പുന:സംഘടിപ്പിക്കുകയും ഓരോ വാർഡു മെമ്പറും കൃഷിസമിതിയുടെ അദ്ധ്യക്ഷനായിരിക്കുകയും ചെയ്യുക.
3. ആധുനിക രീതിയിൽ ഉത്പന്നങ്ങളുടെ ഗ്രേഡ് തിരിച്ച് അടിസ്ഥാനവില നിർണ്ണയിക്കുക.
4. കൃഷിക്കാർക്ക് കാർഷിക ഉപകരണങ്ങളും വളം, കീടനാശിനി എന്നിവയും അൻപതു ശതമാനം സൗജന്യനിരക്കിൽ കാർഷിക വികസന സമിതികളിലൂടെ വിതരണം ചെയ്യുക.
5. പവ്വർകട്ട് സാധാരണമായിരിക്കുന്ന ഇന്നത്തെ സ്ഥിതിയിൽ ജലം പമ്പുചെയ്യുന്നതിന് സോളാർ പമ്പുകൾ ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം കർഷകർക്ക് നൽകുകയും, സൗജന്യ നിരക്കിൽ സോളാർ പമ്പുകൾ നൽകുകയും ചെയ്യുക.
6. ഒരു ഹെക്ടർ വരെ കൃഷിഭൂമിയുള്ള കർഷകർക്ക് കാർഷിക വായ്പയ്ക്ക് പലിശ സബ്സിഡി ഏർപ്പെടുത്തുക.
7. കൃഷി ഉദ്യോഗസ്ഥന്മാർ, കൃഷിടിയങ്ങളിൽ എത്തി ആധുനിക കൃഷിരീതികളെ സംബന്ധിച്ച് കർഷകർക്ക് വിവരങ്ങൾ നൽകുക.
8. ഉടുമ്പൻചോല താലൂക്കിൽ നിലവിലുള്ള C.H.R. നിയമം എടുത്തുമാറ്റുകയും കർഷകർക്ക് അവരുടെ ഭൂമിയിൽ ഉടമസ്ഥാവകാശം സ്ഥാപിച്ചുകൊണ്ട് പട്ടയം നൽകുകയും ഭൂമിയിൽ ആദായകരമായ കൃഷി ചെയ്യുന്നതിന് സ്വാതന്ത്ര്യം നൽകുകയും ചെയ്യുക.
9. അന്യാർതൊളു പാച്ചുപിള്ള കുടിയിൽ ഉള്ള സർക്കാർ കുളത്തിലെ വെള്ളം ഉദ്ദേശം മുന്നൂറു മീറ്റർ അകലത്തിലായി വാട്ടർടാങ്ക് കെട്ടിയാൽ ഇരുന്നൂറേക്കർ സ്ഥലത്ത് ജലസേചനം നടത്തുവാനും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുവാനും സാധിക്കും.
10. ചേറ്റുകുഴി ബാലൻപിള്ളയുടെ സ്ഥലത്തുള്ള കുളം അറ്റകുറ്റ പണി ചെയ്ത് നെൽകൃഷിക്ക് അനുയോജ്യമാക്കുക.
11. ചേറ്റുകുഴി പഞ്ചായത്തു വക സ്ഥലത്ത് കുളം നിർമ്മിച്ച് നെൽകൃഷിക്ക് അനുയോജ്യമാക്കുക.
12. പതിവുകണ്ടം ഭാഗത്ത് തോട്ടിൽ ചെക്കുഡാം നിർമ്മിച്ച് ഇരുപ്പൂകൃഷി നടപ്പിലാക്കുക.
13. മന്തിപ്പാറ- റാന്നി വളവിൽ കുളം നിർമ്മിച്ച് കൃഷിക്ക് ഉപയുക്തമാക്കുക.
14. പഴയകൊച്ചറ തോട്ടിൽ ബണ്ടു കെട്ടി നെൽകൃഷിക്ക് സൗകര്യമുണ്ടാക്കുക.
15. കൊല്ലിക്കൊളവി ഭാഗത്ത് ബണ്ടുകെട്ടി ജലം നെൽകൃഷിക്ക് ഉപയുക്തമാക്കുക.
16. നായരുസിറ്റിക്ക് മുകൾവശത്ത് കുളം കുത്തി നെൽകൃഷിക്ക് ഉപയുക്തമാക്കുക.
17. പുറ്റടി ഭാഗത്ത് ജ്യോതിപടിയിൽ കുളം നിർമ്മിച്ച് നെൽകൃഷിക്ക് ഉപയുക്തമാക്കുക.
18. അമ്പാട്ടു പടിക്കൽ പഞ്ചായത്തു വക സ്ഥലത്ത് കുളം തീർത്ത് നെൽകൃഷിക്ക് ഉപയുക്തമാക്കുക.
19. നെറ്റിത്തൊഴുവിൽ ഉള്ള അഞ്ചു ബണ്ടുകളുടെയും കനാലുകളുടെയും അറ്റകുറ്റ പണികൾ നടത്തുക.
20. വെട്ടുമട ഭാഗത്ത് കുളം നിർമ്മിക്കുക.
21. ബൗണ്ടറി ഭാഗത്ത് കുറ്റിയാനിക്കൽ വക സ്ഥലത്തെ കുളം നന്നാക്കുക.
22. മൈലാടും പാറയ്ക്കു താഴെയുള്ള കുമരകം ബ്ലോക്കിൽ കുളം നിർമ്മിക്കുക.
23. പാലക്കണ്ടത്ത് കുളം നിർമ്മിക്കുക. പുറ്റടി തണ്ണിപ്പാറഭാഗത്ത് ബണ്ട് നിർമ്മിക്കുക.

24. കുരുവിക്കാട്ടു പാറഭാഗത്ത് നിലവിലുള്ള ബണ്ടിന്റെ അറ്റകുറ്റ പണികൾ നടത്തുകയും, അവിടെ നിന്ന് നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്ന കനാൽ നന്നാക്കി അതുവഴി കൃഷിക്ക് വെള്ളം എത്തിക്കുന്നതിനുവേണ്ടി സൗകര്യമുണ്ടാക്കുകയും ചെയ്യുക.

25. കുരുവിക്കാട്ടു പാറമുതൽ A.K.M.U.P.S പടി വരെയുള്ള തോടിന്റെ ഇരുഭാഗവും കെട്ടി കൃഷിസ്ഥലം സംരക്ഷിക്കുകയും,, തോട്ടിൽ തടയണകൾ നിർമ്മിച്ച് ജലം കൃഷിക്ക് ഉപയോഗിക്കുന്നതിന് യോഗ്യമാക്കുകയും ചെയ്യുക

26. പുറ്റടിയിൽ നിന്നും രാജാക്കണ്ടം കണിയാംപറമ്പ് കടയിൽ എത്തുന്ന തോട് ഇരുവശവും കെട്ടുകയും തടയണകൾ നിർമ്മിച്ച് ജലം ശേഖരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

27. കൊച്ചറഭാഗത്ത് നിലവിലുള്ള ബണ്ടിന്റെ അറ്റകുറ്റ പണികൾ നടത്തുക.

28. മണ്ണൊലിപ്പ് തടയുന്നതിന് കൃഷിയിടങ്ങളിൽ കൈയ്യാലകൾ നിർമ്മിക്കുന്നതിന് സമഗ്രമായ പദ്ധതി തയ്യാറാക്കുക.

5-2 മൃഗസംരക്ഷണം - അനുബന്ധം

സെമിനാർ നിർദ്ദേശങ്ങൾ

1. ചികിത്സക്കാവശ്യമായ മരുന്നുകൾ മൃഗാശുപത്രിയിൽ ലഭ്യമാക്കുക.
2. ആശുപത്രികെട്ടിട നിർമ്മാണത്തോടൊപ്പം തന്നെ മൃഗങ്ങളെ കിടത്തി ചികിത്സിക്കുന്നതിനുള്ള (Inpatient ward) സൗകര്യം ലഭ്യമാക്കുക.
3. കന്നുകുട്ടി പരിപാലന പദ്ധതിയിൽ വർഷംതോറും 100 കന്നുകുട്ടികളെ എങ്കിലും ഉൾപ്പെടുത്തുകയും തീറ്റയുടെ വിലവർദ്ധിക്കുന്നതിന് ആനുപാതികമായി സബ്സിഡി നൽകുകയും ചെയ്യുക.
4. മൃഗസംരക്ഷണവകുപ്പിന്റെയും, ക്ഷീരവികസനവകുപ്പിന്റെയും, പാൽസഹകരണ സംഘങ്ങളുടെയും, സ്വകാര്യ സംഘങ്ങളുടെയും പ്രവർത്തനത്തിൽ പഞ്ചായത്ത് സമിതിക്ക് നിയന്ത്രണം ഇല്ലാത്തതിനാൽ വിവിധ ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകർക്ക് ലഭിക്കുന്നില്ല. ആയതിനാൽ ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകർക്ക് ലഭിക്കത്തക്ക വിധത്തിൽ പഞ്ചായത്ത് സമിതിക്ക് ടി സംഘങ്ങളിൽ നിയന്ത്രണം ഉണ്ടാകേണ്ടതാണ്.
5. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക. ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി നിരക്കിൽ നടപ്പാക്കുക.
6. കുറഞ്ഞ സ്ഥലത്തുനിന്നും കൂടുതൽ പുല്ല് ഉത്പാദിപ്പിക്കുന്നതിന് മേൽത്തരം പുൽവിത്തുകൾ സൗജന്യമായി പഞ്ചായത്തിൽ വിതരണം ചെയ്യുക.
7. I,III,X,XI, വാർഡുകളിലെ 800-ഓളം ക്ഷീരകർഷകരുടെ സൗകര്യാർത്ഥം വണ്ടന്മേട് കേന്ദ്രീകരിച്ച് ഗോസംവർദ്ധക ഉപകേന്ദ്രം സ്ഥാപിക്കുക.
8. ദാരിദ്രരേഖയ്ക്ക് താഴെയുള്ള ജനവിഭാഗത്തിന് അത്യുല്പാദനശേഷിയുള്ള കറവപ്പശുക്കളെ സൗജന്യമായി നല്കുക. കൂടാതെ കാലിത്തീറ്റ സൗജന്യനിരക്കിൽ ലഭ്യമാക്കുകയും ചെയ്യുക.
9. കറവവറ്റിയ കന്നുകാലികൾക്ക് അടുത്ത പ്രസവം വരെയുള്ള സമയത്ത് കാലിതീറ്റ സൗജന്യനിരക്കിൽ ലഭ്യമാക്കുക.
10. കന്നുകാലികളുടെ വിലവർദ്ധനവിന് ആനുപാതികമായി ബാങ്കുകൾ വായ്പ തുക വർദ്ധിപ്പിക്കുകയും പലിശനിരക്ക് കുറയ്ക്കുകയും ചെയ്യുക. ബാങ്കിൽ നിന്നും കൂടുതൽ കർഷകർക്ക് കന്നുകാലികളെ വാങ്ങുന്നതിന് വായ്പ ലഭ്യമാക്കുക.
11. അത്യുല്പാദനശേഷിയുള്ള ആടുകളെ പഞ്ചായത്തിൽ വിതരണം ചെയ്യുക.
12. കോഴി വളർത്തൽ യൂണിറ്റുകൾ (Egger Nursery Unit) പഞ്ചായത്തിൽ ആരംഭിച്ച് M.L.P.P. പദ്ധതി മുഖേന വിതരണം നടത്തുകയും, വീട്ടുമുറ്റത്ത് കോഴിവളർത്തുന്നതിനുള്ള കൂടുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
13. കാലിത്തൊഴുത്ത് നിർമ്മാണത്തിന് ആവശ്യമായ ധനസഹായവും സബ്സിഡിയും ലഭ്യമാക്കുക.
14. പന്നി പ്രജനന യൂണിറ്റുകൾ ആരംഭിച്ച് പന്നികുഞ്ഞുങ്ങളെ ഇറച്ചി ആവശ്യത്തിനായി വിതരണം ചെയ്യുക
15. പ്രീമിയം വിത്തുകാളയുടെ ബീജം കുറഞ്ഞ നിരക്കിൽ പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി എടുക്കുക. ഭ്രൂണ മാറ്റപദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുക.
16. മുയൽ വളർത്തൽ ലാഭകരമായി നടത്തുന്നതിനാവശ്യമായ മേൽത്തരം മുയൽകുഞ്ഞുങ്ങളെ പഞ്ചായത്തിൽ വിതരണം ചെയ്യുക.
17. താറാവ് വളർത്തലിന് ധാരാളം കുളങ്ങളും തോടുകളും ഉള്ളതിനാൽ ആവശ്യമായ താറാവിൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.
18. പട്ടികജാതി പട്ടികവർഗ്ഗത്തിന് സൗജന്യമായി കോഴിക്കുഞ്ഞുങ്ങളെയും പന്നിക്കുട്ടികളെയും വിതരണം നടത്തുക.
19. മേൽത്തരം ആടുകളെ ഉത്പാദിപ്പിക്കുന്നതിനായി ആടുകൾക്കായി പഞ്ചായത്തിൽ ഒരു കൃത്രിമ ബീജസങ്കലനകേന്ദ്രം തുടങ്ങുക.

5-3 വ്യവസായം

സെമിനാർ നിർദ്ദേശങ്ങൾ

1. ജൈവവള ഫാക്ടറി

സാദ്ധ്യതകൾ

റോഡ് സൈഡിൽ വളർന്നു വരുന്ന പച്ചില കൾ ധാരാളമായി ലഭിക്കും. പഞ്ചായത്തിലെ വെയിസ്റ്റ് മാറുചെയ്യാൻ നിലവിൽ സംവിധാന ങ്ങൾ ഇല്ല. ഈ വെയിസ്റ്റുകളും ഇതിനായി പ്രയോ ജനപ്പെടുത്താം. കൂടാതെ പ്രധാന അസംസ്കൃത പദാർത്ഥമായ ചാണകം ഇവിടെ സുലഭമാണ്. ഇവ ഉപയോഗിച്ച് ജൈവവളം നിർമ്മിക്കാൻ കഴിയും വിധം ഒരു ഫാക്ടറി പഞ്ചായത്തിൽ സ്ഥാപിക്കുക.

കാലിത്തീറ്റ ഫാക്ടറി

70% ആളുകൾ കന്നുകാലി വളർത്തലിനെ ആശ്രയിച്ചാണ് ജീവിക്കുന്നത്. കാലിത്തീറ്റകൾ, ആവശ്യത്തിന് കുറഞ്ഞ വിലയ്ക്ക് ലഭ്യമല്ല. ആയ തുകൊണ്ട് സഹകരണാടിസ്ഥാനത്തിൽ ഒരു കാലി ത്തീറ്റ ഫാക്ടറി സ്ഥാപിക്കണം.

ഓട്, ഇഷ്ടിക നിർമ്മാണം

വണ്ടന്മേട് പഞ്ചായത്തിൽ പ്രത്യേകിച്ച് ഇടുക്കി ജില്ലയിൽ തന്നെ ഇല്ലാത്ത വ്യവസായമാണ് ഓട് ഇഷ്ടിക നിർമ്മാണ ഫാക്ടറികൾ. ഇഷ്ടിക, ഓട് നിർമ്മിക്കുന്നതിനാവശ്യമായ മണ്ണ് സുലഭമായി ഈ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്, ആയതുകൊണ്ട് അതിനു വേണ്ടുന്ന പദ്ധതികൾ ആസൂത്രണം ചെയ്യണം.

ഫർണിച്ചർ നിർമ്മാണം

പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ വീട്ടു പകരണങ്ങൾ പഞ്ചായത്തിൽ തന്നെ നിർമ്മിക്കു ന്നതിന് പദ്ധതി തയ്യാറാക്കണം. വളർത്തുമരങ്ങൾ ഉപയോഗിച്ച് ഫർണിച്ചർ നിർമ്മിക്കുന്നതിന് സാദ്ധ്യ തകൾ ഉള്ളതുകൊണ്ട് സംരംഭകർക്ക് ആവശ്യ മായ സഹായങ്ങൾ പഞ്ചായത്ത് തലത്തിൽ തര പ്പെടുത്തികൊടുക്കുക.

ഷോപ്പിംഗ് കോംപ്ലക്സ്

വണ്ടന്മേട് പഞ്ചായത്തിൽ പുറ്റടിയിലും വണ്ടന്മേട്ടിലും ഷോപ്പിംഗ് കോംപ്ലക്സ് പണിയ ണം. പുറ്റടിയിൽ N.S.P.H.S. ന് മുൻവശം റോഡ് സൈഡിൽ കുറഞ്ഞത് 12 മുറികളെങ്കിലും ആദ്യത്തെ നിലയിൽ പണിയാവുന്നതാണ്. വണ്ട ന്മേട്ടിൽ പഞ്ചായത്ത് ഓഫീസ് ഇരിക്കുന്ന സ്ഥല ത്തിന് മുൻവശത്ത് ഷോപ്പിംഗ് കോംപ്ലക്സും കംഫർട്ട് സ്റ്റേഷനും പണികഴിപ്പിക്കാം. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കുന്ന തിലൂടെ പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുന്ന തിന് ഇടയാകും.

പെട്രോൾ പമ്പ്

വണ്ടന്മേട്ടിലോ, പുറ്റടിയിലോ ഒരു പെട്രോൾ പമ്പ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കണം.

5-4 വിദ്യാഭ്യാസം

സെമിനാർ നിർദ്ദേശങ്ങൾ

1. എല്ലാ സ്കൂളുകളിലും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.

   സ്കൂളുകൾക്ക് ആവശ്യമുള്ളത്ര കെട്ടിടങ്ങൾ നിർമ്മിക്കണം. ഉള്ള കെട്ടിടങ്ങൾക്ക് കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്തിയിരിക്കണം. കക്കൂസ്, മൂത്രപുര തുടങ്ങിയവ നിർമ്മിക്കുകയും കുട്ടികൾക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തുകയും വേണം.

2. N.S.P.H.S., G.T.S. Pulyanmala എന്നീ സ്കൂളുകളിലെ കോമ്പൗണ്ട് കെട്ടി അത് ഉപയോഗപ്രദമാക്കണം.

3. പുളിയന്മല ഗവൺമെന്റ് ട്രൈബൽ സ്കൂൾ തമിഴ് മീഡിയവും, മലയാളം മീഡിയവും U.P. സ്കൂൾ ആക്കി ഉയർത്തണം.

4. N.S.P.H.S.ൽ പ്ലസ്ടു ആരംഭിക്കുകയും സാങ്കേതിക വിദ്യാഭ്യാസ പരിശീലനകേന്ദ്രം ആരംഭിക്കുകയും വേണം.

5. സ്കൂളുകളിൽ വരുന്ന ഒഴിവുകൾ കാലാകാലങ്ങളിൽ നികത്തുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നല്കണം. പ്രാദേശികതല നിയമനത്തിന് മുൻഗണന കൊടുക്കണം.

6. ഈ പഞ്ചായത്തിൽ ഒരു തമിഴ്മീഡിയം H.S. ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണം. പുളിയന്മല L.P.S. അപ്ഗ്രേഡ് ചെയ്ത് H.S. ആക്കണം.

7. ആൾ പ്രൊമോഷൻ ഒഴിവാക്കണം. അർഹതയുള്ള കുട്ടികൾക്ക് മാത്രം ഉയർന്ന ക്ലാസ്കയറ്റം കൊടുക്കാവൂ.

8. സ്കൂളുകളിൽ മൂല്യശോഷണം ഒഴിവാക്കുന്നതിന് വേണ്ട നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കണം.

9. എല്ലാ സ്കൂളുകളിലും P.T.A. ഉണ്ടായിരിക്കുകയും ഓരോ മാസവും കമ്മറ്റി കൂടി സ്കൂളിന്റെ പ്രവർത്തനം വിലയിരുത്തേണ്ടത് ആണ്.

10. സ്കൂൾ പരിശോധന കൃത്യസമയത്ത് നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

11. കലാകായിക പ്രതിഭകളെ കണ്ടെത്തി അവർക്കു വേണ്ട പരിശീലനം കൊടുക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നു.

12. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കു പ്രത്യേക പഠനം കൊടുത്ത് അവരെ മുന്നോട്ട് കൊണ്ടുവരേണ്ടതാണ്.

5-5 കുടിവെള്ളവും, പൊതുജനാരോഗ്യവും

1. നിലവിലുള്ള മൂന്ന് ജലവിതരണ പദ്ധതികളുടെയും അറ്റകുറ്റപ്പണികൾ തീർക്കുക.
2. കറുവാക്കുളം ഭാഗത്ത് E.A.S. സ്കീമിൽ പണിതിട്ടുള്ള വാട്ടർ ടാങ്കിന്റേയും പൈപ്പ് ലൈനിന്റേയും പണികൾ തീർത്ത് ഉപയോഗയോഗ്യമാക്കുക. നിലവിലുള്ള പഞ്ചായത്തു കുളത്തിന്റെ അറ്റകുറ്റപണികൾ തീർക്കുക.
3. മാലി ഇഞ്ചപടർപ്പുഭാഗത്ത് കിണർകുത്തി മോട്ടോർ പമ്പ് ഉപയോഗിച്ച് പമ്പുചെയ്ത് പൈപ്പ്ലൈൻ വഴി മാലിയിൽ ജലവിതരണം നടത്തുക.
4. നെറ്റിത്തൊഴു മോസ്കോ കവല ഭാഗത്ത് രാജാക്കണ്ടം റോഡിന്റെ സൈഡിലിയി ഒരു കുഴൽ കിണർ ആവശ്യമുണ്ട്. പുറ്റടി കമ്പംമെട്ടു റോഡിൽ ബാലൻപിള്ള പടിഭാഗത്ത് ഒരു കുഴൽ കിണർ കുഴിക്കുക.
5. മണിയൻപെട്ടിയിൽ നിലവിലുള്ള കുളത്തിന് ആഴം കൂട്ടി മോട്ടോർ ഉപയോഗിച്ച് പമ്പു ചെയ്ത് മണിയൻപെട്ടി ഭാഗത്ത് വെള്ളം എത്തിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക.
6. മൈലാടും പാറയിൽ ചക്കുപള്ളം പഞ്ചായത്തിന്റെ ഒരു കിണർ ഉപയോഗ ശൂന്യമായി കിടക്കുന്നു. ഇത് നന്നാക്കിയാൽ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.
7. ചക്കുപള്ളം ശുദ്ധജലവിതരണ പദ്ധതിയുടെ പൈപ്പ് ലൈനുകൾ നീട്ടി ചെല്ലാർ കോവിൽ ഭാഗത്തെത്തിച്ചാൽ അവിടുത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.
8. പുറ്റടിയിൽ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും പൈപ്പുലൈനുകൾ നീട്ടിയാൽ അമ്പലമേട് കോളനിയിൽ ശുദ്ധജലം എത്തിക്കാം.
9. രാജാക്കണ്ടം പട്ടികജാതി കോളനിയിലും, വണ്ടന്മേട് ശാന്തിനഗർ കോളനിയിലും കുഴൽ കിണർ കുഴിക്കുക.
10. മാലി, കറുവാക്കുളം, ശാസ്താനട, പുളിയൻമല, വാഴവീട്, മണിയൻപെട്ടി എന്നിവിടങ്ങളിൽ പ്രാഥമിക ആരോഗ്യസേവനം ലഭിക്കുന്നതിന് ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുക.
11. കോങ്കൽ മേട്ടിൽ പണി പൂർത്തിയായി കിടക്കുന്ന ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം എത്രയും പെട്ടന്ന് ആരംഭിക്കുക.
12. രാജാക്കണ്ടത്തു പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ, ജീവനക്കാരോ മരുന്നുകളോ ഇല്ല. ഈ ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം എത്രയും പെട്ടന്ന് ആരംഭിക്കുകയും, ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടർ ഈ സെന്ററിൽ എത്തി രോഗികളെ പരിശോധിക്കാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യുക.
13. വണ്ടന്മേട്ടിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുക.
14. കാലാകാലങ്ങളിൽ കൊതുകു നശീകരണം നടത്തുകയും, പകർച്ച വ്യാധികൾക്ക് കുത്തിവെയ്പ് നടത്തുകയും ചെയ്യുക.
15. മാംസവില്പന ശാലകൾ പൊതുജനാരോഗ്യത്തെ ബാധിക്കാത്ത വിധത്തിൽ പ്രവർത്തിക്കാനുള്ള സംവിധാനമുണ്ടാക്കുക.

5-6 സെമിനാർ നിർദ്ദേശങ്ങൾ

ഗതാഗതം - ഊർജ്ജം - മാർക്കറ്റ് - ടൂറിസം

ഗതാഗതം

1. ഹേമക്കടവ് - കുളത്തുംമേട് റോഡ് കലുങ്കു പണികൾ പൂർത്തീകരിച്ച് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.
2. വൃന്ദാവനം പടി മുതൽ ഹേമക്കടവ് വരെയും ഹേമക്കടവ് ജംഗ്ഷൻ മുതൽ ഗിരിജൻ കോളനിവരെയുള്ള റോഡ് ടാർ ചെയ്യുക.
3. ഹേമക്കടവ് - കത്തിപ്പാറ അഞ്ചൽ റോഡിൽ ഹേമക്കടവ് തോടിന് കുറുകെ ഉള്ള പൊളിഞ്ഞ പാലം പുതുക്കിപണിത് റോഡ് ടാർ ചെയ്യുക.

3-ാം വാർഡിന്റെയും 4-ാംവാർഡിന്റെ അതിർത്തിയിൽ കൂടി കടന്നുപോകുന്ന റോഡ് വീതികൂട്ടി ടാർ ചെയ്ത് ബസ് സർവ്വീസ് ആരംഭിക്കുക.

ചെല്ലാർ കോവിൽ N.S.S.L.P.School ഭാഗത്തേയ്ക്കുള്ള റോഡ് മെറ്റൽ ചെയ്യുക.

ഗ്രാമീണ റോഡായ S.N.D.P. തണ്ണിപ്പാറ റോഡ് സഞ്ചാരയോഗ്യമാംവിധം പുനരുദ്ധരിക്കുക.

I.M.S. കടശ്ശികടവ് റോഡ് ടാർ ചെയ്തു ഗതാഗത യോഗ്യമാക്കുക.

ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ അറ്റകുറ്റ പണികൾ നവംബർ - ഡിസംബർ - ജനുവരി മാസങ്ങളിൽ ചെയ്തു തീർക്കുവാനുള്ള നടപടികൾ എടുക്കുക. മാലി - കറുവാക്കുളവുമായി ബന്ധിപ്പിയ്ക്കുന്ന ഗ്രാമീണ റോഡിന്റെ അറ്റകുറ്റപണികൾ പൂർത്തീകരിക്കുക. നിലവിലുള്ള അന്യാർതൊളു പുളിയൻമല റോഡ് വീതികൂട്ടി ടാർ ചെയ്യുക.

കുമളി - പുറ്റടി - ചേറ്റുകുഴി - കമ്പംമെട്ട് റൂട്ടിൽ K.S.R.T.C. ബസ് സർവീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

മാലി - മായാണ്ടി തേവർ പുൽമേട് റോഡ് ഗതാഗതയോഗ്യമാക്കുക.

മാർക്കറ്റ്

പച്ചക്കറി, മത്സ്യം, മാംസ്യം ഇവ വിൽക്കുന്നതിനുള്ള സ്റ്റാളുകൾ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗമായ പുറ്റടിയിൽ സ്ഥാപിക്കുക.

ഊർജ്ജം

വണ്ടന്മേട്ടിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുവാനും, മേജർ സെക്ഷനാക്കി ഇപ്പോഴുള്ള ഓവർസീയർ ഓഫീസ് ഉയർത്തുവാനും ഉള്ള നടപടികൾ സ്വീകരിക്കുക. മുൻഗണനാ ക്രമത്തിൽ കൊടുക്കുവാനുള്ള കണക്ഷനുകൾ കാലതാമസം ഇല്ലാതെ കൊടുത്തു തീർക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ എത്രയും വേഗം പുനസ്ഥാപിക്കുക. കൃഷി ആവശ്യങ്ങൾക്കായി ടി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ച ഏകദേശം 3-ൽ പരം വർഷങ്ങളായി പെന്റിംഗിൽ കിടക്കുന്ന കണക്ഷനുകൾ എത്രയും പെട്ടന്ന് കിട്ടുവാനുള്ള സൗകര്യങ്ങൾ അടിയന്തിരമായി ചെയ്യുക. പഞ്ചായത്തിലെ മുഴുവൻ സ്ഥലങ്ങളിലും വൈദ്യുതി എത്തിക്കുക. ഏകദേശം 6500 ഓളം വരുന്ന വണ്ടന്മേട് സെന്ററിലെ കൺസ്യൂമേഴ്സിന് പണം അടയ്ക്കുവാനുള്ള സൗകര്യം നിലവിലുള്ള ഓഫീസിൽ സ്ഥിരമായി നിലനിർത്തുക. നിലവിലുള്ള സോഡിയം വേപ്പർ ലാമ്പുകൾ എന്നും തെളിയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക. ഹേമക്കടവ് - നായർസിറ്റി - മണിയംപെട്ടി I.M.S. കോളനി അണക്കര രാജാക്കണ്ടം - B.T.R. നഗർ അന്യാർതൊളു - അമയാർ പാലാക്കണ്ടം ജംഗ്ഷൻ തുടങ്ങിയ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

വീട്ടാവശ്യത്തിനുള്ള പുകയില്ലാത്ത അടുപ്പുകൾ, അനർട്ടിന്റെ പ്രഷർകുക്കറുകൾ എന്നിവ സൗജന്യനിരക്കിൽ പഞ്ചായത്തുതലത്തിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

കുക്കിംഗ് ഗ്യാസിന്റെ സർക്കാർ ഏജൻസി അനുവദിക്കുക.

വൈദ്യുതി എത്തിക്കുവാൻ പ്രയാസം ഉള്ള സ്ഥലങ്ങളിൽ സൗരോർജ്ജ പമ്പുകളും, വിളക്കുകളും സ്ഥാപിക്കുക. ഹേമക്കടവ് എസ്റ്റേറ്റ് ചേർന്നുള്ള വെള്ളച്ചാട്ടത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

ടൂറിസം

നിലവിൽ വണ്ടന്മേട്ടിലുള്ള ഗാർഡൻ പുനരുദ്ധരിക്കുക.

5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും

സെമിനാർ നിർദ്ദേശങ്ങൾ

1. ഒരു ഭവനനിർമ്മാണ സഹകരണ സംഘം പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.
2. പഞ്ചായത്തിൽ നിന്നും വീട് വെയ്ക്കാൻ സ്ഥലം കൊടുത്തിട്ടുള്ളവർക്ക് അടിയന്തിര മായി വീട് വെയ്ക്കുന്നതിനുള്ള സഹായം പഞ്ചായത്തിൽ നിന്നും ചെയ്തു കൊടു ക്കണം.
3. പഞ്ചായത്തിൽ നിലവിലുള്ള കോളനികളിൽ പ്രാഥമിക ജീവിത സൗകര്യങ്ങൾ മെച്ചപ്പെ ടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കു ക.
4. ഭൂരഹിതരും ഭവനരഹിതരുമായ ആളുകൾക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം കൊടുക്കുകയും വീട് വെയ്ക്കുന്നതിനാവ ശ്യമായ ധനസഹായം ചെയ്തു കൊടുക്കു കയും ചെയ്യുക.
6. സാമൂഹ്യക്ഷേമവകുപ്പിൽ നിലവിലുള്ള ധന സഹായ പദ്ധതികൾ പഞ്ചായത്ത് മുഖേന ത്വരിതഗതിയിൽ നടത്തുന്നതിനുള്ള നടപ ടികൾ സ്വീകരിക്കണം.
7. പൊതുവിതരണ രംഗത്തെ അഴിമതി അവ സാനിപ്പിക്കുന്നതിന് വാർഡ് അടിസ്ഥാന ത്തിൽ ഗ്രാമീണ കമ്മറ്റികൾ രൂപീകരിക്കണം.
8. കൃത്യമായ അളവ് തൂക്കങ്ങൾ പരിശോധി ക്കുന്നതിനും അതുമായി ബന്ധപ്പെട്ട പരാ തികൾ കേൾക്കുന്നതിനും പഞ്ചായത്ത് പ്രസി ഡന്റ് അടക്കമുള്ള ജനപ്രതിനിധികൾ മാ സത്തിൽ ഒരു പ്രാവിശ്യമെങ്കിലും റേഷൻ കടകളിൽ സന്ദർശനം നടത്തുന്നതിന് നട പടിയുണ്ടാകണം.
9. നിലവിൽ റേഷൻ കാർഡ് ഇല്ലാത്ത ആളു കൾക്ക് കാർഡു കിട്ടുന്നതിന് ആവശ്യമായ നടപടികൾ ദ്രുതഗതിയിൽ ഉണ്ടാകണം.
10. ഗ്രാമീണ തൊഴിലാളികളെയും, കർഷകരെ യും ഗ്രൂപ്പ് ഇൻഷുറൻസിൽ അംഗങ്ങൾ ആക്കുക.
11. ഗ്രാമീണ കലാകായിക മേളകൾ വികസിപ്പി ക്കുന്നതിന് പഞ്ചായത്തിൽ നിന്നും അടിയ ന്തിര നടപടി ഉണ്ടാകണം.
12. മദ്യം, മറ്റ് ദുരാചാരങ്ങൾക്കെതിരെ പഞ്ചാ യത്ത് അടിസ്ഥാനത്തിൽ ഒരു സംഘടന രൂപീകരിക്കണം.

5-8 സംസ്ക്കാരം - സെമിനാർ നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ നാടൻകലകൾക്കും കായിക വിനോദങ്ങൾക്കും പ്രോത്സാഹിപ്പിക്കുവാൻ പരിശീലനകേന്ദ്രം ആരംഭിക്കുക.
2. പഞ്ചായത്ത് ഹൈസ്ക്കൂൾ ഗ്രൗണ്ട് വിസ്തൃതിപ്പെടുത്തി സ്റ്റേഡിയം പണിയുക.
3. അണക്കര IMS തമിഴ് സ്ക്കൂളിനോടനുബന്ധിച്ച് മിനി സ്റ്റേഡിയം നിർമ്മിക്കുക.
4. ഹേമക്കടവ്, ചേറ്റുകുഴി, രാജാക്കണ്ടം, പുറ്റടി, അണക്കര, ശാസ്താംനട കറുവാക്കുളം, മാലി, വണ്ടന്മേട്, എന്നിവിടങ്ങളിൽ സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കുക.
5. പഞ്ചായത്ത് തലത്തിൽ ഫിലിംക്ലബ് പ്രവർത്തനം ആരംഭിക്കുക.
6. പഞ്ചായത്ത് തലത്തിൽ ചിൽഡ്രൻസ് കൾച്ചറൽ ഡവലപ്മെന്റ് ഫാം ആരംഭിക്കുക.
7. പൊതുസ്ഥലങ്ങളിൽ അശ്ലീലപോസ്റ്ററുകൾ പതിക്കുന്നത് നിരോധിക്കുക.
8. പഞ്ചായത്ത് തലത്തിൽ (മാസിക) അർധവാർഷികപതിപ്പ് പ്രസിദ്ധീകരിക്കുക. ഇതിൽ പഞ്ചായത്ത് തലത്തിലുള്ള കലാകാരന്മാരുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തുക.
9. പഞ്ചായത്തിലെ തിയേറ്ററുകളിൽ കലാമൂല്യമുള്ള ചിത്രങ്ങളും, ന്യൂസ്റീലുകളും നിർബന്ധമായും പ്രദർശിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണം.
10. ജനകീയ ആസൂത്രണപരിപാടിയുടെ പ്രചാരണ കാസറ്റുകൾ പൊതുയോഗങ്ങളിൽ കേൾപ്പിക്കുവാൻ നടപടിയുണ്ടാകണം.
11. അന്യാർതൊളു പാച്ചുപിള്ള കുടിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.
12. വണ്ടന്മേട് പഞ്ചായത്തിൽ പലഭാഗങ്ങളിലായി ഷിറ്റോർയു അലൻ തിലക് കരാട്ടേ സ്ക്കൂൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സ്ക്കൂളിൽ എട്ട് ബ്ലാക്ക് ബെൽട്ടുകളും, ഏതാണ്ട് നാൽപ്പതോളം സീനിയർ വിദ്യാർത്ഥികളും പരിശീലനം നടത്തുന്നു. ഇതിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ഇന്ന് ലഭ്യമല്ല. ഇതിനുള്ള ഒരു സംവിധാനം പഞ്ചായത്തിൽ നിന്നുണ്ടായാൽ കായിക സാംസ്ക്കാരിക രംഗത്ത് പുതിയ മുഖമുദ്രയാവാൻ ഈ സ്ഥാപനത്തിന് കഴിയുമെന്നത് നിശ്ചയമാണ്. കൂടാതെ ഉയർന്ന നിലവാരം പുലർത്തുന്ന കായിക വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും, അവർക്ക് പ്രോത്സാഹനം നൽകുന്നതിനും സംവിധാനം ഉണ്ടാകണം.

5-9 വനിതാ ക്ഷേമം

സെമിനാർ നിർദ്ദേശങ്ങൾ

1. തൊഴിൽമേഖലകളിലും പൊതുരംഗത്തും സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുക
2. സ്വയം തൊഴിൽ പരിശീലനവും ധനസഹായവും കൊടുക്കുക.
3. തുല്യജോലിക്ക് തുല്യവേതനം ലഭ്യമാക്കുക.
4. അഗതി മന്ദിരം നിർമ്മിക്കുക.
5. സ്ത്രീ വിദ്യാഭ്യാസം നിർബന്ധമാക്കുക.
6. അശ്ലീലമായി സ്ത്രീകളെ ചിത്രീകരിക്കുന്നതിനെതിരെ ഉള്ള നിയമം പ്രാവർത്തികമാക്കുക.
7. സംവരണമേഖല സ്ത്രീകൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
8. സ്ത്രീ പീഡനത്തിനെതിരെയുള്ള നിയമങ്ങൾ കർശനമായും നടപ്പിലാക്കുക.
9. തമിഴ് മേഖലയിൽ വനിതകൾക്ക് സാക്ഷരത നിർബന്ധപ്പെടുത്തുക.
10. എല്ലാ വാർഡിലും മഹിളാസമാജം രൂപീകരിക്കുകയും അതോടൊപ്പം വാർഡുകളിൽ മഹിളാവേദികൾ സജീവമാക്കുകയും ചെയ്യുക.
11. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
12. മദ്യഷാപ്പുകൾ നിർത്തലാക്കുക, ചീട്ടുകളി, സ്ത്രീപീഡനം, സ്ത്രീധനസമ്പ്രദായം എന്നിവ കർശനമായി നിരോധിക്കുക

5-10 സഹകരണം

സെമിനാർ നിർദ്ദേശങ്ങൾ

1. വണ്ടന്മേട് പഞ്ചായത്ത് പ്രദേശങ്ങൾ പ്രവർത്തനമേഖലയാക്കി ചുവടെ ചേർക്കുന്ന സംഘങ്ങൾ കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്.
   a. സി.പി.എം.സി.എസ്. വണ്ടന്മേട്
   b. നെറ്റിത്തൊഴു കൺസ്യൂമർ സൊസൈറ്റി
   c. പുറ്റടി കൺസ്യൂമർ സൊസൈറ്റി,
   d. വണ്ടന്മേട് പഞ്ചായത്ത് സെറി കൾച്ചർ സൊസൈറ്റി,
   e. സുഗന്ധി വില്ലേജ് ഇൻഡസ്ട്രീസ് സൊസൈറ്റി
   f. മലനാട് കാർഷിക വികസന ബാങ്ക് - സബ്ഓഫീസ് നെറ്റിത്തൊഴു,
   g. കട്ടപ്പന മാർക്കറ്റിംഗ് സഹകരണസംഘം-പുറ്റടി ബ്രാഞ്ച്
   h. സ്ക്കൂൾ സഹകരണസംഘങ്ങൾ
   i. വണ്ടന്മേട് സ്പൈസസ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

നിർദ്ദേശങ്ങൾ

1. കേന്ദ്രബാങ്കിൽ നിന്നും കൂടുതൽ വായ്പകൾ കാലാകാലങ്ങളിൽ ഇവിടെ പ്രവർത്തിക്കുന്ന സഹകരണബാങ്കിൽ ലഭ്യമാക്കുക.
2. മാർക്കറ്റിംഗ് സംഘത്തിന്റെ രൂപീകരണവും കർഷകർക്ക് സഹകരണസംഘത്തിലൂടെ ഉൽപന്നങ്ങളുടെ ഈടിന്മേൽ കീ ലോൺ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യുക.
3. നിലവിലുള്ള പലസഹകരണസംഘങ്ങളും പൊതുജനപങ്കാളിത്തത്തോടെ പ്രവർത്തിക്കുന്നില്ല. അപ്രകാരമുള്ള സംഘങ്ങളെ പൊതുജന പങ്കാളിത്തമുറപ്പാക്കി പ്രവർത്തിക്കേണ്ടതുണ്ട്. അതുപോലെ തന്നെ നിർജ്ജീവാവസ്ഥയിൽ കിടക്കുന്ന സംഘങ്ങളെ സജീവമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം.
4. പുതിയതായി രൂപീകരിച്ച് പ്രവർത്തനം തുടങ്ങേണ്ട സംഘങ്ങൾ ചുവടെ ചേർക്കുന്നു.
   1. പഞ്ചായത്ത് തല മാർക്കറ്റിംഗ് സഹകരണ സംഘം.
   2. വനിതാവിവിധോദ്ദേശ സഹകരണസംഘം.
   3. സഹകരണ തേയില ഫാക്ടറി.
   4. സഹകരണ കാലിത്തീറ്റ നിർമ്മാണ ഫാക്ടറി.
   5. തൊഴിലാളി വിവിധോദ്ദേശസംഘം.
   6. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘം.
   7. ലേബർ കോൺട്രാക്ട് സഹകരണസംഘം.
   8. ഹൗസിംഗ് സൊസൈറ്റി
   9. പഴം-പച്ചക്കറി നിർമ്മാണ-വിപണന സംഘം.
   10. വ്യവസായ സഹകരണസംഘങ്ങൾ.
   11. പഞ്ചായത്ത്തല സഹകരണകോളേജ്.
5. സഹകരണബാങ്കിന്റെ ശാഘകൾ പുറ്റടി, വണ്ടന്മേട്, ചേറ്റുകുഴി, കടശ്ശിക്കടവ്, പുളിയന്മല എന്നിവിടങ്ങളിൽ സ്ഥാപിക്കുക.
6. ഭൂവികസബാങ്കിന്റെ ബ്രാഞ്ച് പഞ്ചായത്തിൽ ആരംഭിക്കുക.
7. സഹകരണബാങ്കിന്റെ മേൽനോട്ടത്തിൽ വളം, കീടനാശിനി, കാർഷികോപകരണങ്ങൾ മുതലായവ വിപണനം നടത്തുക.
8. വായ്പകൾ യഥാസമയം തിരിച്ചടക്കുന്നതിന് അംഗങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തുകയും വായ്പയുടെ പലിശ നിരക്ക് കുറയ്ക്കുന്നതിന് ധനകാര്യ ഏജൻസികളിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യുക.
9. ആകർഷകമായ നിക്ഷേപപദ്ധതികൾ തയ്യാറാക്കി നിക്ഷേപം വർദ്ധിപ്പിക്കുക.
10. സഹകരണമേഖലയിൽ അഴിമതിയും ദുർവ്യയവും അവസാനിപ്പിക്കാൻ പഞ്ചായത്ത് തല സഹകരണ മോണിറ്ററിംഗ് സെൽ രൂപീകരിക്കുക.

5-11 പട്ടികജാതി പട്ടികവർഗ്ഗ വികസനം

സെമിനാർ നിർദ്ദേശങ്ങൾ

1) നെറ്റിത്തൊഴു പട്ടികജാതി കോളനി കത്തിപ്പാറ കോളനി, ഹേമക്കടവ് ഗിരിജൻ സെറ്റിൽമെന്റ് കോളനി, ആമയാർ കണ്ടം കോളനി, ഞണ്ടാർ, നെരപ്പേൽസിറ്റി, മംഗ ലംപടി, രാജാക്കണ്ടം പട്ടികജാതി സെറ്റിൽ മെന്റ് കോളനി, ആഫ്രിക്കൻമേട് പ്രദേശം, മണിയംപെട്ടി കോളനി, മൈലാടുംപാറ കോള നി, കളരിക്കൽ കോളനി പുറ്റടി അമ്പല മേട് കോളനി, കോങ്കല്ലുമേട് കോളനി, വാഴ വീട് കോളനി, IMS കോളനി, പരിസരം പുതു മനമേട് കോളനി, കടശ്ശിക്കടവ് കോളനി, ശിവൻകോവിൽ കോളനി, മംഗലദേവി കോള നി, മേപ്പാറകോളനി, ശാസ്താംനട പഞ്ചായത്ത് നേഴ്സറിസ്ക്കൂൾ കോളനി, ഇഞ്ചരപ്പടവ് കോളനി, വാൽമേട് സെറ്റിൽമെന്റ് ഏറിയ, മേമ്മാലി പുല്ലുമേട് ഭാഗം, താഴെ മാലി ഭാഗം, വണ്ടന്മേട് പളിയക്കുടി കോളനി, വണ്ടന്മേട് സ്വാമി കോളനി ആമയാർ ശാന്തി നഗർ കോളനി, മേൽപ്പറഞ്ഞ കോളനികൾ സൗജ ന്യമായി വൈദ്യുതീകരിക്കുകയും തെരുവു വിളക്കുകൾ അടിയന്തിരമായി സ്ഥാപിക്കു കയും ചെയ്യുക.

2. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ കുടിവെള്ളം, കക്കൂസ്, ചികിൽസാസൗകര്യം എന്നിവ ഏർപ്പെടുത്തുകയും റോഡുകൾ സഞ്ചാരയോ ഗ്യമാക്കുകയും, കലുങ്കുകൾ പണിയുകയും ചെയ്യുക.

3. പട്ടികജാതി വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ഉൾപ്പെടുത്തിക്കൊണ്ട് സഹകരണതൊഴിൽ മേഖലയായി ഹോളോബ്രിക്സ് ഫാക്ടറി 1ാം വാർഡിൽ സ്ഥാപിക്കുക.

4. പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീ കളെ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്തിട്ടുള്ള ഹേമക്കടവ്, ഖാദി ഗ്രാമവ്യവസായ സഹക രണസംഘം I / 151 പുന:രുദ്ധാരണംചെയ്ത് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുകയും വിക ലാംഗ സ്ത്രീകൾക്ക് S.T.D. ബൂത്തുകൾ പ ഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ അനുവ ദിക്കുക. വണ്ടന്മേട് മദ്ധ്യഭാഗത്തായി പട്ടിക ജാതി സഹകരണസംഘങ്ങൾ സ്ഥാപിക്കു ന്നതിനുവേണ്ട സഹായസഹകരണങ്ങൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭ്യ മാക്കുക.

5. വിവിധ തൊഴിൽ പദ്ധതിയിൽപ്പെടുത്തി യുവ തീ യുവാക്കൾക്ക് സൗജന്യതൊഴിൽ പരി ശീലനം നൽകുക.

6. എല്ലാ കോളനികളിലും കമ്മ്യൂണിറ്റിഹാളുകൾ സ്ഥാപിക്കുക. കൂടാതെ വായനശാലകൾ, അംഗൻവാടികൾ എന്നിവയും സ്ഥാപിക്കു ക. എല്ലാ കോളനികളിലും നിർബന്ധമാ യും വാർത്താവിനിമയമാദ്ധ്യമമായ റ്റി.വി. സെറ്റ് നൽകുക.

8. നിലവിലുള്ള ലംസംഗ്രാന്റുകൾ, സ്റ്റൈഫന്റു കൾ എന്നിവ കൂട്ടി നൽകുക. നിർദ്ധനവി ഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കൂൾ യൂണി ഫോമുകൾ, പാഠപുസ്തകങ്ങൾ എന്നിവ സൗജന്യമായി നൽകുക.

9. പട്ടിക ജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ വർക്കും ഭവനം നിർമ്മാണത്തിന്റെ തുക വർദ്ധിപ്പിക്കുകയും വീടില്ലാത്ത എല്ലാവർക്കും വീടുവയ്ക്കുവാൻ കൃത്യമായ സർവ്വേപ്രകാരം മുൻഗണനാക്രമത്തിൽ സഹായം നൽകുക.

10. വീട് പുതുക്കുന്നതിനും ഫണ്ട് സൗജന്യമായി നൽകുവാൻ നടപടി സ്വീകരിക്കുക.

11. ഭൂരഹിതരായ പട്ടികജാതി - വർഗ്ഗത്തിൽ പ്പെട്ടവർക്ക് പുറ്റടി S.N.D.P. യ്ക്ക് എതിർ വശം കിടക്കുന്ന രണ്ട് ഏക്കർ ഭൂമി പഞ്ചാ യത്ത് ഏറ്റെടുത്ത് സൗജന്യമായി വിതരണം ചെയ്യുക. വേണ്ടത്ര ശ്രദ്ധപതിയാതെ അധ:പതിച്ചു കിടക്കുന്ന I.M.S.L.P. സ്കൂൾ പ്രവർത്തനത്തെപ്പറ്റി പഞ്ചായത്ത് അധികാ രികൾ പരിശോധിക്കുകയും എല്ലാ ന്യൂനത കളും പരിഹരിക്കുകയും ചെയ്യുക.

12. കാലാകാലങ്ങളിൽ സർക്കാർ നടപ്പിലാക്കി വരുന്ന പട്ടികജാതി വർഗ്ഗക്ഷേമപ്രവർത്തന ങ്ങൾക്കായി അനുവദിച്ചുവരുന്ന ഫണ്ട് അർഹതപ്പെട്ടവരിൽ എത്തിക്കുന്നത് ഉറപ്പു വരുത്തുന്നതിനുവേണ്ടി ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സ്വതന്ത്രമായി പ്രവർത്തിക്കുന്ന

ഒരു കമ്മറ്റി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

13. പഞ്ചായത്ത് ആഫീസിന് മുൻപിൽ Dr. അംബേദ്കറുടെ പ്രതിമ സ്ഥാപിക്കുവാൻ വേണ്ട സ്ഥലം അനുവദിക്കുക.

14. പഞ്ചായത്തിന്റെ 7-ാം വാർഡ് (സംവരണ വാർഡ്) അംബേദ്ക്കർ ഗ്രാമമായി പ്രഖ്യാപിക്കുക.

14. കോളനികളിൽ സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കുക.

15. പച്ചക്കറികൃഷി - വ്യവസായം മുതലായവ ചെയ്യുന്നതിനായി ആവശ്യമായ ഭൂമിയും സാമ്പത്തിക സഹായവും ചെയ്യുക.

16. പട്ടികജാതി - വർഗ്ഗ വികസന ബോർഡിൽ നിന്നും നൽകുന്ന സ്വയംതൊഴിൽ പദ്ധതിയിൽ സർക്കാർ ഉദ്യോഗസ്ഥ ജാമ്യം ഒഴിവാക്കി സ്വന്തജാമ്യത്തിൽ നൽകുക. കൂടാതെ

5-12 വിഭവ സമാഹരണം

പ്പെട്ടയ ജാമ്യവും ഒഴിവാക്കുക.

സെമിനാർ നിർദ്ദേശങ്ങൾ

1. വണ്ടന്മേട് പഞ്ചായത്തിൽ മൂന്നു സിനിമാ തിയേറ്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി തിയേറ്ററുകളിൽ നിന്നും പഞ്ചായത്തിന് വരുവാനുള്ള വരുമാനം കൃത്യനിഷ്ഠയായി കൃത്യമായും പിരിക്കുന്നതിന് പഞ്ചായത്തിൽ നിന്നും സംവിധാനം ഏർപ്പെടുത്തുക.
2. പഞ്ചായത്തിൽ കെട്ടിടനികുതി ഈടാക്കിയിരിക്കുന്നത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തുകയും, നിശ്ചയിക്കപ്പെട്ടിട്ടുള്ള നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുകയും ചെയ്യുക.
3. അടിസ്ഥാന നികുതി പഞ്ചായത്ത് നേരിട്ട് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
4. വിവിധ സെന്ററുകളിൽ ചെറുവാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കുകയും ടി വാഹനങ്ങളിൽ നിന്നും നിശ്ചിത തുക ഫീസായി ഈടാക്കുകയും ചെയ്യുക.
5. സ്വകാര്യ വ്യക്തികളിൽ നിന്നും പാറമടകൾ പിടിച്ചെടുത്ത് പഞ്ചായത്തിന്റെ ഭരണപരിധിക്കുള്ളിൽ വരുത്തുകയും ലൈസൻസോടുകൂടി ഫീസ് ഈടാക്കുകയും ചെയ്യുക.
6. എല്ലാ വിഭാഗം ജനങ്ങളുടെയും വിവാഹം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും രജിസ്ട്രേഷൻ ഈടാക്കുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുക.
7. എല്ലാ വിഭാഗം ഉദ്യോഗസ്ഥരിൽ നിന്നും കൃത്യമായി തൊഴിൽ നികുതി പിരിക്കുക.
8. പരസ്യനികുതി നിർബന്ധമാക്കുക.
9. മുദ്രപത്രവും സ്റ്റാമ്പും വില്ക്കുന്നതിന് പഞ്ചായത്തിന് അനുമതി കൊടുക്കുക.
10. ജനങ്ങളിൽ സമ്പാദ്യശീലം വളർത്തി എടുക്കുവാനും, കൃഷിക്കാരന്റെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് മധ്യവർത്തികൾ ഇല്ലാതെ കാർഷിക വിഭവ വിപണന സഹകരണ സംഘങ്ങൾ സ്ഥാപിക്കുവാൻ നിയമം ഉണ്ടാക്കുക.
11. പഞ്ചായത്ത് അതിർത്തിക്കുള്ളിലെ ടാക്സികൾക്ക് പെർമിറ്റ് കൊടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് നല്കുക.
12. വിവിധ സർക്കാർ ഏജൻസികൾ പിരിച്ചെടുത്ത്, പഞ്ചായത്തിനു കൈമാറുന്ന ഫണ്ടുകൾ നേരിട്ടു പിരിക്കുന്നതിനുള്ള നിയമ നിർമ്മാണം ഉടപ്പിലാക്കുക.

എന്റെ ജീവിതമാണ് എന്റെ സന്ദേശം

ഗാന്ധിജി

വിഭവസമാഹരണത്തിന് പഞ്ചായത്തുമായി സഹകരിക്കുക. പഞ്ചായത്തിന് നൽകേണ്ട വിവിധയിനം നികുതികൾ, ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക. അതുവഴി ഗ്രാമവികസനത്തിൽ പങ്കാളിയാകുക.

ജപ്തി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ ഒഴിവാക്കാൻ പഞ്ചായത്തുമായി സഹകരിക്കുക.

സമഗ്രഗ്രാമവികസനം നമ്മുടെ ലക്ഷ്യം, ഗ്രാമവികസനത്തിന് വിഭവം ആവശ്യം. വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല. ഗ്രാമവികസനത്തിന്റെ ചാലകശക്തി പഞ്ചായത്തുകളുടെ സമ്പത്താണ്.


IDUKKI



* അധികാരവികേന്ദ്രീകരണംവഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം

* ഒൻപതാം പദ്ധതി ജനകീയപദ്ധതി

* 40 % പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്

* വികസന പ്രക്രിയ അഴിമതിരഹിതമാകുന്നു

അധികാരം ജനങ്ങൾക്ക്

ബഹുജനസഹകരണം അനിവാര്യം